# എഡിറ്റോറിയൽ

# മൈക്കൽ മോളിനോസ്



**"ഗു**ഡ് ബൈ. അന്ത്യന്യായവിധി ദിവസത്തിൽ നാം തമ്മിൽ വീണ്ടും കാണും. സത്യം എന്റെ പക്ഷത്തായിരുന്നോ നിങ്ങളുടെ പക്ഷത്തായിരുന്നോ എന്ന് അന്നു നമുക്കു കാണാം."

ഒരു തടവുപുള്ളിയുടേതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്ന അവസാനവാക്കുകൾ!

മൈക്കൽ മോളിനോസ് എന്നാണ് ആ തടവുകാരന്റെ പേര്. വർഷം 1687.

യഥാർത്ഥക്രിസ്തീയത ബാഹ്യമായ പ്രവൃത്തികൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അപ്പുറത്ത് ഏറെ ആന്തരികമായ ഒന്നാണെന്ന തന്റെ ബോധ്യത്തിനു വേണ്ടി ജീവിതം തന്നെ ബലികൊടുക്കേണ്ടിവന്ന, ശ്രദ്ധേയനായ ക്രിസ്തീയമിസ്റ്റിക്കായിരുന്നു മൈക്കൽ മോളിനോസ്.

സ്പെയിനിലെ സരഗോസ എന്ന സ്ഥലത്ത് 1627 ലാണ് മൈക്കൽ ഡി മോളിനോസ് ജനിച്ചത്. പഠനത്തിനുശേഷം അദ്ദേഹം ഒരു പുരോഹിതനായി റോമിലേക്കു പോയി. സംഘടിതമതത്തിന്റെ ചട്ടക്കൂടുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുമ്പോഴാണ് മോളിനോസിനു യഥാർത്ഥ ദൈവവഴികളെക്കുറിച്ച് ബോധ്യം ലഭിക്കുന്നതും അദ്ദേഹം ഒരു ക്രിസ്തീയമിസ്റ്റിക്കായി മാറുന്നതും. ഇവിടെ ഒരു സംശയം വരാം. ക്രിസ്തീയമിസ്റ്റിക് എന്നുപറഞ്ഞാൽ ആരാണ്? മിസ്റ്റിസിസം (Mysticism)എന്നു പറഞ്ഞാൽ എന്താണ്?

ഫോർമലിസ (Formalism) ത്തിനു നേരേ എതിരാണ് മിസ്റ്റിസിസം എന്ന് എളുപ്പത്തിൽ പറയാം. അപ്പോൾ എന്താണു ഫോർമലിസം? ഇത് ഇങ്ങനെ വിശദീകരിക്കാം:യഥാർത്ഥക്രിസ്തീയ വിശ്വാസം ക്രമേണക്രിസ്തുമതമായി മാറിയപ്പോൾ വിശ്വാസത്തിന്റെ അകക്കാമ്പിനുചുറ്റും മതപരമായ ഒരു ചട്ടക്കൂട് രൂപപ്പെട്ടുവന്നു. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയുടെ ഈ ബാഹ്യമായ ചട്ടക്കൂടാണ് (Form)പ്രധാനം എന്നു കരുതുന്നവരാണു ഫോർമലിസ്റ്റുകൾ. എന്നാൽ ഇതിനെതിരായി, കാണാവുന്നതിന് അപ്പുറത്തുള്ള ആന്തരികമായ വിശ്വാസത്തിന്റെ അന്തർധാരയാണു പ്രധാനം എന്നു ബോധ്യം ഉള്ളവരാണു ക്രിസ്തീയമിസ്റ്റിക്കുകൾ. ക്രിസ്തുവിൽ അധിഷ്ഠിതമായ ലളിതമായ വിശ്വാസത്തിന്റെ പ്രണേതാക്കളും പ്രചാരകരുമായിരുന്നു അവർ. ഫോർമലിസ്റ്റുകളും മിസ്റ്റിക്കുകളും എന്നും ആശയപരമായി വിരുദ്ധധ്രുവങ്ങളിലായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ യഥാർത്ഥആന്തരികവിശ്വാസത്തിനുവേണ്ടി ഫോർമലിസ്റ്റുകളോട് ഏറ്റുമുട്ടിശ്രദ്ധേയരായ രണ്ടുപേരുണ്ടായിരുന്നു. ഒന്ന് ഫ്രാൻസിലെ ബിഷപ്പ് ഫെനലൻ. രണ്ട്: ഫ്രഞ്ചുകാരിതന്നെയായ പ്രശസ്തവനിതാ രത്നം മാഡം ഗയോൺ. മൈക്കൽ മോളിനോസും ക്രിസ്തീയബോധ്യങ്ങളുടെ കാര്യത്തിൽ ഇവരോടൊപ്പം നിലയുറപ്പിച്ചു.

'ദൈവമാണ് എല്ലാറ്റിനും എല്ലാം' 'ആരാധകൻ അവന്റെ ആന്തരികമനുഷ്യനെ എപ്പോഴും ദൈവസന്നിധിയിലേക്കു കൊണ്ടുവരണം' എന്നിങ്ങനെ മിസ്റ്റിക്കുകൾക്കു പൊതുവായുള്ള ആശയങ്ങൾക്കു പുറമേ 'ജീവിതം എന്നു പറയുന്നത് ദൈവത്തോടുള്ള വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും നിരന്തരമായ ഒരൊറ്റ പ്രവൃത്തിയാണ്. അതു ആത്മികമെന്നും ഭൗതികമെന്നും രണ്ടായി മുറിഞ്ഞുകിടക്കരുത്' എന്ന ചിന്തയും മോളിനോസിനുണ്ടായിരുന്നു. അദ്ദേഹം ആത്മീയത ആന്തരികമാണ് എന്ന തന്റെ ബോധ്യം സ്ഥാപിച്ചുകൊണ്ട് 'സ്പിരിച്ചൽഗൈഡ്' എന്നൊരു പുസ്തകം എഴുതി. 1675 ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന്റെ ഇരുപതു വ്യത്യസ്തപതിപ്പുകൾ ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനിഷ്, ലാറ്റിൻ ഭാഷകളിൽ ആറുവർഷം കൊണ്ടു പുറത്തിറങ്ങി. 'സ്പിരിച്ചൽഗൈഡിന്' വലിയ സ്വീകരണമാണു സാധാരണവിശ്വാസികളിൽ നിന്നു ലഭിച്ചത്. പക്ഷേ ബാഹ്യമായ ചട്ടക്കൂടിന് അപ്പുറം ആന്തരികമായ ആത്മീയതയ്ക്കു ഊന്നൽ നൽകുന്ന ഈ ഗ്രന്ഥം സംഘടിതമതത്തിന്റെ അടിത്തറ ഇളക്കുന്നതാണെന്നു മതനേതൃത്വം വേഗം തിരിച്ചറിഞ്ഞു. അവർ മൈക്കൽ മോളിനോസിനെ 1685 ജൂലൈ 18 ന് ദുരുപദേശക്കാരൻ എന്നു മുദ്രകുത്തി അറസ്റ്റു ചെയ്ത് മതദ്രോഹവിചാരണക്കോടതിക്കു മുൻപാകെ ഹാജരാക്കി. 1687 ൽ വിചാരണപൂർത്തിയായി വിധി വന്നു- സ്പിരിച്ചൽഗൈഡിന്റെ എല്ലാ പ്രതികളും കണ്ടെടുത്ത് തീക്കിരയാക്കുക, മൈക്കൽ മോളിനോസിനെ മരണം വരെ ഏകാന്തത്തടവിൽ അടയ്ക്കുക.

മോളിനോസിനെ അവസാനമായി ബാഹ്യലോകം കാണുന്നത് അദ്ദേഹത്തെ ഏകാന്തസെല്ലിൽ അടയ്ക്കുന്ന സമയത്താണ്. അന്ന് അദ്ദേഹം തടവുമുറിയിലേക്ക് കാലെടുത്തു വച്ചിട്ട് തിരിഞ്ഞുനോക്കി തന്നെ ഏകാന്തത്തടവറയിൽ എന്നെന്നേക്കുമായി അടച്ചുപൂട്ടാൻ വന്ന അധികാരിയുടെ മുഖത്തുനോക്കി നിർഭയനായി പറഞ്ഞ വാക്കുകളാണ് ഈ കുറിപ്പിന്റെ തുടക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അന്ത്യന്യായവിധിദിനത്തിൽ തന്റെ നിലപാടാണു ശരിയെന്ന് വെളിപ്പെടും എന്ന വിശ്വാസപ്രഖ്യാപനത്തോടെ അദ്ദേഹം ഉറച്ചകാൽവയ്പ്പുകളോടെ തടവറയ്ക്കുള്ളിലേക്കു നടന്നുപോയി. പത്തുവർഷം തടവിൽ കഴിഞ്ഞ മോളിനോസ് 1697 ഡിസംബറിൽ അവിടെത്തന്നെ അന്തരിച്ചു. യാദൃച്ഛികമെന്നു പറയട്ടെ, ഇതേവർഷം തന്നെയാണ് മോളിനോസിന്റെ ചിന്തകൾ പങ്കിട്ട ഫ്രാൻസിലെ ഫെനലനെയും മതമേധാവികൾ വിചാരണചെയ്ത് അഗ്നിക്കിരയാക്കിയത്. മോളിനോസിന്റെയും ഫെനലന്റേയും വിശ്വാസത്തിനുവേണ്ടിയുള്ള ജീവത്യാഗങ്ങൾ കഴിഞ്ഞിട്ട് കൃത്യം ഇപ്പോൾ 310 വർഷം പൂർത്തിയാകുകയാണ്. (അവർ ഇരുവരുടേയും കുറിപ്പുകൾ ഈ ലക്കത്തിൽ ചേർത്തിരിക്കുന്നു)

ഇന്ന് മോളിനോസിന്റെയും ഫെനലന്റേയും മാഡം ഗയോണിന്റേയും പ്രസക്തി എന്താണ്? അവരുടെ നിലപാടുകൾ പാഴായില്ലെന്നും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറത്ത് വിശ്വാസത്തിന്റെ അന്തർധാരയ്ക്കു ഇന്ന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും തങ്ങൾ ആ വിശ്വാസം പിന്തുടരുന്നവരാണെന്നും സുവിശേഷവിഹിതക്രിസ്ത്യാനികൾ ഇന്ന് അവകാശപ്പെട്ടേക്കാം. എന്നാൽ വാസ്തവം എന്താണ്? അത്തരം സഭകൾ പോലും തങ്ങളുടേതായ രീതികളുടേയും സമ്പ്രദായങ്ങളുടേയും ഒരു ബാഹ്യമായ ചട്ടക്കൂട്ടിൽ അഭിരമിക്കുകയല്ലേ ഇന്നു ചെയ്യുന്നത്? അവർ വിശ്വസിക്കുന്ന സത്യങ്ങളും ഉപദേശങ്ങളും തന്നെ അവർക്കൊരു ചട്ടക്കൂടായി തീർന്നിരിക്കുന്നു! സത്യത്തിൽ ക്രിസ്തീയതയുടെ യഥാർത്ഥസത്ത യേശുവിന്റെ ജീവിതവും അതിനെ പ്രായോഗികതലത്തിൽ പിൻപറ്റുവാനുള്ള സാധ്യതയുമാണ്. പക്ഷേ ഇന്നതിൽ ആർക്കാണു താത്പര്യം?

യേശു തന്നെ ചെയ്തത് ആത്മീയതയെ കൂടുതൽ ആന്തരികമാക്കുകയാണ്. 'ന്യായപ്രമാണത്തിൽ ഇങ്ങനെ നിങ്ങൾ വായിച്ചിട്ടുണ്ടല്ലോ ഞാനോ നിങ്ങളോടു പറയുന്നത്' എന്നു പറഞ്ഞ് അവിടുന്ന് ഗിരിപ്രഭാഷണത്തിൽ പഴയനിയമത്തിലെ ഒരോകല്പനയെയും ബാഹ്യമായ ഒരു തലത്തിൽ നിന്ന് ആന്തരികമായ ഒരു തലത്തിലേക്ക് കൊണ്ടുവരുന്നത് നമുക്ക് കാണാം. (മത്തായി 5:21,22; 27, 28;33-37) തുടങ്ങിയ


**(ശേഷം പേജ് 17 ൽ)**

# ആത്മീയവരൾച്ചയുടെ പ്രയോജനം

മൈക്കൽ മോളിനോസ്

**ദൈവം** തന്റെ മക്കൾക്ക് രണ്ടുരീതിയിലുള്ള ആത്മീയാനുഭവങ്ങൾ നൽകുന്നുണ്ട്- ഒന്ന് മൃദുവും, സന്തോഷപ്രദവും, സ്നേഹഭരിതവുമാണ്. മറ്റേത് വരണ്ടതും, ഇരുൾ മൂടിയതും, ശൂന്യവും. ഒന്നാമത്തേത് നമ്മെ അവനുവേണ്ടി നേടേണ്ടതിനും, രണ്ടാമത്തേത് നമ്മെ ശുദ്ധീകരിച്ച് അവനിൽ തികഞ്ഞവരാക്കുന്നതിനും വേണ്ടിയാണ്.

ക്രിസ്തീയജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ അവിടുന്നു നമ്മോട് ശിശുക്കളോടെന്നപോലെയും, രണ്ടാം ഘട്ടത്തിൽ മുതിർന്നവരോടെന്നപോലെയും ഇടപെടുന്നു. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭസമയങ്ങളിൽ ദൈവത്തിന്റെ ഇടപെടലുകൾ ധാരാളം അനുഭൂതികളും, അനുഭവങ്ങളും നൽകുന്നതാണ്. മിക്കപ്പോഴും നമ്മൾ ഈ പുറമേയുള്ള അനുഭവാനുഭൂതികളിൽ ആകൃഷ്ടരായിത്തീരുകയും അവയെ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ രണ്ടാംഘട്ടത്തിലാകട്ടെ ദൈവത്തിന്റെ ഇടപെടലുകൾ പ്രത്യേകതരത്തിലാണ്. ഈ ഘട്ടത്തിൽ പുറമേയുള്ള അനുഭവാനുഭൂതികളെ വിട്ട്



**വരൾച്ചയുടെ സമയങ്ങളിൽ ദൈവം ഒരു തിരശ്ശീലയ്ക്കപ്പുറത്തുനിൽക്കുന്നതുപോലെ തോന്നുകയും അവിടുന്ന് എന്താണ് ചെയ്യുന്നതെന്ന് നമുക്ക് മനസ്സിലാകാതിരിക്കുകയും ചെയ്യുന്നു.**

നാം നമ്മുടെ മോഹങ്ങൾക്കും തോന്ന ലുകൾക്കുമെതിരായി പോരാട്ടത്തിൽ ആയിരിക്കും. തൽഫലമായി നമ്മുടെ ഇച്ഛ ദൈവഹിതത്തോടു പൂർണ്ണമായി ഏകീഭവിച്ചു വരുന്നു. ദൈവത്തിന്റെ ഈ പ്രവൃത്തിയാണു നാം പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കേണ്ടത്.

വരൾച്ചയുടെ സമയങ്ങൾ ദൈവം നമ്മുടെ നന്മയ്ക്കുവേണ്ടിയാണ് അനു വദിക്കുന്നത്. അപ്രകാരമുള്ള സമയങ്ങ ളിൽ നമ്മുടെ പ്രാണനിൽ സന്തോഷ മില്ലാതെയാവുന്നു. ഈ ഘട്ടത്തിൽ സംഭവിക്കാവുന്ന അപകടം പ്രാർത്ഥനാജീവിതം നിലയ്ക്കുകയും ദൈവത്തോടുകൂടെയുള്ള നടപ്പ് ഇല്ലാ താവുകയും ചെയ്യുന്നു എന്നതാണ്. ഈ സമയത്തു നാം ചെയ്യേണ്ട കാര്യം നമ്മുടെ തോന്നലുകളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കാൻ ദൈവത്തോ ടപേക്ഷിക്കുകയാണ്.

ഇപ്രകാരമുള്ള വരൾച്ചയുടെ സമ യങ്ങളിൽ ദൈവം ഒരു തിരശ്ശീലയ്ക്ക പ്പുറത്തുനിൽക്കുന്നതുപോലെ തോന്നു കയും അവിടുന്ന് എന്താണ് ചെയ്യുന്ന തെന്ന് നമുക്ക് മനസ്സിലാകാതിരിക്കു കയും ചെയ്യുന്നു. ദൈവത്തിന്റെ പ്രവൃത്തികൾ (അവിടുന്ന് പുറമെയുള്ള മനുഷ്യനിലും, അകമെയുള്ള മനുഷ്യ നിലും ചെയ്യുന്നവ) മുഴുവനും നമുക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞാൽ നാം ദൈവത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നുവെന്നും നമ്മുടെ വഴി കൾക്ക് തിരുത്തൽ ആവശ്യമില്ലെന്നും ചിന്തിച്ചേക്കാം. ഇപ്രകാരമുള്ള നിഗമ നങ്ങൾ നമ്മെ നശിപ്പിക്കുകയും, ആത്മീയ ഉന്നതഭാവത്തിലേക്ക് നയി ക്കുകയും ചെയ്യാം. അതുകൊണ്ടാണു ദൈവം താൻ ചെയ്യുന്ന പ്രവൃത്തികൾ ഇവിടെ നമ്മെ പൂർണ്ണമായി കാണിക്കാ തെയിരിക്കുന്നത്.

ആഴമുള്ള ക്രിസ്തീയജീവിതത്തി ലേക്ക് പ്രവേശിക്കുന്നതിന് നാം നമ്മുടെ പരിതഃസ്ഥിതികളിൽനിന്നും, തോന്നലുകളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കേണ്ടത് അത്യാവശ്യമാണ്. വരൾച്ചയുടെ സമയങ്ങളിലാണ് ദൈവം ഈ പ്രവൃത്തി ചെയ്തെടുക്കു ന്നത്. ഇവിടെ മരുഭൂമി നമുക്കൊരു നിത്യലാഭമായിത്തീരുന്നു!

മരുഭൂമിയുടെ ഈ സമയങ്ങളിൽ തുടർമാനമായി ദൈവത്തെ അന്വേഷി ച്ചാൽ നമുക്ക് എന്തു ഫലമാണ് ലഭി ക്കുക?

ഒന്നാമതായി നാം ക്ഷമയും സഹി ഷ്ണുതയും പഠിക്കുന്നു. തന്മൂലം അല്പാല്പമായി ലോകത്തോട് നമുക്ക് താൽപര്യം കുറഞ്ഞുവരികയും നമ്മുടെ ജഡമോഹങ്ങൾക്ക് ശക്തികു റയുകയും ചെയ്യുന്നു. അതിന്റെ സ്ഥാനത്ത് ദൈവത്തിങ്കലേയ്ക്ക് നയി ക്കുന്ന പുതിയ ആഗ്രഹങ്ങൾ നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നിന്നും ഉയർന്നു വരു ന്നു. മുമ്പെങ്ങുമില്ലാത്തതായ ഒരു ആത്മീയ താൽപര്യം സ്വർഗീയകാര്യ ങ്ങളോട് ഉളവാകുന്നു.

നാം പാപം ചെയ്യുന്നതിന്റെ വക്ക ത്തെത്തുമ്പോൾ നമ്മുടെ ഉള്ളിൽ ഒരു മുന്നറിയിപ്പ് ലഭിക്കുകയും അതു നമ്മെ നാം ചെയ്യുവാൻ ഉദ്ദേശിച്ച കാര്യത്തിൽ നിന്ന് പിൻതിരിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന സാഹചര്യങ്ങളേയും സംഭാഷണങ്ങ ളേയും അതുപോലുള്ള മറ്റെല്ലാറ്റി നേയും വിട്ടോടുവാൻ വരൾച്ചയുടെ ഘട്ടം നമ്മെ സഹായിക്കും. ലൗകിക സുഖങ്ങളോടുള്ള നമ്മുടെ താൽപര്യം മുറിച്ചുമാറ്റപ്പെടുകയും മുൻകാലങ്ങ ളിൽ നമ്മുടെ മനഃസാക്ഷിയെ ശല്യപ്പെ ടുത്താതിരുന്ന പലതിനേയും ഉപേക്ഷി ക്കുവാൻ നാം തുടങ്ങുകയും ചെയ്യു ന്നു.

ചെറിയ ഒരു തെറ്റുപോലും മനഃ സാക്ഷിയുടെ ശക്തമായ ആക്ഷേപ ത്തിന് വിധേയമാവുന്നു. നാം സാവ ധാനത്തിൽ ദൈവഹിതം ചെയ്യുന്നതി

*(ശേഷം പേജ് 30 ൽ)*



**ചിന്തയ്ക്ക്**

# പ്രാർത്ഥനയുടെ ആകെത്തുക

ഫെനലൻ

**ദൈ**വത്തോടുള്ള സ്നേഹത്തിന്റെ മറ്റൊരു പേരാണ് പ്രാർത്ഥന. ചോദി ക്കുന്നതിനു മുൻപേ നമ്മുടെ ആവശ്യ ങ്ങൾ പിതാവ് അറിയുന്നതുകൊണ്ട് വാക്കുകളുടെ പെരുപ്പത്തിലല്ല പ്രാർത്ഥ നയുടെ മഹത്ത്വം കുടികൊള്ളുന്നത്. യഥാർത്ഥപ്രാർത്ഥന ഹൃദയ ത്തിൽനിന്നുള്ളതാണ്. ഹൃദയമാകട്ടെ അതു വാഞ്ഛിക്കുന്നതുമാത്രമേ പ്രാർത്ഥിക്കുകയുള്ളൂ. അപ്പോൾ പ്രാർത്ഥിക്കുക എന്നു പറയുന്നത് നാം എന്തു വാഞ്ഛിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ അതുതന്നെ വാഞ്ഛിക്കുന്നതാണ്. തന്റെ ഹൃദയ ത്തിന്റെ അടിത്തട്ടിൽ ആഗ്രഹിക്കാ ത്തതു ചോദിക്കുന്ന ഒരുവൻ പ്രാർത്ഥ നയെക്കുറിച്ചു മിഥ്യാധാരണ പുലർത്തു ന്നവനാണ്. നിരവധി മണിക്കൂറുകൾ 'പ്രാർത്ഥന'യിലും ധ്യാനത്തിലും ചെല വഴിച്ചാലും താൻ ചോദിക്കുന്ന ഒന്നി നായി ഒരുവന് ഹൃദയപൂർവ്വം ആഗ്ര ഹമില്ലെങ്കിൽ അവൻ യഥാർത്ഥത്തിൽ ഒരുനിമിഷംപോലും പ്രാർത്ഥിച്ചിട്ടില്ലെ ന്നുവേണം കരുതാൻ.

യഥാർത്ഥമായ അർത്ഥത്തിൽ പ്രാർത്ഥിക്കുന്നവർ നന്നെ ചുരുക്കമാ ണ്. വാസ്തവത്തിൽ നന്മയായതിനു വേണ്ടി വാഞ്ഛിക്കുന്നവരുടെ എണ്ണം പരിമിതമാണ് എന്നതുതന്നെ കാരണം. ക്ലേശങ്ങൾ, മാനഹാനി, ആന്തരികമായ ഗർവ്വഭംഗം, സ്വയേച്ഛയുടെ ഉപേക്ഷ ണം, സ്വയത്തിന്റെ മരണം, സ്വയസ്നേ ഹത്തിന്റെ തകർച്ചയുടെ മേൽ ദൈവ സിംഹാസനത്തിന്റെ സ്ഥാപനം ഇവ യെല്ലാമാണു വാസ്തവത്തിൽ നന്മയാ യിട്ടുള്ളത്. ഇവയെ കേവലം വാഞ്ഛി ക്കുന്നതല്ല പ്രാർത്ഥന. മറിച്ച് ഗൗരവ ത്തോടും, സുബോധത്തോടും, ജീവി തത്തിന്റെ എല്ലാ മേഖലകളോടു ബന്ധ പ്പെടുത്തിയും നിരന്തരം വാഞ്ഛിക്കു ന്നതാണ് യഥാർത്ഥപ്രാർത്ഥന. ഇവയെ ആഗ്രഹിക്കാതെ താൻ പ്രാർത്ഥിക്കുന്നു എന്നൊരുവൻ നിരൂ പിച്ചാൽ അതു മിഥ്യാധാരണയാണ്. സ്വയസ്നേഹത്താൽ നിറയപ്പെട്ട പലരും തങ്ങൾ പൂർണ്ണതയ്ക്കായി വാഞ്ഛിക്കുന്നു എന്നാണ് സങ്കല്പി ക്കുന്നത്. എന്നാൽ അവർ വാസ്തവ ത്തിലുള്ള ഹൃദയത്തിന്റെ പ്രാർത്ഥന ഒരിക്കലും യഥാർത്ഥത്തിൽ പ്രാർത്ഥി ക്കുന്നില്ല!

അതേസമയം, യഥാർത്ഥ ദൈവസ്നേ ഹവും വാഞ്ഛയും കുടികൊള്ളുന്ന ഒരു ഹൃദയം ഒരിക്കലും പ്രാർത്ഥന അവസാനിപ്പിക്കുകയില്ല. മനസ്സ് മറ്റു കാര്യങ്ങളിൽ വ്യാപൃതമായിരുന്നാലും ആത്മാവിന്റെ അടിത്തട്ടിൽ മറഞ്ഞുകി ടക്കുന്ന സ്നേഹം നിർത്താതെ പ്രാർത്ഥിച്ചു കൊണ്ടിരിക്കും. ആത്മാ വിലുള്ള വാഞ്ഛയെ (ദൈവം തന്നെ യാണ് അതവിടെ നിക്ഷേപിച്ചത്) ദൈവം നിരന്തരം കാണുന്നുണ്ട്. പല പ്പോഴും ആ വാഞ്ഛ അവിടെ ഉണ്ടെന്ന് ഹൃദയം പോലും അറിയുന്നു ണ്ടാവില്ല. ഇങ്ങനെയാണ് ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണനിന്നു കൊണ്ട് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങ ളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നത്. (റോമ.8:26).

നമുക്ക് ആവശ്യമുള്ളതു ദൈവം തന്റെ സ്നേഹത്തിൽ നമുക്കു തരു

*(ശേഷം പേജ് 27 ൽ)*

അനുഭവം

# മുന്നോട്ടു നോക്കുമ്പോൾ....

സാക്പുന്നൻ




**തി**കഞ്ഞ ആത്മവിശ്വാസത്തോടെയാണ് ഞാൻ ഭാവിയെ അഭിമുഖീകരിക്കുന്നത്. കാരണം എനിക്ക് അജ്ഞാതമായ കാര്യങ്ങൾ എന്റെ സ്വർഗ്ഗീയപിതാവ് പൂർണ്ണമായി അറിയുന്നു. ഞാൻ ഭാവിയിൽ നേരിടാൻ പോകുന്ന എല്ലാ സാഹചര്യങ്ങളെയും കണക്കിലെടുത്തിട്ടാണ് എന്റെ ഭാവിജീവിതത്തിന്റെയും ശുശ്രൂഷയുടെയും വിശദാംശങ്ങൾ ദൈവം ആസൂത്രണം ചെയ്തിരിക്കുന്നത്. അവിടുന്ന് ദൈവം ആകയാൽ ഒന്നും തന്നെ അവിടുത്തേക്ക് ആശ്ചര്യം ഉളവാക്കുന്നില്ല. എന്റെ ഏക താല്പര്യം ദൈവത്തെ പ്രസാദിപ്പിക്കയും മഹത്വീകരിക്കയും ചെയ്യുക എന്നതാണ്. തന്മൂലം ഭാവിയെപ്പറ്റി എനിക്ക് ഭയാശങ്കകൾ ഒട്ടുംതന്നെയില്ല.

ബൈബിളിൽ നിന്നു ദൈവം എന്നെ ഗ്രഹിപ്പിച്ച ഏറ്റവും മഹത്തായസത്യം അവിടുന്ന് യേശുവിനെ സ്നേഹിച്ചതുപോലെ എന്നെയും സ്നേഹിക്കുന്നു എന്നുള്ളതാണ് (യോഹ. 17:23). യേശുവിനുവേണ്ടി അവിടുന്ന് കരുതിയതുപോലെ എനിക്കുവേണ്ടിയും കരുതുന്നു. ജനനം മുതൽ മരണം വരെ എല്ലാ വിശദാംശങ്ങളും യേശുവിന്റെ ഇഹലോകജീവിതത്തിൽ മുന്നമേ തയ്യാറാക്കിയിരുന്നു എന്നതാണ് സത്യം. എന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളവും ഇതേവിധത്തിൽ എല്ലാ കാര്യങ്ങളും ദൈവികാസൂത്രണത്തിൽ ആണ്. "ഞാൻ ജനിക്കുന്നതിനുമുമ്പേ ദൈവം എന്നെ കണ്ടു. ഞാൻ ശ്വാസം എടുക്കാൻ തുടങ്ങുംമുമ്പുതന്നെ എന്റെ ജീവിതത്തിലെ ഓരോ ദിവസവും നിശ്ചയിക്കപ്പെട്ടുകഴിഞ്ഞിരുന്നു. എല്ലാദിവസവും അവിടുത്തെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. ദൈവം എന്നെപ്പറ്റി ഇത്രയധികം കരുതുന്നു എന്ന് ഗ്രഹിക്കുന്നത് എത്ര വിലയേറിയ കാര്യമാണ്! (സങ്കീ.139:16,17 പരിഭാഷ).

ശലോമോന്റെ ഉത്തമഗീതത്തിൽ വിവരിക്കുന്ന വിധത്തിൽ എന്റെ കർത്താവുമായി എനിക്കുള്ള ബന്ധം മണവാട്ടിക്ക് മണവാളനോടുള്ളബന്ധമാണ്. ഇത് വളരെ വ്യക്തിപരവും, സുദൃഢവും സ്നേഹനിർഭരവുമായ ബന്ധമാണ്. എന്റെ പ്രാണപ്രിയന്റെ മേൽ ചാരിക്കൊണ്ടാണ് ഞാൻ ജീവിതം നയിക്കുന്നത്. (ഉത്തമഗീതം 8:5). എന്റെ ക്രിസ്തീയശുശ്രൂഷയുടെ സ്രോതസ്സ് ഈ ആത്മബന്ധമാണ്. ഈ ലോകത്തിന്റെ വിളഭൂമിയിലേക്ക് കൊയ്ത്തിനായി കർത്താവും ഞാനും ഒരുമിച്ചാണ് പോകുന്നത് (ഉത്തമഗീതം 7:11,12). കർത്താവ് എന്നെ നയിക്കാത്ത ഒരിടത്തേക്കും പോകാൻ എനിക്ക് താൽപര്യമില്ല. "കർത്താവേ, അവിടുന്ന്



മുമ്പേ പോയി വഴി കാണിക്കുക" എന്നാണ് ഞാൻ പറയുന്നത്. "അവിടുന്ന് മുമ്പേ പോയാലും; ഞാൻ അനുഗമിക്കാം. എവിടെപ്പോകണം എന്ന് ഒരിക്കലും ഞാൻ സ്വയമായി തീരുമാനിക്കയില്ല. എന്തു പ്രസംഗിക്കണം എന്ന് അങ്ങ് പറയുന്നോ അതുതന്നേ ഞാൻ പ്രസംഗിക്കാം", ഇതാണെന്റെ മനോഭാവം. ഈ വിധത്തിലത്രേ കഴിഞ്ഞ ദീർഘവർഷങ്ങൾ ഞാൻ കർത്താവിനെ സേവിച്ചത്.

എന്റെ ക്രിസ്തീയശുശ്രൂഷ ഒരിക്കലും എനിക്കൊരു ഭാരമായിരുന്നില്ല. എന്തിനെയെങ്കിലുംകുറിച്ചോ ആരേയെങ്കിലുംകുറിച്ചോ (എന്നെ വഞ്ചിക്കയും തേജോവധം ചെയ്യുകയും എനിക്ക് ദോഷം ചെയ്യാൻ നിരൂപിക്കയും ചെയ്തവരെക്കുറിച്ചുപോലും) എനിക്ക് യാതൊരുവിധ പരാതികളുമില്ല. എന്റെ രക്ഷകൻ അവരെ സ്നേഹിക്കുന്നതിനാൽ ഞാനും അവരെയെല്ലാം സ്നേഹിക്കുന്നു. "അവർ ചെയ്യുന്നത് എന്താണെന്ന് അറിയായ്കയാൽ അവരോട് ക്ഷമിക്കേണമേ" എന്ന് പറഞ്ഞ് അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവ് എന്നെ പഠിപ്പിച്ചിട്ടുണ്ട്. എന്റെ കാലഗതികൾ കർത്താവിന്റെ കൈയിൽ ഇരിക്കുന്നു. തന്റെ നാഴിക വന്നിട്ടില്ലാത്തതിനാൽ മറ്റുള്ളവർക്ക് യേശുവിനെ ഉപദ്രവിക്കാനോ ബന്ധിക്കുവാനോ കഴിഞ്ഞില്ല എന്ന് തിരുവചനം പറയുന്നല്ലോ (യോഹ.7:30, 8:20). എന്റെ നാഴിക വരാതെ ഒരു വ്യക്തിക്കോ ഒരു സംഭവത്തിനോ എനിക്ക് ദോഷം ചെയ്യാൻ കഴികയില്ല. എന്റെ സ്വർഗ്ഗീയപിതാവാണ് ആ നാഴിക നിർണ്ണയിക്കുന്നത്!

എനിക്ക് അതിജീവിക്കാൻ കഴിയുന്നതിനുമീതെ എന്നെ ബുദ്ധിമുട്ടിക്കുവാൻ ദൈവം പിശാചിനെ ഒരിക്കലും അനുവദിച്ചിട്ടില്ല. (1കൊരി.10:13) ദൈവം ആദ്യം എന്നെ 'കാലാളുകളോടുകൂടി' ഓടിച്ചതിനുശേഷം മാത്രമേ 'കുതിരകളോടുകൂടെ' ഓടാൻ അനുവദിച്ചിട്ടുള്ളൂ (യിരെമ്യാ 12:5). ഞാൻ ദൈവകൃപയാൽ അഭിമുഖീകരിക്കയും ജയിക്കുകയും ചെയ്ത എല്ലാ ശോധനകളും എന്നെ കൂടുതൽ ശക്തനാക്കുകമാത്രമേ ചെയ്തിട്ടുള്ളൂ. കൂടുതൽ ശക്തമായ പരീക്ഷകളെ നേരിടാൻ ഈവിധം ഞാൻ ഒരുക്കപ്പെടുകയായിരുന്നു. എന്റെ ക്രിസ്തീയനടപ്പ് ഒരു പഠനക്കളരിയായിരുന്നു-ഓരോ പരീക്ഷയും ദൈവം എനിക്ക് ക്ലാസ്സ് കയറ്റം നൽകാനുള്ള സന്ദർഭമായിരുന്നു! ഇതുവരെ ഞാൻ അഭിമുഖീകരിച്ച എല്ലാ സാഹചര്യങ്ങളിലും ദൈവകൃപ തികച്ചും പര്യാപ്തമായിരുന്നു. ഭാവിയിലും അപ്രകാരം തന്നെ ആയിരിക്കും. അങ്ങനെ ഭൂമിയിലുള്ള എന്റെ ആത്മീയാഭ്യസനം പൂർത്തിയാക്കാൻ ഇടയാകും.

**ബൈബിളിൽ നിന്നു ദൈവം എന്നെ ഗ്രഹിപ്പിച്ച ഏറ്റവും മഹത്തായസത്യം അവിടുന്ന് യേശുവിനെ സ്നേഹിച്ചതുപോലെ എന്നെയും സ്നേഹിക്കുന്നു എന്നുള്ളതാണ്. യേശുവിനുവേണ്ടി അവിടുന്ന് കരുതിയതുപോലെ എനിക്കുവേണ്ടിയും കരുതുന്നു. ജനനം മുതൽ മരണം വരെ എല്ലാ വിശദാംശങ്ങളും യേശുവിന്റെ ഇഹലോകജീവിതത്തിൽ മുന്നമേ തയ്യാറാക്കിയിരുന്നു എന്നതാണ്**

കർത്താവ് തന്റെ ശരീരമാം സഭയിൽ ഒരു പ്രത്യേക ശുശ്രൂഷയാണ് എനിക്ക് നൽകിയിരിക്കുന്നത്. മറ്റുള്ളവർ പൊതുവേ പ്രസംഗിക്കാത്ത തിരുവചനസത്യങ്ങൾ പ്രഘോഷിക്കുവാനും, ക്രൈസ്തവഗോളത്തിൽ കണ്ടുവരുന്ന തിരുവചനവിരുദ്ധവും അക്രൈസ്തവവുമായ പരിചയങ്ങളെ തുറന്നുകാട്ടുവാനും ഉള്ളതാണ് പ്രാഥമിക

**എന്റെ ക്രിസ്തീയശുശ്രൂഷ ഒരിക്കലും എനിക്കൊരു ഭാരമായിരുന്നില്ല. എന്തിനെയെങ്കിലുംകുറിച്ചോ ആരേയെങ്കിലുംകുറിച്ചോ (എന്നെ വഞ്ചിക്കയും തേജോവധം ചെയ്യുകയും എനിക്ക് ദോഷം ചെയ്യാൻ നിരൂപിക്കയും ചെയ്തവരെക്കുറിച്ചുപോലും) എനിക്ക് യാതൊരുവിധ പരാതികളുമില്ല. എന്റെ രക്ഷകൻ അവരെ സ്നേഹിക്കുന്നതിനാൽ ഞാനും അവരെയെല്ലാം സ്നേഹിക്കുന്നു. "അവർ ചെയ്യുന്നത് എന്താണെന്ന് അറിയായ്കയാൽ അവരോട് ക്ഷമിക്കേണമേ" എന്ന് പറഞ്ഞ് അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവ് പഠിപ്പിച്ചിട്ടുണ്ട്.**

മായും ഈ ശുശ്രൂഷ. കർത്താവിന്റെ കൃപയാൽ അവസാനംവരെ ഈ ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ശുശ്രൂഷയിൽ എതിർപ്പുകൾ ഞാൻ പ്രതീക്ഷിക്കുന്നു. അതിൽ അസാധാരണമായി ഒന്നുമില്ല. "ക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ ഇച്ഛരിക്കുന്നവർക്കൊക്കെ ഉപദ്രവം ഉണ്ടാകും" എന്ന് പൗലൊസ് പറഞ്ഞപ്പോൾ ഉപദ്രവം സഹിക്കാനുള്ള അത്യാശയിലല്ല അങ്ങനെ പറഞ്ഞത് (2തിമോ.3:12) പരിശുദ്ധാത്മാവിനാൽ പ്രേരിതനായി അപ്പോസ്തലൻ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുക മാത്രമായിരുന്നു. ലോകം തന്നെ ഉപദ്രവിച്ചതുപോലെ തന്റെ ശിഷ്യന്മാരെയും പകയ്ക്കും എന്ന് യേശുപറഞ്ഞു. (യോഹ 15:18–21). ലോകത്തിലെ സാധാരണക്കാരേക്കാൾ അധികമായി മതഭക്തരിൽനിന്നാണ് യേശുവിന് കൂടുതൽ ഉപദ്രവം നേരിട്ടത്. അതുകൊണ്ടുതന്നെ അക്രൈസ്തവരെക്കാൾ മതഭക്തരായ ക്രിസ്ത്യാനികളിൽ നിന്ന് കൂടുതൽ എതിർപ്പ് ഉണ്ടാകും എന്ന് എനിക്ക് ബോദ്ധ്യമുണ്ട്. മതഭക്തരായ ക്രൈസ്തവരും അസൂയമൂലം എന്റെ വിമർശകരായിത്തീരുന്നു. യേശു ദുരുപദേശം പഠിപ്പിക്കുന്നു എന്നായിരുന്നു അവരുടെ ആരോപണം. എന്റെ അനുഭവം വ്യത്യസ്തമായിരിക്കയില്ല. പരീശന്മാർ യേശുവിനെ കോടതി കയറ്റി എങ്കിൽ മതഭക്തരായ ചില ക്രിസ്ത്യാനികൾ എന്നെയും കോടതികയറ്റിയതിൽ അത്ഭുതമില്ല. തന്റെ സ്വന്തഭവനക്കാർതന്നെയായിരുന്നു യേശുവിന്റെ ശത്രുക്കൾ (യോഹ. 7:5) എന്റെ അനുഭവം വ്യത്യസ്തമല്ല. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:"സ്വന്തസഹോദരങ്ങൾ നിങ്ങളെ വഞ്ചിക്കയും ന്യായാധിപസംഘത്തിന്റെ മുമ്പാകെ കൊണ്ടുപോകയും ചെയ്യും. എന്റെ ശിഷ്യന്മാരാകയാൽ ലോകം നിങ്ങളെ പകയ്ക്കും." "അതിന്റെ പ്രവൃത്തികൾ ദോഷമുള്ളവയെന്ന് ഞാൻ അതിനെക്കുറിച്ച് സാക്ഷ്യം പറയുന്നതിനാൽ അത് എന്നെ പകയ്ക്കുന്നു" എന്ന് യേശു പറഞ്ഞത് ഓർക്കുക. (യോഹ 7:7). ഇത്തരം പീഡകൾ ഒഴിവാക്കാനുള്ള ക്രിസ്ത്യാനിയുടെ ഏകമാർഗ്ഗം മൗനമായിരിക്കുക എന്നതാണ്. എന്നാൽ എനിക്ക് കർത്താവ് തന്നിട്ടുള്ള വാഗ്ദാനങ്ങൾ എത്ര ഉറപ്പുള്ളവയാണ്! "നിന്റെ തലയിലെ ഒരു മുടിപോലും നിലത്തു വീഴുകയില്ല...നിനക്കെതിരേ ഉണ്ടാക്കുന്ന ആയുധം ഒന്നും ഫലിക്കയില്ല.....നിനക്കെതിരേ ന്യായസ്ഥാനത്ത് ഉന്നയിക്കപ്പെടുന്ന എല്ലാ ഭോഷ്കിനും എതിരേ നിനക്ക് നീതിലഭിക്കും. ദൈവദാസന്മാർക്കുള്ള അവകാശം ഇതത്രേ!" (ലൂക്കോ. 21:16–18, യെശ്ശ.54:17. ലിവിംഗ് ബൈബിൾ)

ചില വർഷങ്ങൾക്കുമുമ്പ് ബാംഗ്ലൂരിലുള്ള "സാത്താൻസഭക്കാർ" എനിക്കെതിരേ ലക്ഷ്യംവച്ച് 'പ്രാർത്ഥിക്കുന്നതായി' ചിലർ എന്നോട് പറഞ്ഞു. ഞാൻ ദൈവത്തിന്റെ ദാസനാകയാലും, സാത്താന്റെ രാജ്യത്തിന് ഭീഷ





**കർത്താവ് തന്റെ ശരീരമാം സഭയിൽ ഒരു പ്രത്യേക ശുശ്രൂഷയാണ് എനിക്ക് നൽകിയിരിക്കുന്നത്. മറ്റുള്ളവർ പൊതുവേ പ്രസംഗിക്കാത്ത തിരുവചനസത്യങ്ങൾ പ്രഘോഷിക്കുവാനും, ക്രൈസ്തവഗോളത്തിൽ കണ്ടുവരുന്ന തിരുവചനവിരുദ്ധവും അക്രൈസ്തവവുമായ പരിചയങ്ങളെ തുറന്നുകാട്ടുവാനും ഉള്ളതാണ് പ്രാഥമികമായും ഈ ശുശ്രൂഷ. കർത്താവിന്റെ കൃപയാൽ അവസാനംവരെ ഈ ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.**

• • • • • • • • • • • • • • • • • • •

ണിയായതിനാലും പിശാച് എന്നെ അത്യന്തം വെറുത്തിരുന്നു എന്ന് നേരത്തേ തന്നെ ഞാൻ അറിഞ്ഞിരുന്നു. ക്രൂശിൽ പിശാചിനെ തോല്പിച്ച കർത്താവിന്റെ ആധിപത്യത്തിൻ കീഴിൽ ഞാൻ ആയിരിക്കുന്നതിനാൽ സാത്താന് എന്നെയോ എന്റെ കുടുംബത്തെയോ സ്പർശിക്കുവാൻ കഴികയില്ല എന്ന് എനിക്ക് ഉറപ്പായിരുന്നു. ശക്തരായ ദൂതന്മാരുടെ ഒരു സൈന്യം എനിക്കും എന്റെ കുടുംബത്തിനും കാവലുണ്ട്. മാത്രമല്ല, നിരന്തരം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ശക്തിയുള്ള ഒരു വിശ്വാസസമൂഹത്തിന്റെ ഭാഗമായി ഞങ്ങൾ നിലകൊള്ളുകയും ചെയ്യുന്നു.

അടുത്തകാലത്ത് കർത്താവ് എന്നോട് പറഞ്ഞു;"ഒരിക്കൽ നീ സാത്താനെ ഭയപ്പെട്ട സ്ഥാനത്ത് ഇപ്പോൾ മുതൽ സാത്താൻ നിന്നെ ഭയപ്പെടും. കാരണം, എന്റെ സാന്നിദ്ധ്യം നിന്നോടൊപ്പമുണ്ട്." സാത്താൻ യേശുവിനെ ഭയപ്പെട്ടതുപോലെ നമ്മെയും ഭയപ്പെടാനുള്ള മാർഗ്ഗം നാമും ദൈവികവെളിച്ചത്തിൽ നടക്കുക എന്നതാണ്, "അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു" (1 യോഹ. 4:17). അതിനാൽ നമുക്ക് സാത്താനെ ഭയപ്പെടേണ്ട ആവശ്യമില്ല.

ഞാൻ നേരിട്ട പരിശോധനകളും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളും ഞാൻ ദൈവശക്തിയും ദൈവികവിടുതലും അനുഭവിച്ചറിയേണ്ടതിനുവേണ്ടി അവിടുന്നു അനുവദിച്ചതാണ്. മനുഷ്യരിൽനിന്നും പിശാചുക്കളിൽ നിന്നുമുള്ള എതിർപ്പുകളുടെ മുഖത്താണ് ദൈവശക്തി അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുള്ളത്. അത്തരം അനുഭവങ്ങൾ മററുള്ളവരുടെ വിശ്വാസം ഉറപ്പിക്കാനും സഹായമായിട്ടുണ്ട്. ഫലപ്രദമായശുശ്രൂഷ ബൈബിൾ പഠനത്തിൽ നിന്നും ആത്മനിറവിൽ നിന്നും മാത്രമല്ല, ശോധനകളെ അഭിമുഖീകരിക്കുന്നതിലും അതിജീവിക്കുന്നതിലൂടെയും ആണ്. (2 കൊരി. 1:3–6) അനുഗൃഹീതമായ ഒരു കുടുംബത്തെ കർത്താവ് എനിക്കു നൽകി. ആത്മികവിവേചനവും ലളിതമായ ജീവിതശൈലിയും ഉള്ള അനുഗൃഹീതയായ ഒരു ജീവിതപങ്കാളി. ദാമ്പത്യജീവിതത്തിലെ പിന്നിട്ട 40 വർഷങ്ങളിൽ അവൾ ക്രിസ്തീയശുശ്രൂഷയിൽ വിശ്വസ്തയായി എന്നോടൊപ്പം നിന്നു. കർത്താവിനെ സ്നേഹിക്കുന്നതോടൊപ്പം മാതാപിതാക്കളായ ഞങ്ങളേയും സഭയേയും സ്നേഹിക്കുന്ന അനുഗൃഹീതരായ നാല് ആൺമക്കളേയും ദൈവം നൽകി. ഞങ്ങളുടെ ജീവിതത്തിൽ ദർശിച്ച, സഭയിലൂടെ ശ്രവിച്ച ദൈവവചനസത്യങ്ങൾ പ്രഘോഷിച്ചുകൊണ്ട് അവർ ഈ തലമുറയിൽ ദൈവത്തെ സേവിക്കുന്നു.

അഭിഷിക്തരായ ഒരുകൂട്ടം സഹപ്രവർത്തകരെയും ദൈവം എനിക്കു തന്നു. ഇൻഡ്യയിലും വിദേശത്തുമുള്ള സഭകളിൽ അവർ ശുശ്രൂഷിക്കുന്നു. സഭാപരിപാലനത്തിൽ അവർ കാണിക്കുന്ന ഉത്സാഹത്താൽ എനിക്ക് മറ്റു സ്ഥലങ്ങളിൽ ദൈവവചനശുശ്രൂഷയ്ക്കായി സഞ്ചരിക്കാൻ സ്വാതന്ത്ര്യം

**എന്റെ മുമ്പിലുള്ള പാത ബുദ്ധിമുട്ടുള്ളതോ എളുപ്പമോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അത്യുത്തമമായത് ദൈവം എനിക്കുവേണ്ടി തെരഞ്ഞെടുക്കും എന്നും, എല്ലായ്പ്പോഴും ഞാൻ ക്രിസ്തുവിൽ ജയാളിയായിരിക്കും എന്നും ഉറപ്പാണ്. പിശാചിനെതിരെ എല്ലായ്പ്പോഴും ദൈവം എന്റെ പക്ഷത്താകയാൽ എല്ലാ സാഹചര്യങ്ങളിലും ഞാൻ ജയാളികളെക്കാൾ ജയാളിയായിരിക്കും.**

ലഭിക്കുന്നു.

ആമോസ് 8:11, 12 ൽ കാണുംപോലെ യഥാർത്ഥപ്രവചനശബ്ദത്തിന് കടുത്ത ക്ഷാമമുള്ള ഒരുകാലത്താണ് നാം ജീവിക്കുന്നത്. ദൈവവചനത്തിന്റെ പുതിയ വെളിപ്പാടുകൾ വിരളമായിരിക്കുന്നു. പ്രസംഗകർ പണസ്നേഹികളായിരിക്കുന്നു. വിരസമായ പ്രസംഗങ്ങൾകൊണ്ടും നിരന്തരം നേതാക്കളിൽനിന്നും കേൾക്കുന്ന പണത്തിനായുള്ള ആഹ്വാനം കൊണ്ടും അനേകം ക്രിസ്തീയസമൂഹങ്ങളിലെ വിശ്വാസികൾ മടുത്തിരിക്കുന്നു. ഇങ്ങനെയുള്ള കാലത്ത് അവിടവിടെയായി പല രാജ്യങ്ങളിലും ദൈവം പ്രവാചകശബ്ദം കേൾപ്പിക്കുന്നു എന്നതിൽ നാം ദൈവത്തെ സ്തുതിക്കുന്നു. പല ക്രിസ്തീയവിഭാഗങ്ങളിലും ഉള്ള വിശ്വാസികളോട് ജീവിതസ്പർശിയായ പ്രവചനശബ്ദം അറിയിക്കാൻ ഒരു ചെറിയ ശുശ്രൂഷ ഞങ്ങൾക്കും ദൈവം നൽകി എന്നതിൽ ഞങ്ങൾ നന്ദിയുള്ളവരാണ്. ഈ വചനങ്ങൾ ശ്രവിക്കുന്ന ചിലർ അതേ സന്ദേശങ്ങൾ അവരുടെ സഭകളിൽ പ്രസംഗിക്കുന്നുണ്ട്. ഈ സഭകൾ ഒരിക്കലും എന്നെ പ്രസംഗിക്കാൻ വിളിക്കുകയില്ല! ഈ വിധം മനുഷ്യനിർമ്മിതമായ എല്ലാ തടസ്സങ്ങളേയും ദൈവം മറികടക്കുന്നു. ക്രിസ്തുവിന്റെ ശരീരമാംസഭയിലുള്ള ഞങ്ങളുടെ ശുശ്രൂഷ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് എന്നറിയാം. എന്നാൽ ഈ കാലഘട്ടത്തിനായി ദൈവം നൽകിയിരിക്കുന്ന ആ ചെറിയ ശുശ്രൂഷ വിശ്വസ്തതയോടെ നിറവേറ്റണം എന്നാണ് ഞങ്ങളുടെ ആഗ്രഹം.

എന്റെ മുമ്പിലുള്ള പാത ബുദ്ധിമുട്ടുള്ളതോ എളുപ്പമോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അത്യുത്തമമായത് ദൈവം എനിക്കുവേണ്ടി തെരഞ്ഞെടുക്കും എന്നും, എല്ലായ്പ്പോഴും ഞാൻ ക്രിസ്തുവിൽ ജയാളിയായിരിക്കും എന്നും ഉറപ്പാണ്. (2 കൊരി 2:14). പിശാചിനെതിരെ എല്ലായ്പ്പോഴും ദൈവം എന്റെ പക്ഷത്താകയാൽ എല്ലാ സാഹചര്യങ്ങളിലും ഞാൻ ജയാളികളെക്കാൾ ജയാളിയായിരിക്കും.

'മുൻനിർണ്ണയം' എന്നതിന്റെ അർത്ഥം എന്റെ ആത്യന്തികലക്ഷ്യം ദൈവം മുന്നമേ നിർണ്ണയിച്ചിരിക്കുന്നു എന്നാണല്ലോ? ആ ലക്ഷ്യം കേവലം സ്വർഗ്ഗമല്ല, പൂർണ്ണമായും ക്രിസ്തുവിനോട് അനുരൂപനാകുന്നതാണ് (റോമർ 8:29) ഓരോ ദിവസവും ആ ലക്ഷ്യത്തിലേക്ക് ദൈവം എന്നെ കൂടുതൽ അടുപ്പിക്കുന്നു. ഹല്ലേലുയ്യാ!! ആ മഹത്വപൂർണ്ണമായ ലക്ഷ്യത്തിലേക്കുള്ള പാത ഈ ലോകത്തിൽ അല്പം കഷ്ടതകളിലൂടെ ആണെങ്കിൽ അതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ പ്രാണപ്രിയനായ കർത്താവിനെ മുഖാമുഖം കാണുമ്പോൾ 'നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന് അവിടുന്ന് പറയുന്നത് കേൾക്കാൻ എനിക്ക് ഇടയാകണം. അതുമാത്രമാണെന്റെ ആശ. ആമേൻ!! (**അവസാനിച്ചു**).





# മോദ് കേരി:മൊറോക്കോയുടെ വനിതാമിഷനറി

**മാത്യു ജോർജ്**

**ഇ**രുപതാം നൂറ്റാണ്ടിന്റെ തുടക്കമായപ്പോഴേക്കും മിക്കമിഷനറിസമൂഹങ്ങളിലും പുരുഷന്മാരോടൊപ്പമോ അതിലധികമോ സ്ത്രീകളും സുവിശേഷവേലയിൽ വ്യാപൃതരായിരുന്നു. അവിവാഹിതരായി മിഷനറിവേലയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ച വനിതകൾ ഇല്ലായിരുന്നെങ്കിൽ ചില രാജ്യങ്ങളിലെ മിഷനറിവേല നിലച്ചുപോയേനേ. ആഫ്രിക്കയിലെ മുസ്ലീംരാജ്യമായ മൊറോക്കോയിൽ പ്രവർത്തിച്ചിരുന്ന ഗോസ്പൽ മിഷനറിയൂണിയനെസംബന്ധിച്ചിടത്തോളം ഒരു കാലഘട്ടത്തിൽ ഇതായിരുന്നു സ്ഥിതി. മൊറോക്കോയിൽ പ്രവർത്തിച്ചിരുന്ന അഞ്ച് പ്രൊട്ടസ്റ്റന്റ് മിഷനറി സമൂഹങ്ങളിൽ ഒന്നായിരുന്ന ഗോസ്പൽ മിഷനറിയൂണിയൻ ഈ സമൂഹം 1894 മുതൽ മുസ്ലീംസ്നേഹിതരെ സുവിശേഷസത്യങ്ങളിലൂടെ യേശുക്രിസ്തുവിലേക്ക് ആകർഷിക്കാൻ പ്രയത്നിച്ചു എങ്കിലും ഇസ്ലാം മതത്തിന്റെ അഭേദ്യമെന്ന് തോന്നിയ മതിലുകൾ തകർക്കുന്നതിൽ കാര്യമായ പുരോഗതി ഒന്നും ഉണ്ടായില്ല. നിരുത്സാഹവും രോഗങ്ങളും മിഷനറിമാരിൽ പലരെയും പിൻതിരിപ്പിക്കുകയോ മരണത്തിലൂടെ അപഹരിക്കയോ ചെയ്തുകൊണ്ടിരുന്ന കാലഘട്ടം. മൊറോക്കോയിലെ മിഷനറിവേല അവസാനിപ്പിച്ച് മറ്റേതെങ്കിലും രാജ്യത്ത് ശ്രദ്ധകേന്ദ്രീകരിക്കാൻ പലരും ഗൗരവപൂർവ്വം ചിന്തിച്ച സന്ദർഭം. ഏറ്റവും ക്ലേശകരമായ ഈ കാലഘട്ടത്തിൽ അവിവാഹിതരായ ചുരുക്കം വനിതകൾ അവിടെ തുടരുവാനും വിശ്വസ്തതയോടെ കർത്താവിനെ സേവിക്കാനും തീരുമാനിച്ചു. അവരിൽ അവിസ്മരണീയമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന, മോദ്കേരി എന്ന വനിതയും ഉണ്ടായിരുന്നു.

അമേരിക്കയിൽ കൻസാസ്പ്രവിശ്യയിൽ ഒരു കൃഷിക്കാരന്റെ മകളായി 1878 ൽ പിറന്ന മോദ് കേരി സ്വന്തം ഭവനത്തിൽ ചെറുപ്പം മുതൽ സന്ദർശകരായിരുന്ന സുവിശേഷകരിൽനിന്നും മിഷനറിമാരിൽ നിന്നുമാണ് മിഷനറിവേലയെപ്പറ്റിയുള്ള ആദ്യപാഠങ്ങൾ പഠിച്ചത്. കേരിയുടെ അമ്മ സ്വതന്ത്രചിന്താഗതിക്കാരിയും, വളരെ സമർത്ഥയായ ഒരു സംഗീതജ്ഞയും ആയിരുന്നു. ഒപ്പം അറിയപ്പെടുന്ന ഒരു വേദാദ്ധ്യാപികയും. മാതാവിൽനിന്നും ഈ സ്വതന്ത്രമായ മനസ്സ് മകൾക്കും ലഭിച്ചിരുന്നു. പതിനെട്ടാംവയസ്സിൽ മോദ് കേരി കൻസാസ് പട്ടണത്തിലെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ മിഷനറിപരിശീലനത്തിനായി ചേർന്നു.

1901 ൽ ജി.എം.യു യിലെ മറ്റ് നാല് മിഷനറിമാരോടൊപ്പം മൊറോക്കോയിൽ അരനൂറ്റാണ്ടുകാലത്തെ ക്രിസ്തീയസേവനത്തിനായി മോദ് കേരി യാത്ര തിരിച്ചു. ആദ്യമാസങ്ങൾ ഭാഷാപഠനത്തിനായി ചെലവഴിച്ചു. പ്രാരംഭത്തിൽതന്നെ സഹപ്രവർത്തകരുമായി

നേരിയ ഉരസലുകൾ കേരിയുടെ ജീവിതത്തിൽ സംഭവിച്ചു. സമർത്ഥയും മത്സരബുദ്ധിക്കാരിയും ആയ ഈ ചെറുപ്പക്കാരി ആരുടേയും മുമ്പിൽ തോറ്റുകൊടുക്കാൻ തയ്യാറല്ലായിരുന്നു. സ്വാശ്രയശീലമുള്ളവരും ധൈര്യശാലികളുമായിരിക്കുമ്പോൾ തന്നെ വനിതാ മിഷനറിമാർ പുരുഷമേധാവിത്വം അംഗീകരിച്ചുകൊണ്ട് തുടരാൻ നിർബ്ബന്ധിതരായിരുന്നു. നന്നേ ചെറുപ്പമായിരുന്നെങ്കിലും നിഗളം എന്ന വലിയ പാപത്തിൽ നിന്നും ശുദ്ധീകരണത്തിനായി ദിനംപ്രതിപ്രാർത്ഥിച്ചിരുന്നതായി കേരിയുടെ ജീവിചരിത്രകാരൻ വെളിപ്പെടുത്തിയിട്ടുണ്ട്.

മൊറോക്കോയിലെ കേരിയുടെ ആദ്യവേനൽക്കാലം പുതിയ അനുഭവങ്ങൾ പ്രദാനം ചെയ്തു. വേനൽക്കാലത്ത് മിഷനറിമാർ ഗ്രാമങ്ങളിൽ സഞ്ചരിച്ച് സുവിശേഷവേലചെയ്യുക പതിവായിരുന്നു. ബുദ്ധിമുട്ടുനിറഞ്ഞ ഉൾഗ്രാമങ്ങളിലെ ക്യാമ്പുകൾ മിഷനറിമാരുടെ ഉത്സാഹത്തെ വേഗത്തിൽ തളർത്തിക്കളഞ്ഞു. സുവിശേഷസന്ദേശം പങ്കിടാനുള്ള പ്രായോഗികബുദ്ധിമുട്ട് അവരെ ശരിക്കും ബുദ്ധിമുട്ടിച്ചു. ഓരോ കുടുംബവും ശൗര്യമുള്ള ഒരുപറ്റം നായ്ക്കളെ വളർത്തിയിരുന്നു. അവയുടെ കുര, കടിയേക്കാൾ ഭയാനകമായിരുന്നു. വിദേശസന്ദർശകരെ കടിക്കാതെ ഗ്രാമവാസികൾ നായ്ക്കളെ പിടിച്ചു നിർത്തിയാലും നിർത്താതെയുള്ള കുര, മിഷനറിമാരുടെ ശബ്ദത്തെ വിഴുങ്ങിക്കളയുമായിരുന്നു!

ഇത്തരം തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിലും പ്രോത്സാഹജനകമായ കാര്യങ്ങളും ഉണ്ടായിരുന്നു. വെള്ളം കോരുവാനോ, വസ്ത്രം അലക്കുവാനോ നദിക്കരയിൽ എത്തുന്ന സ്ത്രീകളോട് വനിതകളായ മിഷനറിമാർക്ക് സുവിശേഷം പങ്കിടാൻ അവസരം കിട്ടി. അവർ ശ്രദ്ധയോടെ കേട്ടിരുന്നു. ദൂരെ ഒരു പുരുഷന്റെ രൂപം കണ്ടാൽ, സ്ത്രീകൾ വേഗത്തിൽ രംഗത്തുനിന്ന് അപ്രത്യക്ഷരാകുമായിരുന്നു. 'സത്യദൈവനിഷേധി' കളോട് സംസാരിക്കുന്നതും അവരിൽനിന്നും കേൾക്കുന്നതും ശിക്ഷാർഹമായിരുന്നതിനാൽ പാവം സ്ത്രീകൾ ഭയത്തിലായിരുന്നു.

എന്നാൽ മുകളിൽപ്പറഞ്ഞ ബുദ്ധിമുട്ടുകളെക്കാൾ ഭീഷണി ഉയർത്തിയത് മിഷനറിമാർക്ക് എതിരായ രാഷ്ട്രീയ അന്തരീക്ഷമായിരുന്നു. പലമിഷനറിമാരും എതിർപ്പുകുറഞ്ഞ തീരപ്രദേശങ്ങളിലേക്ക് മാറി. കേരി പ്രവർത്തനം തുടർന്നെങ്കിലും മാനസികസമ്മർദ്ദത്തിന് കുറവുവന്നില്ല. മൊറോക്കോയിൽ എത്തി രണ്ടാംവർഷം മിഷനറിമാരുടെ സമ്മേളനം നടന്നു. മിഷനറിമാർക്ക് അന്യോന്യം ഉള്ള പരാതികൾ തുറന്ന് ചർച്ച ചെയ്യപ്പെട്ടപ്പോൾ ധാരാളം വിമർശനങ്ങൾ മോദ് കേരിക്കുനേരേ ഉയർന്നു. രണ്ടുവർഷത്തെ പ്രവർത്തനങ്ങൾ പൂർണ്ണപരാജയം ആയിരുന്നു എന്നായിരുന്നു വിലയിരുത്തൽ. കൂടാതെ കേരി സ്വാർത്ഥമതിയും മറവിക്കാരിയും ആണെന്ന് ആരോപിക്കപ്പെട്ടു. അനാത്മികമായ ഒരു കത്തെഴുതി; സുവിശേഷം പങ്കിടുന്ന മുസ്ലീം വനിതകളോടൊപ്പം പ്രാർത്ഥിച്ചിരുന്നില്ല തുടങ്ങിയ പരാതികൾ വേറെയും. വസ്ത്രധാരണത്തിലുള്ള പൊങ്ങച്ചം, വ്യർത്ഥഭാഷണം, തമാശപറച്ചിൽ തുടങ്ങിയ കാര്യങ്ങളും പരാമർശിക്കപ്പെട്ടു.

വേദനാജനകമായ ആ മിഷനറി സമ്മേളനത്തിന് ചില ആഴ്ചകൾക്കുശേഷം ഗോസ്പൽ മിഷനറിയൂണിയന്റെ പ്രസിഡന്റ് മൊറോക്കോ സന്ദർശിച്ചപ്പോൾ കേരിയോട് മാതൃരാജ്യത്തേക്ക് മടങ്ങാൻ തയ്യാറായിക്കൊള്ളാൻ ഉപദേശിച്ചു. മോശമായ ആരോഗ്യവും പെരുമാറ്റത്തിലെ ചില ന്യൂനതകളും മിഷനറിപ്രസ്ഥാനത്തിന് കേരിയെ ഒരു ബാദ്ധ്യതയാക്കിമാറ്റിയി





രുന്നു. കേരി ആകെ തകർന്നുപോയി. സ്വദേശത്തുള്ള കുടുംബാംഗങ്ങളെയും സ്നേഹിതരേയും എങ്ങനെ നേരിടും? മിഷനറിസമൂഹങ്ങളിലെ വനിതകളെ സംബന്ധിച്ചിടത്തോളം കേരിയെപ്പോലെയുള്ള മറ്റുപലരും ഉണ്ടായിരുന്നു എന്നത് ഒരു വിരോധാഭാസമായിത്തോന്നാം. മിഷനറിവേലയ്ക്കായി അവരെ യോഗ്യരാക്കുന്ന അഭികാമ്യമായ സ്വഭാവവിശേഷങ്ങൾ തന്നെ ബലഹീനരായ സഹപ്രവർത്തകർ പ്രത്യേകിച്ച് പുരുഷന്മാർ സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നു എന്നതാണ് സത്യം. കേരിയുടെ കാര്യം പറഞ്ഞാൽ, മിഷനറിവേലയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട് പ്രവർത്തനനിരതയായിരുന്ന അവർക്ക് നാട്ടിലേക്ക് മടങ്ങിപ്പോകുന്നകാര്യം ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. ദൈവഗത്യാ മോറോക്കോയിൽ തുടരുവാൻ അവർക്ക് അനുവാദം ലഭിച്ചു.

പക്ഷേ കൂടുതൽ നാണംകെടുത്തുന്ന അനുഭവങ്ങൾ കേരിയെ കാത്തിരിക്കുകയായിരുന്നു. അറബിഭാഷയോടൊപ്പം, പൗരാണികഗോത്രവർഗ്ഗമായ 'ബെർബര'ന്മാരുടെ ഭാഷയും അവർ പഠിച്ചിരുന്നു. അറബികൾ വടക്കൻ ആഫ്രിക്കയിലേക്ക് കുടിയേറുംമുമ്പ് ആ ഭാഗങ്ങളിൽ താമസിച്ചിരുന്ന ഈ ഗോത്രവർഗ്ഗക്കാരോടൊത്ത് കേരി നേരത്തേ താമസിച്ചിരുന്നു. അവരുടെ ഭാഷ പഠിക്കുവാൻ ബുദ്ധിമുട്ടുമ്പോൾ അവരുടെ ഇടയിലേക്ക് മടങ്ങിപ്പോകാനുള്ള തന്റെ താത്പര്യത്തിന്റെ ഉറവിടം കണ്ടെത്താൻ കേരി പരിശ്രമിച്ചു. അവരുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജോർജ് റീഡ് എന്ന അവിവാഹിതനായ മിഷനറിയാണ് ആ താത്പര്യത്തിന്റെ പിന്നിൽ എന്ന് കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടായില്ല. അവർ തമ്മിൽ നേരത്തെ കത്തുകളിലൂടെ പരിചയപ്പെട്ടിരുന്നു. ബെർബർഭാഷാപഠനം ജോർജിന് തന്നോട് താത്പര്യം ഉള്ള വാക്കും എന്ന് അവർ രഹസ്യമായി

**ബുദ്ധിമുട്ടുനിറഞ്ഞ ഉൾഗ്രാമങ്ങളിലെ ക്യാമ്പുകൾ മിഷനറിമാരുടെ ഉത്സാഹത്തെ വേഗത്തിൽ തളർത്തിക്കളഞ്ഞു. സുവിശേഷസന്ദേശം പങ്കിടാനുള്ള പ്രായോഗികക്ലേശം അവരെ ശരിക്കും ബുദ്ധിമുട്ടിച്ചു. ഓരോ കുടുംബവും ശൗര്യമുള്ള ഒരു പറ്റം നായ്ക്കളെ വളർത്തിയിരുന്നു. അവയുടെ കുര, കടിയേക്കാൾ ഭയാനകമായിരുന്നു. വിദേശസന്ദർശകരെ കടിക്കാതെ ഗ്രാമവാസികൾ നായ്ക്കളെ പിടിച്ചു നിർത്തിയാലും നിർത്താതെയുള്ള കുര, മിഷനറിമാരുടെ ശബ്ദത്തെ വിഴുങ്ങിക്കളയുമായിരുന്നു!**

പ്രത്യാശിച്ചു. ആ പ്രത്യാശ സഫലമാകുന്നതുപോലെ തോന്നി. 1907 ലെ മിഷനറിസമ്മേളനത്തിനുശേഷം അവർ വിവാഹം കഴിക്കാൻ തീരുമാനിച്ചു. കേരിയുടെ അനാരോഗ്യമാണോ, മറ്റു കാരണങ്ങളാണോ എന്ന് വ്യക്തമല്ല, താമസിയാതെ ജോർജ് റീഡ് തന്റെ തീരുമാനം പുനഃപരിശോധിക്കയും, അമേരിക്കയിലേക്ക് മടങ്ങാൻ കേരിയെ ഉത്സാഹിപ്പിക്കയും ചെയ്തു. അവർ അതിന് വിസമ്മതിച്ചപ്പോൾ ജോർജ് വിവാഹതീരുമാനം പരസ്യമായി ഉപേക്ഷിച്ചില്ലെങ്കിലും തനിയേ 'ബെർബർ' ഗോത്രക്കാരുടെ ഇടയിലേക്ക് മടങ്ങിപ്പോയി.

മുപ്പതാംജന്മദിനത്തിലും അവിവാഹിതയായിരുന്ന മോദ് കേരി തന്റെ ജീവിതത്തിൽ ഒരു പുതിയലക്ഷ്യം തെരഞ്ഞെടുത്തു: "സൗമ്യത പിൻതുടരുക". ഈ ലക്ഷ്യം തെരഞ്ഞെടുക്കാൻ സൗമ്യതയുള്ള ഒരു ഭാര്യയെ അന്വേഷിച്ച ജോർജ് റീഡ് ആയിരുന്നു, ഒരു കാരണം. തുടർന്ന് ആറു വർഷം കൂടി

കാത്തിരുന്ന കേരി ആ വിവാഹം ഒരിക്കലും നടക്കില്ല എന്ന് മനസ്സിലാക്കി. 1914 ൽ ജോർജ് മൊറോക്കോയോട് യാത്രപറഞ്ഞ് സുഡാനിൽ പുതിയ ഒരു പ്രവർത്തനം തുടങ്ങി. ഇതോടെ പ്രതീക്ഷയുടെ അവസാനത്തെ തീനാളവും അണഞ്ഞെങ്കിലും കേരി ശിഷ്ടായുസ്സ് 'അവിവാഹിതയായ ഒരു മിഷനറിയായി' കർത്താവിനെ സേവിക്കാൻ സമർപ്പിച്ചു.

ഇരുപത്തിമൂന്നു വർഷങ്ങൾക്കുശേഷമാണ് മൊറോക്കോയിൽ നിന്നും ആദ്യമായി കേരി സ്വദേശത്തേക്ക് വിശ്രമത്തിനായി കടന്നുപോയത്. 1901 ൽ ആദ്യമായി മൊറോക്കോയിലേക്ക് പോകുമ്പോൾ ധരിച്ചിരുന്ന അതേതരം വസ്ത്രങ്ങളായിരുന്നു അവരുടേത്. 23 വർഷങ്ങൾ അമേരിക്കയിൽ വലിയമാറ്റം വരുത്തിയിരുന്നു. കേരി പുതിയ സമൂഹത്തിൽ തികച്ചും ഒറ്റപ്പെട്ടിരുന്നു. എങ്കിലും വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ കേരി രണ്ടുപേരുടേയും മരണശേഷമാണ് മൊറോക്കോയിലേക്ക് മടങ്ങിയത്. കൻസാസിൽ ചെലവഴിച്ച സമയം ആത്മപരിശോധനയ്ക്കുള്ള സമയം ആയിരുന്നു. "കഴിഞ്ഞ 23 വർഷംകൊണ്ട് ഞാൻ എന്തുനേടി? സഭകൾ സ്ഥാപിക്കപ്പെട്ടോ? ക്രിസ്തീയവിശ്വാസത്തിലേക്ക് വന്നവർ അവരുടെ സ്വന്തക്കാരുടെ ഇടയിൽ സുവിശേഷം അറിയിക്കുന്നുണ്ടോ? ബാഹ്യമായനിലയിൽ ഈ കാലഘട്ടം ഒരിക്കലും ഇസ്ലാമിന്റെ ശക്തിക്കെതിരേ വിജയം ആയിരുന്നില്ല. ചുരുക്കം ചിലർ ക്രിസ്തീയവിശ്വാസികൾ ആയി എന്നത് സത്യമാണ്. അവരിൽ ഏറ്റവും സാദ്ധ്യതയുള്ള ആൾ ഉപദ്രവം ഉണ്ടായപ്പോൾ വിശ്വാസം ത്യജിച്ചുകളഞ്ഞു. ഇത്രയും ത്യാഗങ്ങൾ സഹിച്ചത് ഇതിനുവേണ്ടിയോ?" "തന്റെ കഷ്ടപ്പാടുകൾ വെറുതേയല്ല എന്ന ഉൾബോദ്ധ്യം കേരിക്ക് ദൈവം നൽകി. 47 കാരിയായ താൻ ഇപ്പോൾ തനിയെയാണ്. തനിക്ക് ഏറ്റവും പരിചയമുള്ള 'സ്വദേശം' മൊറോക്കോ തന്നെയാണ്!

മൊറോക്കോയിൽ മടങ്ങിയെത്തിയ കേരി കഴിഞ്ഞ കാലത്തിൽനിന്നു വിഭിന്നമായി പ്രവർത്തനങ്ങൾക്ക് ഫലം കണ്ടുതുടങ്ങി. സാമൂഹിക,സാംസ്കാരിക അതിർവരമ്പുകൾ അവഗണിച്ച് കൂടുതൽ സ്ത്രീകൾ ബൈബിൾ പഠിക്കാൻ വരുന്നുണ്ടായിരുന്നു. അതുപോലെ ധൈര്യശാലികളായ രണ്ട് യുവാക്കൾ യേശുക്രിസ്തുവിനായി പരസ്യസാക്ഷികളായി നിന്നത് മിഷനറിസമൂഹങ്ങളെ വെല്ലുവിളിച്ചു. കേരിയുടെ ശുഭാപ്തിവിശ്വാസത്തിന് മങ്ങലേറ്റില്ല എങ്കിലും മിഷനറിമാരുടെ എണ്ണം കുറഞ്ഞുവരികയും പുതുതായി ആരും വരാതെയാവുകയും ചെയ്തു. 1938 ആയപ്പോൾ തന്നെപ്പോലെ അവിവാഹിതയായ മറ്റൊരു വനിത മാത്രമായിരുന്നു മിഷൻ നടത്തിയത്. രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് 2 വനിതകൾ കൂടി വന്നു. അതോടെ വാതിലുകൾ അടഞ്ഞു. വളരെവിഷമം പിടിച്ച സമയം. നാലു പേരും കൂടി യുദ്ധം കഴിയുംവരെ സുരക്ഷിതരായി ഒതുങ്ങിക്കഴിയാതെ മൂന്നായി പിരിഞ്ഞ് ജി.എം.യുവിന്റെ മൂന്ന് മിഷൻ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കി. കേരിയും പരിചയമുള്ള മറ്റേമിഷനറിയും ഓരോ ഇടത്തും നവാഗതരായ രണ്ടുപേർ മൂന്നാമത്തെ സ്ഥലത്തും. 1945 ൽ യുദ്ധം തീർന്നപ്പോൾ, വിശ്വസ്തതയോടും ത്യാഗപൂർണ്ണമായും മിഷനറിവേല തുടർന്ന ഈ വനിതകൾ നിമിത്തം പ്രവർത്തനങ്ങൾക്ക് ഒട്ടും ക്ഷീണം വന്നില്ല.

യുദ്ധാനന്തരം ജി.എം.യു മിഷനറിമാർ മൊറോക്കോയിൽ കൂടുതലായി എത്തി. മുതിർന്ന മിഷനറിയായ കേരി ഭാഷപഠിക്കയും പുതിയമിഷനറിമാരെ പരിശീലിപ്പിക്കയും ചെയ്തു. വേലക്കാരുടെ ദൗർലഭ്യം തുടർന്നതിനാൽ 71-ാം വയസ്സിലും കേരിയെ ചെറുപ്പക്കാരിയായ ഒരു മിഷനറിയോടൊപ്പം പുതിയ ഒരു മിഷൻ സ്റ്റേഷൻ തുറക്കാൻ നിയോഗിക്കയുണ്ടായി. 1951 ൽ സ്വദേശികളായ വിശ്വാസികളെ അഭ്യസിപ്പിക്കാൻ ഒരു ബൈബിൾ സ്കൂൾ തുറന്നു. 1952 ൽ ബൈബിൾസ്കൂളിന്റെ സമർപ്പണശുശ്രൂഷനടക്കുമ്പോൾ കേരി ചികിത്സയ്ക്കായി അമേരിക്കയിൽ ആയിരുന്നു. മൊറോക്കോയിലേക്ക് കേരി മടങ്ങിവരും എന്ന് ആരും കരുതിയില്ല. പക്ഷേ 74 -ാം വയസ്സിൽ അവർ മടങ്ങിവന്ന് മിഷനറിവേലയിൽ വ്യാപൃതയായി. മൂന്നു വർഷം തുടർന്നെങ്കിലും തുടർച്ചയായ ആരോഗ്യപ്രശ്നങ്ങളാൽ 1955 ൽ കേരിയെ ജി.എം.യു നിർബ്ബന്ധിച്ച് വിരമിക്കാൻ സമ്മതിപ്പിക്കയായിരുന്നു.

കേരി മൊറോക്കോ വിട്ട അതേ വർഷമാണ് മൊറോക്കോ പിടിച്ചടക്കി ഫ്രാൻസ് മിഷനറിമാർക്ക് കുടുതൽ പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചത്. തുടർന്നുള്ള 12 വർഷം മിഷനറിമാർ മുസ്ലീംജനതയുടെ ഇടയിൽ സ്വതന്ത്രമായി പ്രവർത്തിക്കയും തൽഫലമായി ഏകദേശം മുപ്പതിനായിരംപേർ വേദപുസ്തകപഠനത്തിനായി വിവിധ കോഴ്സുകൾക്ക് ചേരുകയും ചെയ്തു. നിരവധി പേർ ക്രിസ്ത്യാനികളായിത്തീർന്നു.

എന്നാൽ നല്ലകാലം എന്നും നില്ക്കയില്ലല്ലോ? 1967 ൽ മൊറോക്കോ സർക്കാർ എല്ലാ വിദേശമിഷനറിമാരേയും പുറത്താക്കി. ജി.എം.യുഎന്ന മിഷനറിപ്രസ്ഥാനവും 75 വർഷത്തെ പ്രവർത്തനങ്ങൾക്ക് വിരാമം കുറിച്ചു. കേൾക്കാൻ താത്പര്യമുള്ളവർക്കായി റേഡിയോയിലൂടെ സുവിശേഷം ലഭ്യമായിരുന്നെങ്കിലും മൊറോക്കോയിലെ ക്രിസ്തീയസഭ സ്വന്തംകാലിൽ നിൽക്കാൻ നിർബ്ബന്ധിതമായി.

അമേരിക്കയിലെ ഒരു പ്രാദേശികദിനപ്പത്രത്തിൽ 1967 ൽ ഒരു ചരമക്കുറിപ്പ് പ്രത്യക്ഷപ്പെട്ടു. വിരലിൽ എണ്ണാവുന്ന ഒരു ചെറിയകൂട്ടം ആ വൃദ്ധമാതാവിന്റെ ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. അവരിൽ ഏഴുപേർ ക്രിസ്തീയ ശുശ്രൂഷക്കാരായിരുന്നു. രണ്ടേരണ്ട് റീത്തുകൾ മാത്രം ആ പേടകത്തിൽ വച്ചിരുന്നു. കരയാൻ ആരുംതന്നെ ഉണ്ടായിരുന്നില്ല. മോദ് കേരി കർത്താവിന്റെ സന്നിധിയിൽ കടന്നുപോയിരുന്നു.

## എഡിറ്റോറിയൽ തുടർച്ച *പേജ് 4 ൽ നിന്ന്*

ഭാഗങ്ങൾ ശ്രദ്ധിക്കുക). പക്ഷേ ഗിരിപ്രഭാഷണം ഇന്നു തങ്ങൾക്കു പ്രസക്തമാണെന്നു യഥാർത്ഥത്തിൽ കരുതുന്ന വിശ്വാസികൾ എത്രപേരുണ്ട്?

ഉവ്വ് യേശുവിനു ചുറ്റും വിശ്വാസപ്രമാണങ്ങളുടേയും ഉപദേശങ്ങളുടേയും ബാഹ്യമായ ഒരു ചട്ടക്കൂടു പണിത് യഥാർത്ഥ ആത്മീയതയുടെ ആന്തരികധാരയെ സുവിശേഷവിഹിതരെന്ന് അവകാശപ്പെടുന്നവർപോലും ഇന്നു വിട്ടുകളഞ്ഞിരിക്കുന്നു. 'തിരുവെഴുത്തുകൾ വിരൽ ചൂണ്ടുന്ന എന്റെ അടുത്തേക്കുവരുവാൻ മനസ്സില്ലാതെ നിങ്ങൾ തിരുവെഴുത്തുകളെ പരിശോധിക്കുന്നതിൽ എന്തർത്ഥമാണുള്ളതെ'ന്ന് യേശു പരീശന്മാരോട് അന്നു ചോദിച്ചതു തന്നെയല്ലേ (യോഹന്നാൻ 5: 39,40) ഉപദേശങ്ങളിൽ അഭിരമിക്കുകയും യേശുവിന്റെ അടുത്തേക്കുവരുവാൻ മനസ്സില്ലാതെ ഇരിക്കുകയും ചെയ്യുന്നവരോട് യേശുവിന് ഇന്നും ചോദിക്കുവാനുള്ളത്?

ആത്മീയത ഒരു ചട്ടക്കൂടായി മാറിയിരിക്കുന്ന ഇന്ന് മോളിനോസിന്റേയും ഫെനലന്റേയും കാഴ്ചപ്പാടുകളുടെ സമകാലികപ്രസക്തി നാം തിരിച്ചറിയുകയും ക്രിസ്തീയതയുടെ ആന്തരികയഥാർത്ഥ്യങ്ങളെ മുറുകെപ്പിടിക്കുകയും ചെയ്യുമോ? എങ്കിൽ, സത്യം നമ്മുടെ പക്ഷത്തായിരുന്നുവെന്ന് 'അന്ന്' നമുക്കു കാണുവാൻ കഴിയും.

# പണത്തെക്കുറിച്ച് വിചാരപ്പെടുകയോ?

**പ**ണത്തെക്കുറിച്ചുള്ള ചിന്തകൾ പൊതുവേ എല്ലാവരിലുമുണ്ട്. എന്നാൽ പണത്തെ സ്നേഹിക്കുന്നത് ഏത് സാമ്പത്തികനിലയിലുള്ളവരെ സംബന്ധിച്ചാണെങ്കിലും അപകടകരമാണ്. അത്യാഗ്രഹം, കയ്പ്, ഈർഷ്യ, അനാരോഗ്യം എന്നിവ പണസ്നേഹത്തിനു കാരണമായിത്തീരും.

തന്റെ കാലഘട്ടത്തിലെ ഏറ്റവും ധനികരായ മനുഷ്യരിൽ ഒരുവനായിരുന്ന ജോൺ ഡി. റോക്ഫെല്ലർ പണത്തെ അതീവസ്നേഹത്തോടെ അന്വേഷിക്കാനാരംഭിച്ചു. ഫലം മുപ്പത്തിമൂന്ന് വയസ്സായപ്പോഴേക്കും അദ്ദേഹം തന്റെ ആദ്യത്തെ ദശലക്ഷം ഡോളർ സ്വത്തിന്റെ ഉടമയായി. നാല്പത്തിമൂന്നാം വയസ്സിൽ ഭൂമിയിലെ ഏറ്റവും വലിയ ബിസിനസ്സ് സ്ഥാപനം നിയന്ത്രിക്കുന്നത് അദ്ദേഹമായി. അമ്പത്തിമൂന്നാം വയസ്സിൽ ലോകത്തിലെ ഏറ്റവും വലിയ കോടീശ്വരനായി. പക്ഷേ ഇത്രയും ധനികനായിട്ടും അദ്ദേഹം അസന്തുഷ്ടനായിരുന്നു. കാരണം പണം അദ്ദേഹത്തെ ആ നിലയിലാക്കി.

ഒരിക്കൽ റോക്ഫെല്ലർ നാല്പതിനായിരം ഡോളർ വിലവരുന്ന ധാന്യം കപ്പൽകയറ്റി അയച്ചു. പക്ഷേ അദ്ദേഹം അതിന് ഇൻഷുറൻസ് എടുത്തില്ല. കാരണം ഇൻഷുറൻസ് പ്രിമിയമായി നൂറ്റമ്പത് ഡോളർ മുടക്കുന്നത് ഒരു നഷ്ടമായി അദ്ദേഹത്തിന് തോന്നിയിരുന്നു. പക്ഷേ അന്ന് ഒരു വലിയ കൊടുങ്കാറ്റും കോളിളക്കവും സമുദ്രത്തിലുണ്ടായതായി വാർത്ത വന്നു. ആ രാത്രി റോക്ഫെല്ലറുടെ ബിസിനസ്സ് പാർട്ണറായ ജോർജ് ഗാർഡിനർ ഓഫീസിൽ വന്നപ്പോൾ കണ്ടത് കപ്പൽച്ഛേതം മൂലം തന്റെ ധാന്യം നഷ്ടപ്പെട്ടുപോയാലെന്തുചെയ്യുമെന്നോർത്ത് പരിഭ്രാന്തനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന റോക്ഫെല്ലറെയാണ്.

അതുകണ്ട് സഹതാപം തോന്നിയ ഗാർഡിനർ ഉടനെതന്നെ കയറ്റി അയച്ച ധാന്യത്തിന് എങ്ങനെയെങ്കിലും ഒരു ഇൻഷുറൻസ് സംഘടിപ്പിക്കാനായി ഇൻഷുറൻസ് ഓഫീസിലേയ്ക്ക് ധൃതി വച്ചുപോയി. ഒരു വിധത്തിൽ ഇൻഷുറൻസ് സംഘടിപ്പിച്ച് നൂറ്റമ്പത് ഡോളർ പ്രിമിയവുമടച്ച് തിരികെ ഓഫീസിൽ വന്ന ഗാർഡിനർ കണ്ടത് റോക്ഫെല്ലർ കൂടുതൽ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതാണ്. കാരണം സമുദ്രത്തിലെ കോൾ അടങ്ങിയെന്നും കപ്പൽ ശാന്തമായി യാത്ര തുടരുന്നെന്നും ഒരു കേബിൾ ഇതിനകം റോക്ഫെല്ലർക്ക് കിട്ടിയിരുന്നു. അതുകൊണ്ട് ഗാർഡിനർ അടച്ച നൂറ്റമ്പത് ഡോളർ വൃഥാവിലായിപ്പോയല്ലോ എന്നോർത്താണ് റോക്ക്ഫെല്ലർ ഇക്കുറി കൂടുതൽ അസ്വസ്ഥതയോടെ ഓഫീസ് മുറിയുടെ ദൂരം അങ്ങോട്ടും ഇങ്ങോട്ടും നടന്നുതീർത്തുകൊണ്ടിരുന്നത്!

ഈ പണസ്നേഹവും പണം നഷ്ടപ്പെടുമോ എന്ന പരിഭ്രാന്തിയും അദ്ദേഹത്തെ അമ്പത്തിമൂന്നാം വയസ്സിൽ രോഗിയാക്കിത്തീർത്തു. ഒരു വർഷം പോലും ജീവിച്ചിരിക്കുകയില്ല എന്ന സ്ഥിതിയിലായി. പണത്തെക്കുറിച്ചുള്ള ആകുലചിന്ത അദ്ദേഹത്തെ ഏറെക്കുറെ നശിപ്പിച്ചു എന്നുതന്നെ പറയാം. അപ്പോഴാണ് ഈ അസന്തുഷ്ടനായ മനുഷ്യൻ പണത്തിന്റെ വിനാശകരമായ ശക്തിയെക്കുറിച്ച് ബോധവാനായത്. അദ്ദേഹം എങ്ങനെയും ഈ പണത്തിന്റെ പിടിയിൽനിന്ന് വിമോചിതനാകാനാഗ്രഹിച്ചു. കൂടുതൽ ഡോളറുകൾ കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്നതിനു പകരം അദ്ദേഹം കൈയിലുള്ളവ വിട്ടുകളയാൻ തുടങ്ങി-ഒന്നും രണ്ടുമല്ല ദശലക്ഷക്കണക്കിന് ഡോളറുകൾ.

നേടുന്നതിൽ നിന്നു കൊടുക്കുന്നതിലേക്കുള്ള വ്യതിയാനം റോക്ഫെല്ലറുടെ ജീവിതത്തിൽ അത്ഭുതം തന്നെ സൃഷ്ടിച്ചു. സ്വയാന്വേഷണമനോഭാവം മറ്റുള്ളവരെ അന്വേഷിക്കുന്ന മനോഭാവത്തിന് വഴിമാറിയപ്പോൾ അദ്ദേഹം സന്തുഷ്ടനും ആരോഗ്യവാനുമായിത്തീർന്നു. സ്വയജീവനെ നഷ്ടപ്പെടുത്തിയപ്പോൾ അദ്ദേഹം അതിനെ നേടി. തൊണ്ണൂറ്റെട്ടുവയസ്സെന്ന പൂർണ്ണായുസ്സോളം അദ്ദേഹം ഭൂമിയിൽ സന്തോഷവാനായി ജീവിച്ചു.

കൂടുതൽ കൂടുതൽ നേടുന്നതിനു പകരം കൂടുതൽ കൂടുതൽ നൽകുന്നതിനെ നിങ്ങൾ തിരഞ്ഞെടുക്കുമോ? "കൊടുപ്പീൻ എന്നാൽ നിങ്ങൾക്കു കിട്ടും" എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞത് (ലൂക്കോസ് 6:38). നിങ്ങൾ നൽകുന്നതിലധികം തിരിച്ച് നൽകിക്കൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുക, നിങ്ങളുടെ ആരോഗ്യംമെച്ചപ്പെടുത്തുക, നിങ്ങളുടെ ആയുസ്സ് നീട്ടിത്തരിക എന്നിവ ചെയ്യുവാൻ തനിക്ക് ശക്തിയുണ്ടെന്ന് തെളിയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

(സമാഹൃതം) ○





# നാവിനെ മെരുക്കിയെടുക്കുക

ലിയോനാർഡ് റാവൻഹിൽ

**അ**ടുത്ത കാലംവരെ മനുഷ്യശരീരത്തെപ്പറ്റി നമ്മൾ മിക്കവാറും അജ്ഞരായിരുന്നു. അങ്ങനെയിരിക്കെ മനുഷ്യവംശത്തെ അതിന്റെ കഷ്ടപ്പാടിൽ നിന്നു രക്ഷിക്കുവാൻ കഴിവുള്ള വിശിഷ്ടമായ ഒരു ഉപകരണം ആവിഷ്ക്കരിക്കപ്പെട്ടു-മറഞ്ഞിരിക്കുന്നതെല്ലാം വെളിച്ചത്തു കൊണ്ടുവരുവാൻ കഴിവുള്ള എക്സ്റേ.

മനുഷ്യശരീരത്തിനുള്ളിലുള്ളതു കാണിക്കുവാൻ എക്സ്റേയ്ക്കു കഴിവുണ്ട്. എന്നാൽ ആത്മാവിനെ കാണിക്കുവാൻ അതിന് കഴിയുകയില്ല. തൊണ്ടയെ കാണിക്കുവാൻ അതിന് കഴിയും. എന്നാൽ ശബ്ദത്തെ കാണിക്കുവാൻ കഴിയുകയില്ല. തലച്ചോറ് കാണിക്കും. പക്ഷേ മനസ്സ് കാണിക്കുകയില്ല.

നശിച്ചുപോകുന്ന ഈ ബാഹ്യമനുഷ്യനെ (നമ്മുടെ ശരീരത്തെ) സഹായിക്കുവാൻ വൈദ്യശാസ്ത്രം അനേക കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നമ്മുടെ കണ്ണിന്റെ കാഴ്ച മങ്ങുകയാണെങ്കിൽ നമുക്ക് കണ്ണട വയ്ക്കാം. കിഡ്നിയുടേയോ ഹൃദയത്തിന്റെയോ പ്രവർത്തനം നിലച്ചാൽ നമുക്ക് പുതിയവ വച്ചുപിടിപ്പിക്കാം. എന്നാൽ എന്റെ അറിവിൽപ്പെട്ടിടത്തോളം ഒരിക്കലും മാറ്റിവച്ചിട്ടില്ലാത്ത ഒരു അവയവം നമ്മുടെ ശരീരത്തിലുണ്ട്. ഈ അവയവം ഉപയോഗിച്ചതുപോലെ, നമ്മുടെ കൈയോ കാലോ ഉപയോഗിക്കുകയായിരുന്നെങ്കിൽ അവിശ്വസനീയമായ വിധം നമ്മൾ നീരുവന്ന് വേദനിച്ച് ചലനശേഷി നഷ്ടപ്പെട്ടവരായിത്തീരുമായിരുന്നു. എന്നാൽ, ഈ അവ

**നാവ് ഒരിക്കലും ക്ഷീണിക്കുകയില്ല. ഒടിവോ ഉളുക്കോ ഉണ്ടായിട്ട് ഇതു കമ്പുവച്ചുകെട്ടി ഒരിക്കലും ഞാൻ കണ്ടിട്ടുമില്ല. പ്രായമാകുമ്പോൾ നിങ്ങൾ കൃത്രിമദന്തനിര വയ്ക്കുമായിരിക്കും. എന്നാൽ ജനിച്ചപ്പോഴുള്ള അതേ *'നാവ്'* തന്നെയായിരിക്കും ജീവിതകാലം മുഴുവൻ നിങ്ങൾക്കുള്ളത്. ഇന്നത്തെകാലത്ത് കൃത്രിമസന്ധികൾ പോലും നിർമ്മിക്കുന്നുണ്ട്. എന്നാൽ കൃത്രിമനാവുകൾ നിർമ്മിക്കുന്നില്ല.**

യവം (നാവ്) ഒരിക്കലും ക്ഷീണിക്കുകയില്ല. ഒടിവോ ഉളുക്കോ ഉണ്ടായിട്ട് ഇതിനു കമ്പുവച്ചുകെട്ടി ഒരിക്കലും ഞാൻ കണ്ടിട്ടുമില്ല. പ്രായമാകുമ്പോൾ നിങ്ങൾ കൃത്രിമദന്തനിര വയ്ക്കുമായിരിക്കും. എന്നാൽ ജനിച്ചപ്പോഴുള്ള അതേ *'നാവ്'* തന്നെയായിരിക്കും ജീവിതകാലം മുഴുവൻ നിങ്ങൾക്കുള്ളത്. ഇന്നത്തെകാലത്ത് കൃത്രിമസന്ധികൾ പോലും നിർമ്മിക്കുന്നുണ്ട്. എന്നാൽ കൃത്രിമനാവുകൾ നിർമ്മിക്കുന്നില്ല. നാവിന്റെ കാര്യം വരുമ്പോൾ എന്റെ അമ്മ അതേപ്പറ്റി വളരെ വിവേകത്തോടെ സംസാരിക്കാറുള്ളതു ഞാനോർക്കുന്നു: ''നിങ്ങളുടെ നാവിനെ നിങ്ങളുടെ പല്ലുകളുടെ ഇടയിൽ സൂക്ഷിക്കുക". "ഒരു പ്രാവശ്യം സംസാരിക്കുന്നതിനുമുമ്പായി രണ്ടുപ്രാവശ്യം ചിന്തിക്കുക". എന്നിങ്ങനെ സുഭാഷിതങ്ങൾ മേമ്പൊടി ചേർത്താണ് അവർ എല്ലായ്പ്പോഴും സംസാരിച്ചിരുന്നത്. സ്കോട്ട്ലാൻഡിലെ ചില പഴമൊഴികൾ ഇങ്ങനെയാണ്: "നിങ്ങളുടെ നാവിനെ ജയിലിൽ അടയ്ക്കുക; എന്നാൽ നിങ്ങളുടെ ശരീരം സ്വതന്ത്രമാകും", നീളമുള്ള നാവ് സൗഹൃദത്തെ ഹ്രസ്വമാക്കും." എന്റെ അമ്മ ഞങ്ങളോട് ഊന്നിപ്പറയുന്ന ഒരു കാര്യമുണ്ട്. "നിങ്ങൾ പറയുന്ന ഓരോ വാക്കിനും ഒരു ദിവസം ദൈവസന്നിധിയിൽ മറുപടി പറയേണ്ടി വരും എന്ന് ഓർത്തുകൊള്ളുക".

പലതരത്തിലുള്ള നാവിനെപ്പറ്റി വിശുദ്ധവേദപുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്:

മുഖസ്തുതി പറയുന്ന നാവ്
(സങ്കീർത്തനം 5:9)

വമ്പുപറയുന്ന നാവ്
(സങ്കീർത്തനം 12:3;73:19)

വ്യാജമുള്ള നാവ്
(സങ്കീർത്തനം109:2, സദൃശ. 6:17)

വഞ്ചനയുള്ള നാവ്
(സങ്കീർത്തനം 120:2)

വക്രതയുള്ള നാവ്
(സദൃശ 10:31, 17:20)

ശാന്തതയുള്ള നാവ്
(സദൃശ 15:4)

സുഖപ്രദമായ നാവ്
(സദൃശ 12:18)

നാശകരമായ നാവ്
(സദൃശ 17:4)

ദോഷവും അതിക്രമവും
ഉള്ള നാവ്
(സങ്കീർത്തനം 10:7)

മൃദുവായ നാവ്
(സദൃശ 25:15)

ഏഷണി പറയുന്ന നാവ്
(സദൃശ 25:23)

യാക്കോബ് അപ്പോസ്തലനും നാവിനെപ്പറ്റി പറയുന്നുണ്ട്. ശരീരത്തിലെ ഒരു ചെറിയ അംഗം എങ്കിലും, നാവ് വളരെ വമ്പു പറയുന്നു. നാവിനെ തീ എന്ന് വിളിക്കുക മാത്രമല്ല, അത് അകൃത്യത്തിന്റെ ലോകം തന്നെ എന്ന് അദ്ദേഹം വിശേഷിപ്പിക്കുകയും ചെയ്യുന്നു. ആരാലും മെരുക്കുവാൻ പറ്റാത്തതും, മരണകരമായ കൊടിയ വിഷം നിറഞ്ഞതുമായ അത് അടങ്ങാത്ത ദോഷം തന്നെ: അതേ നാവുതന്നെ ഒരേസമയം ദൈവത്തെ സ്തുതിക്കാനും മനുഷ്യനെ ശപിക്കു





**"നിങ്ങളുടെ നാവിനെ നിങ്ങളുടെ പല്ലുകളുടെ ഇടയിൽ സൂക്ഷിക്കുക".**
**"ഒരു പ്രാവശ്യം സംസാരിക്കുന്നതിനുമുമ്പായി രണ്ടുപ്രാവശ്യം ചിന്തിക്കുക".**
**"നിങ്ങളുടെ നാവിനെ ജയിലിൽ അടയ്ക്കുക; എന്നാൽ നിങ്ങളുടെ ശരീരം സ്വതന്ത്രമാക്കും".**
**"നീളമുള്ള നാവ് സൗഹൃദത്തെ ഹ്രസ്വമാക്കും."**

വാനും ഉപയോഗിക്കുന്നു. തന്റെ വാക്കിൽ തെറ്റാതിരിക്കുന്നവൻ ***സൽഗുണപൂർത്തിയുള്ള*** പുരുഷൻ ആകുന്നു എന്നും അപ്പോസ്തലൻ പറഞ്ഞിട്ടുണ്ട് (യാക്കോബ് 3:2-10)

യാക്കോബ് അപ്പോസ്തലൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ, മനുഷ്യൻ കൈപ്പിടിയിലൊതുക്കിയ കാര്യങ്ങൾ കണ്ട് അദ്ദേഹം അന്ധാളിച്ചുപോകുമായിരുന്നു. വിസ്മയകരമായ പേടകങ്ങൾക്കുള്ളിലാക്കി മനുഷ്യരെ നാം ശൂന്യാകാശത്തേയ്ക്കു വിക്ഷേപിച്ചു. മാസങ്ങളോളം ജലോപരിതലത്തിലേയ്ക്ക് വരാതവണ്ണം അന്തർവാഹിനികളിലാക്കി കടലിന്റെ അഗാധതയിലേയ്ക്ക് നാം മനുഷ്യരെ വിട്ടു. മനുഷ്യൻ ചന്ദ്രനെ അവന്റെ കാൽക്കീഴിലാക്കുകയും, ആഴിയുടെ അടിത്തട്ടിൽ അവന്റെ കാല്പ്പാടുകൾ പതിപ്പിക്കുകയും ചെയ്തു. നമ്മുടെ ശബ്ദം ലോകമെമ്പാടും പ്രതിഫലിപ്പിക്കുവാൻ കഴിവുള്ള അത്ഭുതാവഹമായ ഉപഗ്രഹങ്ങൾ ശൂന്യാകാശത്ത് നാം നിക്ഷേപിച്ചു. വമ്പൻ കാറ്റാടി യന്ത്രങ്ങൾകൊണ്ട് കാറ്റിനെ പിടിച്ചു നിർത്തുകയും, വൈദ്യുതി ഉത്പാദന യന്ത്രങ്ങളെ പ്രവർത്തിപ്പിക്കുവാൻ തക്കവണ്ണം നദികളെയും വെള്ളച്ചാട്ടങ്ങളെയും നിയന്ത്രിക്കുകയും ചെയ്തത് എങ്ങനെയെന്ന് ശ്രദ്ധിക്കുക. എത്രമാത്രം അവിശ്വസനീയമായ അധികാരമാണ് മനുഷ്യന് തന്റെ ലോകത്തിന്റെ മേൽ ഉള്ളത്! എന്നിട്ടും, സ്വന്തം നാവിനെ ഇന്നോളം അവൻ കീഴടക്കിയിട്ടില്ല!!

**നാവ്- നാശകരമായ ഒരുവാൾ**

സങ്കീർത്തനം 64:3 ൽ നാവിനെ 'വാൾ' എന്ന് വിളിച്ചിരിക്കുന്നു. മാനവരാശിയുടെ തുടക്കം മുതൽ ഉണ്ടായിട്ടുള്ള എല്ലാ യുദ്ധങ്ങളിലും ഉപയോഗിച്ചിട്ടുള്ള മുഴുവൻ വാളുകളും കൊണ്ട് ഉണ്ടായിട്ടുള്ളതിനേക്കാൾ കൂടുതൽ നാശനഷ്ടങ്ങളും ചതവും, മുറിവും, കൊലപാതകവും തീർച്ചയായും നാവെന്ന വാൾ ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾക്ക് ഇത് പലതവണ അനുഭവമായിട്ടുണ്ടാകുമല്ലോ. ഉദാഹരണത്തിന് ഒരു നവദമ്പതികളുടെ കാര്യം തന്നെ എടുക്കുക. വിവാഹത്തിന്റെ ആദ്യനാളുകളിൽ കുറുപ്രാവുകളെപ്പോലെ അവർ കഴിയുന്നു. എന്നാൽ പെട്ടെന്നൊരു ദിവസം ഭർത്താവിന്റെ സമനില തെറ്റുന്നു. ജീവിതകാലം മുഴുവൻ പശ്ചാത്തപിക്കേണ്ട വാക്കുകളാലും, അനിയന്ത്രിതമായ കോപത്താലും തന്റെ ഭാര്യയുടെ ഹൃദയത്തെയും വികാരങ്ങളെയും അയാൾ കീറിമുറിക്കുന്നു. എന്തുചെയ്യാം! പറഞ്ഞുപോയി!! നഷ്ടം വരുത്തിക്കഴിഞ്ഞു!!! "തൊടുത്തുവിട്ട അമ്പും, ഒഴുകിപ്പോയ വെള്ളവും, പറഞ്ഞുപോയ വാക്കും തിരിച്ചെടുക്കുവാൻ പറ്റുകയില്ല" ഈ പഴഞ്ചൊല്ല് കൂടെക്കൂടെ ഓർക്കേണ്ടത് എത്ര ആവശ്യമായിരിക്കുന്നു! ഞാൻ പഠിച്ചിട്ടുള്ള ഒരു പഴയകാലപദ്യം ഇങ്ങനെയാണ്:

"കോപത്തിന്റെ വാക്കുകൾ, അവയൊരിക്കലും
കടിഞ്ഞാണില്ലാതെ നാവിൽനിന്ന് വഴുതാതിരിക്കട്ടെ.
ആത്മാവിന്റെ ഏറ്റവും നല്ല പ്രചോ

**വിസ്മയകരമായ പേടകങ്ങൾക്കുള്ളിലാക്കി മനുഷ്യരെ നാം ശൂന്യാകാശത്തേയ്ക്കു വിക്ഷേപിച്ചു. അന്തർവാഹിനികളിലാക്കി കടലിന്റെ അഗാധതയിലേയ്ക്ക് നാം മനുഷ്യരെ വിട്ടു. മനുഷ്യൻ ചന്ദ്രനെ കാൽക്കീഴിലാക്കുകയും, ആഴിയുടെ അടിത്തട്ടിൽ കാല്പാടുകൾ പതിപ്പിക്കുകയും ചെയ്തു. എത്രമാത്രം അവിശ്വസനീയമായ അധികാരമാണ് മനുഷ്യന് തന്റെ ലോകത്തിന്റെ മേൽ ഉള്ളത്! എന്നിട്ടും, സ്വന്തം നാവിനെ ഇന്നോളം അവൻ കീഴടക്കിയിട്ടില്ല!!**

ദനം കൊണ്ട്
അവയ്ക്ക് തടയിടുക;
അവ അധരങ്ങളെ ദുഷിപ്പിക്കുന്നതിനു മുൻപ്.
കോപത്തിന്റെ വാക്കുകൾ പെട്ടെന്ന് പറഞ്ഞുപോകുന്നു.
കയ്പുള്ള ചിന്തകൾ തിടുക്കത്തിൽ ഇളക്കപ്പെടുന്നു,
ജീവിതത്തിലേറ്റവും ഊഷ്മളമായ കണ്ണികൾ തകർക്കപ്പെടുന്നു,
കോപത്തിന്റെ ഒരൊറ്റ വാക്കിനാൽ തന്നെ."

ആകാശത്തിലെ നക്ഷത്രങ്ങളെക്കാൾ എണ്ണത്തിൽ കൂടുതലുള്ള എന്തെങ്കിലുമുണ്ടോ? കടൽക്കരയിലെ മണൽത്തരികളുടെ എണ്ണത്തെപ്പറ്റി, അല്ലെങ്കിൽ, ലോകത്തിലുള്ള സകല ചെടികളിലേയും ഇലകളുടെ എണ്ണത്തെപ്പറ്റി എന്തുപറയുന്നു? ഇതെല്ലാം കൂട്ടിയാലും ആ എണ്ണത്തേയും കവിയുന്ന ഒരു കാര്യം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു! 'നാവ്' എന്നു വിളിക്കപ്പെടുന്ന ഈ ചെറിയ സത്വം പറയുന്ന കാര്യങ്ങൾ തന്നെ. വായെന്ന ഗുഹയിൽ, ദന്തനിരകളാകുന്ന പട്ടാളക്കാരാൽ കാക്കപ്പെടുന്ന നിയന്ത്രണാതീതനായ ഈ ചെറിയ ചുവന്ന വിപ്ലവകാരി! ഒന്ന് ചിന്തിച്ചുനോക്കൂ: ഇന്ന് ലോകമെമ്പാടും ടെലിഫോണിൽകൂടി എത്രമാത്രം വാക്കുകൾ പറഞ്ഞിട്ടുണ്ടാകും? ടെലിവിഷനും റേഡിയോയും പ്രക്ഷേപിച്ച എത്രമാത്രം വാക്കുകൾ ഈ ഭൂമണ്ഡലത്തിൽ തങ്ങിനിൽക്കുന്നുണ്ടാകും? ശരീരത്തിലുള്ള മറ്റെല്ലാ അവയവങ്ങളും വരുത്തിവച്ചതിനേക്കാൾ കൂടുതൽ നാശം *നാവ്* ഉണ്ടാക്കിയിട്ടുണ്ട്.

നമ്മൾ പറയുന്ന വാക്കുകളുടെ ഉത്തരവാദിത്വം നമുക്കു തന്നെയാണ്. *"എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോട് പറയുന്നു. നിന്റെ വാക്കുകളാൽ നീ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും."* (മത്തായി 12:36-37). നമ്മുടെ സ്വന്തം വാക്കുകൾ നമ്മെ കെണിയിൽ അകപ്പെടുത്തിക്കളയും (സദൃശ 6:2). വാഗ്ദാന ലംഘനങ്ങളാലും നിറവേറ്റാത്ത ശപഥങ്ങളാലും നമ്മൾ കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. വീണ്ടുവിചാരമില്ലാത്ത, വിമർശനങ്ങളാലും മുൻപിൻനോക്കാത്ത വിധിനിർണ്ണയങ്ങളാലും അതു തന്നെയാണ് സംഭവിക്കുന്നത്. *"നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്ന് തീയതു പുറപ്പെടുവിക്കുന്നു."* (മത്തായി 12:34-35)

വിഷലിപ്തമായ ഒരു ചതിക്കുഴി, പൈശാചികത്വത്തിന്റെ ഒരു നിലവറ, മ്ലേച്ഛതയുടെ ഒരു അഗാധഗർത്തം, അരാജകത്വത്തിന്റെ ഒരു പടുകുഴി മനുഷ്യഹൃദയത്തിന് ഇങ്ങനെയെല്ലാം ആയിരിപ്പാൻ കഴിയും. യാഥാർത്ഥ്യത്തിൽ







**വിവാഹത്തിന്റെ ആദ്യനാളുകളിൽ കുറുപ്രാവുകളെപ്പോലെ അവർ കഴിയുന്നു. എന്നാൽ പെട്ടെന്നൊരു ദിവസം ഭർത്താവിന്റെ സമനില തെറ്റുന്നു. ജീവിതകാലം മുഴുവൻ പശ്ചാത്തപിക്കേണ്ട വാക്കുകളാലും, അനിയന്ത്രിതമായ കോപത്താലും തന്റെ ഭാര്യയുടെ ഹൃദയത്തെയും വികാരങ്ങളെയും അയാൾ കീറിമുറിക്കുന്നു. എന്തുചെയ്യാം! പറഞ്ഞുപോയി!!**

സകല അശുദ്ധിയുടേയും സകല പാപത്തിന്റേയും നിർമ്മാണശാലയാണ് അത്! ഇങ്ങനെയുള്ള ഹൃദയത്തിന്റെ പ്രദർശനശാലയാണ് നാവ്. ഹൃദയത്തിന്റെ ദുഷ്ടതയെ പെരുപ്പിച്ചുകാണിക്കുവാൻ എന്റെ ലളിതമായ വാക്കുകൾക്ക് സാധിക്കുകയില്ല. മ്ലേച്ഛമായ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന മ്ലേച്ഛത അധരങ്ങളിൽ കൂടിയാണ് പുറത്തുവരുന്നത്. ഇതിനെപ്പറ്റി എനിക്കു പറയാവുന്ന കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞാലും, ഏറ്റവും ശക്തമായ വാക്കുകൾ തീർച്ചയായും സദൃശവാക്യങ്ങൾ 18:21 ൽ സദൃശവാക്യകാരൻ പറഞ്ഞിട്ടുള്ളതു തന്നെയാണ്:- *"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു".*

### ഉരുളുന്ന കഥ

ഉരുളുന്ന കല്ലിൽ പായൽ പിടിക്കുകയില്ല, പക്ഷേ കൈമറിഞ്ഞുപോകുന്ന ഒരു കഥയുടെ കാര്യമോ? ഓരോ തവണയും ആവർത്തിക്കുമ്പോൾ അതിനോട് ചിലത് കൂട്ടിച്ചേർക്കുകയും അതിൽ നിന്ന് ചിലത് എടുത്തു മാറ്റുകയും ചെയ്ത് അവസാനം അത് സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു കാര്യമായിത്തീരുന്നു! ഒരു കുശുകുശുപ്പിൽ നിന്ന് ഒരു കിംവദന്തി ആരംഭിക്കുന്നു- അത് വലുതായി, വലിയ കോലാഹലമായി, ആരുടെയൊക്കെയോ ഹൃദയത്തെ തകർത്തു കളയുന്നു. *വാക്കുപെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല; അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ.* (സദൃശ 10:19). *ഭോഷൻ വാക്കുകളെ വർദ്ധിപ്പിക്കുന്നു".* (സഭാപ്ര: 10:14). ഈ വചനങ്ങൾ നിങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ടോ?

"എന്റെ കർത്താവേ, ആവശ്യമില്ലാതെ എന്തു മാത്രം വേദനയാണ് ഞങ്ങൾ സഹിക്കുന്നത്..." (സ്വയം സഹതാപത്താൽ നിറഞ്ഞ്)-പലപ്പോഴും നമ്മൾ ഈ പാട്ടുപാടാറില്ലേ? നമ്മുടെ സംസാരം കൊണ്ട് മറ്റുള്ളവരുടെ ഹൃദയത്തെ കീറിക്കളയുകയും, മുറിപ്പെടുത്തുകയും, വേദനിപ്പിക്കു

**പ്രിയ സുഹൃത്തേ, ഇപ്പോൾ തന്നെ ഒരു സ്വയപരിശോധനാ പട്ടിക ഉണ്ടാക്കുക. തർക്കിച്ചു ജയിക്കുവാൻ വേണ്ടി മാത്രം യാതൊരു പ്രയോജനവുമില്ലാത്തതും, അപഹാസ്യവുമായ വാദപ്രതിവാദങ്ങളിൽ നിങ്ങൾ ഏർപ്പെടാറുണ്ടോ? അത്തരം സന്ദർഭങ്ങളിൽ മിക്കവാറും സംഭവിക്കുന്നത് വാദപ്രതിവാദത്തിൽ നമ്മൾ ജയിക്കും, പക്ഷേ സുഹൃത്തിനെ നഷ്ടമാകും.**

കയും ചെയ്യുമ്പോൾ; ആവശ്യമില്ലാതെ എന്തുമാത്രം വേദനയാണ് നമ്മൾ ഉണ്ടാക്കുന്നത്! നമ്മുടെ സംഭാഷണത്തിലെ ഗൗരവമില്ലായ്മയെപ്പറ്റിയും, ശുശ്രൂഷകന്മാരുടെ സംഭാഷണങ്ങളിലെ അശ്രദ്ധയും അതിഭാവുകത്വവും കലർന്ന ഭാഷാശൈലിയെപ്പറ്റിയും ഒരു വാക്കു മുന്നറിയിപ്പു തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവചനത്താൽ ഒരിക്കലും ന്യായീകരിക്കപ്പെടാൻ കഴിയാത്ത വിധം എത്രമാത്രം മോശമായ കാര്യങ്ങളാണ് നമ്മുടെ അധരങ്ങളിൽ നിന്ന് പുറത്തുവരുന്നത്!

ഒരുകാലത്ത് പ്രഗല്ഭനായ ഒരു ഫുട്ബോൾ കളിക്കാരനായിരുന്ന അതികായനായ ഒരു മനുഷ്യനെ ഞാൻ ഈയിടെ കണ്ടുമുട്ടി. ഇപ്പോൾ മുഴുസമയ സുവിശേഷകനായ, വളരെ ഭക്തനായ, ഒരാൾ. തനിക്കെതിരായി വിശ്വാസികൾ പ്രചരിപ്പിക്കുന്ന അപഖ്യാതിയെയും ചതിവിനെയും പറ്റി പറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി. "മിസ്റ്റർ റാവൻഹിൽ, ഞാൻ സ്വഭാവഹത്യയ്ക്കു വിധേയനായിരിക്കുകയാണ്" എന്ന് ഗദ്ഗദകണ്ഠനായി അദ്ദേഹം പറഞ്ഞു. അദ്ദേഹത്തോട് ഞാൻ ഇപ്രകാരമാണ് പ്രതികരിച്ചത്. "പ്രിയസുഹൃത്തേ, മിക്ക ക്രിസ്ത്യാനികളെയും പോലെ നിങ്ങളും ഒരു മിഥ്യാധാരണയുടെ അടിമയായിരിക്കുകയാണ്. നിങ്ങളുടെ സ്വഭാവത്തെ (വ്യക്തിത്വം) നശിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല. സ്വാഭാവം എന്നത് നീ എന്താണെന്ന് ദൈവം *അറിയുന്നതാണ്.* മാന്യത എന്നത് നീ എന്താണെന്ന് പൊതുജനം *വിചാരിക്കുന്നതാണ്.* അവർ നിങ്ങളെപ്പറ്റി നുണ പ്രചരിപ്പിച്ചുകാണും. മറ്റു സഭകളിൽ പോയി പ്രസംഗിക്കുവാൻ പറ്റാത്തവിധം കാര്യങ്ങൾ കുഴപ്പത്തിലാക്കിക്കാണും. പക്ഷേ നിങ്ങൾ ഇതോർത്തു കൊള്ളുക, (പ്രിയ വായനക്കാരാ, താങ്കളും ഇതോർത്തു കൊള്ളുക) നിങ്ങളുടെ വ്യക്തിത്വത്തെ നശിപ്പിക്കാൻ പറ്റുന്ന ഒരേ ഒരു വ്യക്തി നിങ്ങളാണ്. പറയുന്നവനെ ന്യായം വിധിക്കുന്നതിനു വേണ്ടിയല്ലാതെ ദൈവം അപവാദങ്ങൾക്ക് ചെവികൊടുക്കാറില്ല. ദൈവത്തിന്റെ മൂല്യനിർണ്ണയത്തിൽ നിങ്ങളുടെ നിലവാരം ഉയർത്തുവാനോ താഴ്ത്തുവാനോ കഴിയുന്ന ഒരേ ഒരാൾ നിങ്ങൾ മാത്രമാണ്– ഒന്നുകിൽ നിങ്ങളുടെ അനുസരണത്താൽ, അല്ലെങ്കിൽ നിങ്ങളുടെ അനുസരണക്കേടിനാൽ അതു സംഭവിക്കും".

**നാവിന്റെ ഉത്പന്നങ്ങൾ**

ഇന്നത്തെ ക്രിസ്ത്യാനികൾ കൊരിന്തിലെ ക്രിസ്ത്യാനികളേക്കാൾ മെച്ചപ്പെട്ട നിലയിലാണോ? അവർക്ക് ഉപയോഗിക്കുവാൻ വിശുദ്ധവേദപുസ്തകം ഇല്ലായിരുന്നു എങ്കിലും പൗലോസ് അപ്പോസ്തൊലൻ ധൈര്യപൂർവ്വം അവർക്ക് കത്തെഴുതി, "*ഞാൻ വരുമ്പോൾ ഞാൻ ഇച്ഛിക്കാത്തവിധത്തിൽ നിങ്ങളെ കാണുകയും നിങ്ങൾ ഇച്ഛിക്കാത്തവിധത്തിൽ എന്നെ കാണുകയും ചെയ്യുമോ എന്നും; പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടാകുമോ എന്നും ഞാൻ ഭയപ്പെടുന്നു.*" ഇവയെല്ലാം നാവിന്റെ ഉത്പന്നങ്ങളാണ്. പ്രിയ സുഹൃത്തേ ഇപ്പോൾ തന്നെ ഒരു സ്വയപരിശോധനാ പട്ടിക





ഉണ്ടാക്കുക. തർക്കിച്ചു ജയിക്കുവാൻ വേണ്ടി മാത്രം യാതൊരു പ്രയോജനവുമില്ലാത്തതും, അപഹാസ്യവുമായ വാദപ്രതിവാദങ്ങളിൽ നിങ്ങൾ ഏർപ്പെടാറുണ്ടോ? അത്തരം സന്ദർഭങ്ങളിൽ മിക്കവാറും സംഭവിക്കുന്നത് വാദപ്രതിവാദത്തിൽ നമ്മൾ ജയിക്കും, പക്ഷേ സുഹൃത്ത് നഷ്ടമാകും. ക്രിസ്ത്യാനികൾ എന്ന് നടിച്ചിരുന്ന കൊരിന്തുകാരുടെ ഇടയിൽ പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടായിരുന്നു എന്ന് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു.

യേശുക്രിസ്തുവിനുശേഷം ലോകത്തിൽ ജീവിച്ചിരുന്ന സകല ഉപദേഷ്ടാക്കളേക്കാളും ഏറ്റവും മഹാൻ പൗലോസ് അപ്പൊസ്തൊലൻ ആയിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും എത്ര താഴ്മയോടെയാണ് അദ്ദേഹം എഴുതിയത്. "*ഞാനും സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നത്. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു*". (കൊരിന്ത്യ 2:1-3). ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച്, സാത്താന്റെ കോട്ടകളെ തകർത്തുകളയുകയും അവനെ നെട്ടോട്ടം ഓടിക്കുകയും ചെയ്യുന്ന പ്രഗല്ഭനായ ഒരു അപ്പോസ്തലനിൽ നിന്നുള്ള വാക്കുകളാണ് ഇതെന്ന് വിശ്വസിക്കുവാൻ ബുദ്ധിമുട്ടാണ്.

തുടർന്ന് 4-ാം വാക്യത്തിൽ "*എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല...*" എന്നെഴുതിയിരിക്കുന്നു. തീപ്പൊരി പ്രസംഗങ്ങൾ കൊണ്ട് ചെപ്പടിവിദ്യകാണിക്കുന്ന ജനസമ്മതനായ ഒരു പ്രസംഗകനായിരുന്നില്ല അദ്ദേഹം. യേശുവിനെ മഹത്വപ്പെടുത്തുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വേല. പ്രസംഗത്തെക്കാൾ പ്രസംഗകനെയാണ് ജനം ഓർക്കുന്നതെങ്കിൽ എവിടെയോ തെറ്റുപറ്റി. തന്റെ പ്രസംഗം ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല, പിന്നെയോ "*ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്*". എന്ന് അദ്ദേഹം പറയുന്നു. പല പ്രസംഗകരെയും പോലെ മനംമയക്കുന്നതും പകിട്ടുള്ളതുമായ വാക്കുകൾ പരതി അദ്ദേഹം സമയം നഷ്ടപ്പെടുത്തിയിട്ടില്ല. അപ്പോസ്തൊലന്റെ താത്പര്യം യേശുക്രിസ്തുവിനെയും അവന്റെ ക്രൂശുമരണത്തെയും മാത്രം ഉയർത്തിക്കാട്ടുക എന്നുള്ളതായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ അലക്ഷ്യമായതോ ജഡികമായതോ ആയ കാര്യങ്ങൾ ഇല്ലായിരുന്നു, എന്നുമാത്രമല്ല വിവേകരഹിതമായ യാതൊന്നും തന്നെ ഇല്ലായിരുന്നു.

പൗലൊസ് അപ്പൊസ്തൊലന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക. "*മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു. നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചു കൊൾവിൻ.... കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യംപോലെ ആത്മികവർദ്ധനയ്ക്കായി നല്ലവാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്... എല്ലാ കൈപ്പും, കോപവും ക്രോധവും കൂറ്റാരവും ദൂഷ*

**"എന്റെ രക്ഷകന്റെ സ്തുതി പാടുവാൻ ആയിരം നാവെനിക്കു തരണമേ..."? എന്ന് വലിയ സഭായോഗങ്ങളിൽ പാടുമ്പോൾ ഞാൻ ഞെട്ടിപ്പോകാറുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? എന്റെ ദൈവമേ, അവർക്കു ആയിരം നാവുണ്ടായിരുന്നുവെങ്കിൽ, കുശുകുശുപ്പും, വിമർശനവും, ഏഷണിയും ഇപ്പോഴുള്ളതിനേക്കാൾ 999 മടങ്ങ് കാണുമായിരുന്നേനെ! ഭൂമി നരകമാകും, സഭയുടെ കാര്യവും തഥൈവ!**

*ണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ".* (എഫെസ്യർ 4:22-31)

"ചീത്തത്തരം, പൊട്ടച്ചൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്"... (എഫെ 5:14) എന്ന് അപ്പൊസ്തൊലൻ നമ്മെ ഉദ്ബോധിപ്പിക്കുക കൂടി ചെയ്യുന്നു. അത്താഴവിരുന്നിന് ഇരിക്കുമ്പോൾ ഭക്ഷണമേശയ്ക്കു ചുറ്റും ഇരുന്ന് സദാചാരസീമകളെ ലംഘിച്ചുകൊണ്ട് അറപ്പുളവാക്കുന്ന രീതിയിൽ ശുശ്രൂഷകന്മാർ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഫലിതം എനിക്കിഷ്ടമാണ്. പക്ഷേ മൂഢത്വം, ചീത്തത്തരം, കളിവാക്ക് ഇതൊന്നും ഇഷ്ടമല്ല. അയ്യോ, ബാലിശമായ എത്ര മണ്ടത്തരങ്ങളാണ് നമ്മൾ പറഞ്ഞിട്ടുള്ളത്!! എ. ഡബ്ല്യു ടോസർ എന്നോടു പറഞ്ഞിട്ടുള്ള ഒരു കാര്യം ഇതാണ്, "ലെൻ, നിങ്ങൾ അതീവജാഗരൂകനായിരിക്കണം. പശാചിനെപ്പറ്റി ഒരിക്കലും ഒരിക്കലും നിസ്സാരമായി സംസാരിക്കരുത് എന്ന കാര്യം നീ ഓർത്തുകൊള്ളണം. നരകത്തെപ്പറ്റി ഒരു തമാശപോലും പറയരുത്". പിശാച് സർവ്വശക്തനല്ല, എന്നാൽ അവൻ ശക്തനാണ് എന്ന കാര്യം നമ്മൾ മറന്നുപോകരുത്. ഇതൊക്കെ തീർത്തും അപ്രധാനമായ കാര്യങ്ങൾ എന്ന മട്ടിൽ വളരെ നിസ്സാരമായിട്ടാണ് അന്ധകാരത്തിന്റെ സാമ്രാജ്യത്തെപ്പറ്റി ക്രിസ്ത്യാനികൾ പലപ്പോഴും പറയുന്നത്. (യൂദാ:9)

**വായ്ക്കു കടിഞ്ഞാണിടുക**

*"നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും, എന്റെ വായ് കടിഞ്ഞാണിട്ടു സൂക്ഷിക്കുമെന്നും"* ദാവീദ് പറയുന്നു (സങ്കീ 39:1). നാവല്ല, പിന്നെയോ ശരീരത്തിലെ മറ്റ് അവയവങ്ങളാണ് പാപത്തിന്റെ വക്താക്കൾ എന്നാണ് സാധാരണയായി നാം ചിന്തിക്കാറുള്ളത്. എന്നാൽ ദാവീദ് പറയുന്നു, *"ഞാൻ എന്റെ വായെ സൂക്ഷിക്കും."*

കൊലോസ്സ്യർ 4:6 ൽ പറയുന്നു, "നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ." കുരുമുളകു കൊണ്ടല്ല ഉപ്പുകൊണ്ട്! ചിലപ്പോൾ നമ്മുടെ സംസാരത്തിൽ ദേഷ്യം കടന്നു കൂടുകയും അതുവരെ നമ്മൾ പറഞ്ഞതുമുഴുവൻ ദുഷിപ്പിക്കുകയും ചെയ്യാറുണ്ട്. "കപടമുള്ള അധരങ്ങളെ ഒക്കെയും വമ്പുപറയുന്ന നാവിനെയും യഹോവ ഛേദിച്ചുകളയും" (സങ്കീ 12:3) ഈ കാര്യങ്ങൾ തീർച്ചയായും വിശ്വാസികൾക്കുള്ള കർശനമായ മുന്നറിയിപ്പുകളാണ്.

*"യഹോവേ, നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധപർവ്വതത്തിൽ ആർ വസിക്കും? നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ".* 15-ാം സങ്കീർത്തനത്തിലെ ചോദ്യം നിങ്ങൾക്ക് മനസ്സിലായി എന്നു തോന്നുന്നു. നടപ്പും സംസാരവും നേരോടെ ആക്കുക, ഹൃദയത്തിൽ സത്യം സംസാരിക്കുക. 3-ാം വാക്യത്തിൽ പറയുന്നു, *"നാവുകൊണ്ടു കുരളപറയാ*





*തെയും തന്റെ കൂട്ടുകാരനോടു ദോഷം ചെയ്യാതെയും കൂട്ടുകാരനു അപമാനം വരുത്താതെയും ഇരിക്കുന്നവൻ."* യാക്കോബ് അപ്പോസ്തൊലൻ പറഞ്ഞതുപോലെ ഒരു നിമിഷം ദൈവത്തെ സ്തുതിക്കുകയും അടുത്ത നിമിഷം മനുഷ്യനെ ശപിക്കുകയും ചെയ്യുന്നതുകൊണ്ട് മിക്കവാറും പ്രാർത്ഥനകളും നമ്മൾ തന്നെ തകർത്തുകളയുകയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവദൂഷണമോ മ്ലേച്ഛമായ വാക്കുകളോ കൊണ്ടല്ല, മറിച്ച് മറ്റുള്ളവരെ വിമർശിക്കുന്നതിനാൽ തന്നെ. ഇപ്പോൾ വിശുദ്ധമായ കാര്യങ്ങളെപ്പറ്റി നമ്മുടെ നാവു പറയുന്നു. അടുത്ത നിമിഷം മോശമായ കാര്യങ്ങൾ പറയുന്നു. സഹോദരാ ശ്രദ്ധിക്കുക! ഹൃദയത്തിന്റെ ഒരു ചൂണ്ടുപലകയാണ് നാവ്.

"എന്റെ രക്ഷകന്റെ സ്തുതി പാടുവാൻ ആയിരം നാവെനിക്കു തരണമേ..."? എന്ന് വലിയ സഭായോഗങ്ങളിൽ പാടുമ്പോൾ ഞാൻ ഞെട്ടിപ്പോകാറുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? എന്റെ ദൈവമേ, അവർക്കു ആയിരം നാവുണ്ടായിരുന്നുവെങ്കിൽ, കുശുകുശുപ്പും, വിമർശനവും, ഏഷണിയും ഇപ്പോഴുള്ളതിനേക്കാൾ 999 മടങ്ങ് കാണുമായിരുന്നേനെ! ഭൂമി നരകമാകും, സഭയുടെ കാര്യവും തഥൈവ! അയ്യോ വേണ്ട, ഒരു നാവിനെ നിയന്ത്രിക്കാൻ നമുക്ക് കഴിയുകയില്ലെങ്കിൽ എങ്ങനെ 999 എണ്ണത്തെ കൈകാര്യം ചെയ്യും? എത്ര പ്രാവശ്യം നമ്മൾ രക്ഷകന്റെ സ്തുതി പാടുന്നുണ്ട്? ഞായറാഴ്ച ആരാധനയിൽ അഞ്ചുനിമിഷം കൊണ്ട് പാടിത്തീർക്കുന്ന രണ്ടു സ്തോത്രഗീതങ്ങളിൽ ആ സ്തുതി ഒതുങ്ങിപ്പോകാറില്ലേ? ഒരാഴ്ചയിലെ ബാക്കി സമയം മുഴുവൻ അശ്രദ്ധവും നിസ്സാരവുമായ സംഭാഷണം മാത്രം. ദൈവത്തെപ്പറ്റിയുള്ള ആഴമേറിയ കാര്യങ്ങൾ ഒഴിച്ച് ലോകത്തിലുള്ള മറ്റെല്ലാം സംസാരവിഷയമായിത്തീരും. (തുടരും)

**മൊഴിമാറ്റം: ബീനാ ജോയ്സ്, കോട്ടയം**

●

## പ്രാർത്ഥനയുടെ ആകെത്തുക *പേജ് 7 ൽ നിന്ന്*

ന്നു. നമ്മുടെ ഉദ്ദേശ്യങ്ങളുടെ നൈർമല്യമാണ് നമ്മുടെ ബലഹീനതകളെക്കാൾ അവിടുന്നു ശ്രദ്ധിക്കുന്നത്. നമ്മുടെ നിസ്സാരകുറവുകളെ അവിടുന്നു മൂടിവയ്ക്കുകപോലും ചെയ്യുന്നു. എന്നിട്ടു ദഹിപ്പിക്കുന്ന അഗ്നിപോലെ നമ്മെ നിർമ്മലീകരിക്കുന്നു. നാം എന്താണ് പ്രാർത്ഥിക്കേണ്ടതെന്നു പലപ്പോഴും നാം അജ്ഞരായിരിക്കും. നമ്മുടെ അറിവില്ലായ്മയിൽ നമ്മെ സംബന്ധിച്ചിടത്തോളം അപകടകരമായ പലതിനുവേണ്ടിയും നാം നിരന്തരം ആവശ്യപ്പെട്ടുവെന്നുവരാം. ഉത്സാഹം, സന്തോഷം, ദൃശ്യമായ പൂർണത ഇവയെല്ലാം നമുക്കിഷ്ടമാണ്. കാരണം ഇവയെല്ലാം അനുഭവിക്കാവുന്നവയാണല്ലോ. എന്നാൽ അവ നമ്മുടെതന്നെ ശക്തിയിലുള്ള വിശ്വാസത്തെ വളർത്തുകയും ആത്യന്തികമായി അതു നമുക്കു നഷ്ടം വരുത്തിവയ്ക്കുകയും ചെയ്യും. എന്നാൽ ദൈവസ്നേഹം നമ്മെ നമ്മെ കൃപയുടെ പ്രവർത്തനത്തിനായി 'നിർദ്ദയം' ഏല്പിച്ചുകൊടുക്കും. അവിടുത്തെ രഹസ്യപദ്ധതിപ്രകാരം നമ്മെ രൂപപ്പെടുത്താൻ വേണ്ടിയാണത്.

ചുരുക്കിപ്പറഞ്ഞാൽ നാം എന്തു വാഞ്ഛിക്കേണ്ടതുണ്ടോ അതു മാത്രമേ ദൈവം നമുക്കു തരികയുള്ളൂ. അവിടുന്ന് ആഗ്രഹിക്കുന്നതുമാത്രം നാമും ആഗ്രഹിക്കാൻ വേണ്ടിയാണങ്ങനെ ചെയ്യുന്നത്. ആത്മാവ് നമുക്ക് നൽകുവാൻ എന്തു വാഞ്ഛിക്കുന്നുവോ അതിനുവേണ്ടി മാത്രം നമ്മുടെ ഉള്ളിൽ ഒരു രഹസ്യമായ പ്രാർത്ഥന വഹിക്കുന്നവരായിരിക്കും.

●

നുറുങ്ങുവെട്ടം

# മൃഗഭാഷണം

സന്ദീപ് പുന്നൻ

**ബൈബിൾ** പഠിതാക്കളുടെ ഇടയിൽ പ്രസിദ്ധനായിക്കഴിഞ്ഞ ബിലെയാമിന്റെ കഴുതയെ നാം സംഖ്യാപുസ്തകം 22-ാം അദ്ധ്യായത്തിലാണ് കാണുന്നത്. ബാലാക് രാജാവ് യിസ്രായേലിനെ ശപിക്കാൻ ആഗ്രഹിച്ചപ്പോൾ ആ കാര്യത്തിൽ ഒത്താശ ചെയ്യാനുള്ള യാത്രയിലായിരുന്നു ബിലെയാം. ഈ കാര്യത്തിനായി ബിലെയാം പുറപ്പെട്ടതിൽ ദൈവം ഒട്ടും സന്തുഷ്ടനല്ലായിരുന്നതിനാൽ വഴിയിൽ തടയുവാനായി ഒരു ദൂതനെ അയച്ചു. ബിലെയാം കണ്ടില്ലെങ്കിലും കഴുത ദൂതനെ കണ്ടതിനാൽ മുമ്പോട്ടുപോകാൻ വിസമ്മതിച്ചു. കഴുതയുടെ പിടിവാശിയുടെ കാരണം ഗ്രഹിക്കാതെ ബിലെയാം കഴുതയെ അടിക്കാൻ തുടങ്ങി. ഒടുവിൽ കർത്താവ് കഴുതയുടെ വായ് തുറന്നു. കഴുതബിലെയാമിനോട് "ഈ മൂന്നുപ്രാവശ്യം നീ എന്നെ അടിക്കാൻ ഞാൻ നിന്നോട് എന്തു ചെയ്തു?" എന്ന് ചോദിക്കുന്നു.

ഒരു മൃഗം മനുഷ്യന്റെ ഭാഷസംസാരിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ മാത്രമാണ്.

എന്നാൽ മൃഗങ്ങൾ നിശ്ശബ്ദമായി സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അവയുടെ പെരുമാറ്റത്തിലൂടെയും ക്രിയകളിലൂടെയും മൃഗങ്ങൾ മിക്കപ്പോഴും എന്നോട് സംസാരിക്കുന്നതായി ഞാൻ കാണുന്നു. ചിലപ്പോൾ നമ്മുടെയെല്ലാം സ്രഷ്ടാവായ ദൈവത്തിലേക്ക് അവ വിരൽ ചൂണ്ടുന്നു. ചിലപ്പോൾ സഹജീവികൾ എന്ന നിലയിൽ അവയ്ക്കുള്ള പൊതുവായ സ്വഭാവവിശേഷങ്ങൾ എന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു!

ഏദൻതോട്ടത്തിലെ വീഴ്ച മനുഷ്യവർഗ്ഗത്തെ മാത്രമേ ബാധിച്ചുള്ളൂ എന്ന് ചിലപ്പോൾ ഞാൻ ചിന്തിച്ചുപോകാറുണ്ട്. അത് ശരിയായ ചിന്തയല്ല. മനുഷ്യരെപ്പോലെ മറ്റു സൃഷ്ടികളെല്ലാം ഈ പതനത്തിന്റെ പരിണതഫലങ്ങൾ അനുഭവിക്കുകയാണ്. റോമാലേഖനം എട്ടാം അദ്ധ്യായത്തിൽ ഈ കാര്യത്തെപ്പറ്റി പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക:"സൃഷ്ടി ദൈവപുത്രന്മാർ വെളിപ്പെടുന്നതു ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു. മനഃപൂർവ്വമായിട്ടല്ല അതിനെ കീഴ്പ്പെടുത്തിയവന്റെ കൽപ്പന നിമിത്തമത്രേ. സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു."

സർവ്വസൃഷ്ടിയും മായയ്ക്കുവിധേയപ്പെട്ട ഒരു ജീവിതത്തിൽ നിന്നുള്ള സ്വതന്ത്ര്യത്തിനായി താത്പര്യപൂർവ്വം 'ഞരങ്ങി'ക്കൊണ്ടിരിക്കയത്രേ. ദുഃഖകരമായ ഒരു സത്യം പറയട്ടെ. ലോകത്തിൽ ഇന്ന് മനുഷ്യരുടെ എല്ലാ 'ഞരക്കങ്ങളേയും' സൗകര്യപൂർവ്വം വിശദീകരിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്.





മനഃശാസ്ത്രംകൊണ്ടോ, ആപേക്ഷികതയുടെ ആശയങ്ങൾ കൊണ്ടോ നവയുഗആത്മീയത കൊണ്ടോ ഒക്കെയാണ് ഈ വിശദീകരണങ്ങൾ. അത്തരം ഒരു ലോകത്തിൽ മനുഷ്യൻ ഒഴികെയുള്ള സൃഷ്ടിയുടെ 'ഞരക്കം' ശ്രദ്ധിച്ചാൽ മനുഷ്യരായ നമ്മുടെ ഉള്ളിലുള്ള സ്വാതന്ത്ര്യത്തിനായുള്ള അടിസ്ഥാനപരമായ 'ഞരക്കം' മനസ്സിലാക്കാൻ എളുപ്പമാകും.

പരിണാമവാദഗതിക്കാർ എന്തുതന്നെ പറഞ്ഞാലും ദൈവത്തെപ്പറ്റിയുള്ള നമ്മുടെ സ്വാഭാവികമായ അന്ധത തികച്ചും അധഃപതിച്ച ഒരു മാനസികാവസ്ഥയെയാണ് വെളിപ്പെടുത്തുന്നത്. മൃഗങ്ങൾ വേഗത്തിൽ കാണുന്ന പല കാര്യങ്ങൾക്കും മനുഷ്യരായ നാം അന്ധരാണെന്നുള്ളതാണ് സത്യം. യെശയ്യാ പ്രവാചകൻ ഒന്നാം അദ്ധ്യായത്തിൽ തന്നെ ഈ കാര്യം വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു:"ആകാശമേ കേൾക്ക, ഭൂമിയേ ചെവിതരിക, യഹോവ അരുളിച്ചെയ്യുന്നു. ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോട് മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടവനേയും, കഴുത തന്റെ യജമാന്റെ പുൽത്തൊട്ടിയേയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല. എന്റെ ജനം ഗ്രഹിക്കുന്നതുമില്ല."

2600 വർഷങ്ങൾക്കുമുമ്പ് ദൈവജനത്തിന്റെ അന്ധതയെപ്പറ്റി യെശയ്യാവ് അത്ഭുതപ്പെട്ടെങ്കിൽ ഇന്ന് അതിലധികമായി ദൈവജനത്തിന്റെ ആത്മീയാന്ധത തനിക്ക് അത്ഭുതം ഉളവാക്കിയേനേ. മൃഗജാലങ്ങൾ വേഗത്തിൽ കാണുന്ന കാര്യങ്ങൾ-നമ്മുടെ യജമാനൻ ആരാണെന്നും, നമ്മെ തീറ്റിപ്പോറ്റുന്ന കരങ്ങൾ ഏതെന്നും, സ്വർഗ്ഗീയമായതിനെയും ഭൗമികമായതിനെയും തിരിച്ചറിയാൻ നമ്മെ സഹായിക്കുന്ന ഏക വ്യക്തിയെ ആരെന്നും-നാമും കാണുവാൻ ദൈവം നമ്മുടെ കണ്ണുകളെ തുറന്നേ മതിയാകയുള്ളൂ.

**വിവിധ മൃഗങ്ങളെക്കുറിച്ചും അവയുടെ പെരുമാറ്റത്തെപ്പറ്റിയും ചിന്തിക്കുന്നതിലൂടെ ദൈവത്തെക്കുറിച്ചും നമ്മെപ്പറ്റിയും പുതിയകാര്യങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന പുതിയ പംക്തി-മൃഗഭാഷണം. നിങ്ങളുടെ ചുറ്റുമുള്ള ലോകത്തിൽ സ്രഷ്ടാവിനെ അന്വേഷിപ്പാൻ ഈ പരമ്പര നിങ്ങളെ വെല്ലുവിളിക്കും**

തുടർന്നുള്ള മാസങ്ങളിൽ വിവിധ മൃഗങ്ങളെക്കുറിച്ചും അവയുടെ പെരുമാറ്റത്തെപ്പറ്റിയും ചിന്തിക്കുന്നതിലൂടെ നമ്മുടെ ദൈവത്തെക്കുറിച്ചും നമ്മെപ്പറ്റിയും പുതിയകാര്യങ്ങൾ കണ്ടെത്താൻ കഴിയും എന്ന് ഞാൻ ചിന്തിക്കുന്നു. മാത്രമല്ല നിങ്ങളുടെ ചുറ്റുമുള്ള ലോകത്തിൽ സ്രഷ്ടാവിനെ അന്വേഷിപ്പാൻ ഈ പരമ്പര നിങ്ങളെ വെല്ലുവിളിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു -പ്രാണികൾ ചലിക്കുന്നതിലൂടെ, വൃക്ഷങ്ങൾ വളരുന്നതിലൂടെ, കാക്ക ഭക്ഷണം തേടുന്നതിലൂടെ എല്ലാം ഈ കാര്യം നടക്കട്ടെ.

യേശു ഉപമകളിലൂടെ പഠിപ്പിച്ചതിന്റെ അടിസ്ഥാന തത്വം ഇതായിരുന്നു. പുരുഷാരം പക്ഷികളെയും, മത്സ്യങ്ങളേയും, ആടുകളേയും വൃക്ഷലതാദികളേയും എന്നും കാണുന്നു. എന്നാൽ അവരുടെ കാഴ്ചയിൽ ഭക്ഷിപ്പാനുള്ള വസ്തുക്കളും, ധനസമ്പാദനത്തിനുള്ള ഉപാധികളും മാത്രമാണ് കണ്ടത്. യേശു ഇതേ കാര്യങ്ങളെ കണ്ടപ്പോൾ തന്നെത്തന്നെ വെളിപ്പെടുത്തുന്ന ഒരു ദൈവത്തെയും നമുക്ക് ആ ദൈവത്തിന്റെ മുമ്പാകെയുള്ള

## ആത്മീയവരൾച്ചയുടെ പ്രയോജനം *പേജ് 6 ൽ നിന്ന്*

നായി എന്തു കഷ്ടം സഹിക്കുവാനും തയ്യാറാവുന്നു. ഏതുവിധേനയും ജഡമോഹത്തെ കീഴടക്കി ആത്മീയമായ നിലപാടിലേയ്ക്ക് നാം തിരിയുകയും ചെയ്യുന്നു.

ജഡത്തിന്റെ തലതിരിഞ്ഞ ധാരണകളും ശരിയെന്നു നാം വിചാരിച്ചിരുന്ന പല 'വിശുദ്ധവസ്തുക്കളിലുമുള്ള അകൃത്യ'വും കണ്ടെത്തി അതിനെ തള്ളിക്കളയുവാൻ നാം ആഗ്രഹിക്കുന്നു. നമ്മുടെ സ്വയത്തെക്കുറിച്ച് ഇപ്രകാരമുള്ള ഒരു വെളിപ്പാടില്ലാത്തിടത്തോളം കാലം ആത്മീയവളർച്ചയെന്നു നാം വിചാരിക്കുന്ന കാര്യങ്ങൾ കേവലം വഞ്ചനയാണ്.

ദൈവദാസൻമാരേക്കാളും ദൈവത്തിൽ നിന്ന് ലഭിക്കുന്ന ശുശ്രൂഷാദാനങ്ങളേക്കാളും കൂടുതൽ ദൈവത്തെ തന്നെ ആഗ്രഹിക്കുകയും വിലമതിക്കുകയും ചെയ്യുവാൻ നാം തുടങ്ങുന്നു. നാം മറ്റെന്തിനേക്കാളും അവന്റെ സാന്നിദ്ധ്യം ഇടവിടാതെ ആഗ്രഹിക്കുന്നു. കാരണം അതില്ലാത്തതാണല്ലോ മറ്റെന്തു കഷ്ടതയേക്കാളും വലിയ കഷ്ടത.

ഇതെല്ലാം നമ്മുടെ ജീവിതത്തിൽ സംഭവിക്കണമെങ്കിൽ വരൾച്ചയുടെ സമയങ്ങളിൽ പ്രാർത്ഥനയിൽ നാം നമ്മെത്തന്നെ സൂക്ഷിക്കണം. ഇതിന്റെ ഫലങ്ങൾ ഉടനടി കണ്ടുവെന്ന് വരികയില്ല എന്നാൽ അവിടുത്തെ സമയത്ത് (അവിടുന്ന് നാമോരോരുത്തരുടെയും തക്ക സമയം അറിയുന്നു) നമ്മുടെ ജീവിതത്തിൽ ഈ നന്മകൾ വെളിപ്പെടുവാനാരംഭിക്കും

●

---

യഥാർത്ഥസ്ഥാനവും ആണ് ദർശിച്ചത്.

ദൈവത്തിന്റെ സൃഷ്ടികളെ നാം ശ്രദ്ധിക്കയും അവയോട് ഇടപഴകുകയും ചെയ്യുമ്പോൾ നമുക്കെല്ലാം ദൈവത്തിന് നമ്മോട് പറയാനുള്ള കാര്യങ്ങൾ കണ്ടെത്താനും, ദൈവവചനത്തെ വ്യക്തിഗതമാക്കുവാനും അവസരം ഉണ്ട്. ബിലെയാമിന്റെ കാര്യം പ്രാരംഭത്തിൽ സൂചിപ്പിച്ചല്ലോ. കഴുത സംസാരിച്ചശേഷം നാം ഇങ്ങനെ വായിക്കുന്നു "ദൈവം ബിലെയാമിന്റെ കണ്ണു തുറന്നു; യഹോവയുടെ ദൂതൻ വാളൂരിപ്പിടിച്ചുകൊണ്ടു നിൽക്കുന്നത് അവൻ കണ്ടു; സാഷ്ടാംഗം വീണു നമസ്ക്കരിച്ചു" (സംഖ്യാ 22:31).

ബിലെയാമിനെ സ്വർഗ്ഗീയമായ ഒന്നിനെ-ദൂതനെ-കാണിക്കാൻ കഴുതയെ ദൈവം ഉപയോഗിച്ചു. ആ സമയംവരെ സ്വർഗ്ഗീയമായ ഈ കാര്യത്തെപ്പറ്റി അവൻ അന്ധനായിരുന്നു. നമ്മുടെ ചുറ്റുമുള്ള മൃഗലോകത്തിൽ നിന്നും ദൈവത്തിന്റെ വിശ്വസ്തതയെപ്പറ്റിയും നമ്മുടെ ദയനീയമായ അവിശ്വസ്തതയെപ്പറ്റിയും കൂടുതൽ ബോധവാന്മാരാകുമ്പോൾ നമുക്കും സ്വർഗ്ഗീയമൂല്യങ്ങൾ വീണ്ടും കണ്ടെത്താനും നമ്മുടെ വിശ്വാസം കൂടുതൽ ശക്തമാക്കാനും കഴിയും. ഇതിനുമുമ്പ് നാം ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തിന്റെ വിവിധവശങ്ങൾ കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടും.

തുടർന്നുള്ള മാസങ്ങളിലെ പഠനം നിങ്ങൾ ഏവർക്കും അനുഗ്രഹവും പ്രചോദനവും ആയിത്തീരട്ടെ എന്നുള്ള പ്രാർത്ഥനയാണ് എന്റെ ഹൃദയത്തിൽ.



*ലേഖകൻ യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയർ എൻജിനിയറും ബ്രദർ സാക് പുന്നന്റെ മകനുമാണ്.* ○



# ജീവിതം നിത്യതയുടെ വെളിച്ചത്തിൽ

**വില്യം ബൂത്ത്**

**ഒ**രിക്കൽ എനിക്കൊരു ദർശനമുണ്ടായി. ക്രിസ്തീയജീവിതത്തെ ഞാൻ എക്കാലവും വീക്ഷിച്ചിരുന്നതിനേക്കാൾ ഗൗരവത്തോടെ അതിനെ വീക്ഷിക്കുവാൻ ഈ ദർശനം എനിക്കു പ്രേരണ നൽകി.

ക്രിസ്തീയപ്രവർത്തനങ്ങളിൽ വ്യാപരിച്ചിരുന്ന ഒരുവനായി ഞാൻ ഈ ദർശനത്തിൽ എന്നെത്തന്നെ കണ്ടു. ക്രിസ്തീയസമ്മേളനങ്ങളിൽ ഞാൻ സംബന്ധിക്കുകയും സൺഡേ സ്കൂളിൽ പഠിപ്പിക്കുകയും വല്ലപ്പോഴുമൊക്കെ ചില രോഗികളെ സന്ദർശിക്കുകയും ചെയ്തുപോന്നു. ഇതിലെല്ലാം ആത്മാർത്ഥതയോടെയാണു ഞാൻ പ്രവർത്തിച്ചിരുന്നത്. ഒരു കപടഭക്തനായിരിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. വാസ്തവത്തിൽ ഞാൻ എന്നെത്തന്നെ തെളിഞ്ഞുപ്രകാശിക്കുന്ന ഒരു വിളക്കെന്നു കരുതിയിരുന്നു.

ഒരു ദിവസം ഒരു മുന്നറിയിപ്പും കൂടാതെ എനിക്കൊരു കഠിനരോഗം ബാധിച്ചു. ഞാൻ മരണത്തിന്റെ വക്കോളം ചെന്നെത്തി. ഞാൻ വീണ്ടുംജനനം പ്രാപിച്ച ഒരു ക്രിസ്ത്യാനിയായിരുന്നതിനാൽ എന്റെ രക്ഷകന്റെ കരുണയിൽ ആശ്രയം വയ്ക്കാമെന്നു ഞാൻ പ്രത്യാശിച്ചിരുന്നു. അനന്തരം ഞാൻ ബോധരഹിതനായിത്തീർന്നു. പൊടുന്നനവേ ഞാൻ സ്വർഗ്ഗത്തിലെത്തിച്ചേർന്നതായി എനിക്കു അനുഭവപ്പെട്ടു. അവിടെ ദൈവത്തിന്റെ വിശുദ്ധന്മാരെ ഞാൻ ദർശിച്ചത് ഒരത്ഭുതകാഴ്ചയായിരുന്നു.

ഞാൻ സുരക്ഷിതനാണെന്നും പാപത്തിൽനിന്നുള്ള വിടുതൽ ലഭിച്ചവനെന്നും ചിന്തിച്ചതുമൂലം ആദ്യം എന്റെ ഹൃദയം സന്തോഷപൂർണ്ണമായി. യഥാർത്ഥത്തിൽ എന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരുന്നുതാനും. എന്നാൽ പിന്നീടു ഞാൻ അല്പം ഏകാകിയും ദുഃഖിതനുമാണെന്നു ഞാൻ മനസ്സിലാക്കി. ഇവിടെയുള്ള മഹത്വപൂർണ്ണരായ വിശുദ്ധന്മാരുമായി ഇടപഴകുവാൻ ഞാൻ യോഗ്യനല്ലെന്ന കാര്യം എങ്ങനെയോ എനിക്കു ബോധ്യമായി.

എന്റെ ചിന്തകൾ എന്റെ കഴിഞ്ഞ കാലജീവിതത്തിലേയ്ക്കു കടന്നുപോയി. ഒരു സിനിമയിലെന്നപോലെ അതീതകാലജീവിതം മുഴുവൻ എന്റെ കൺമുമ്പിൽ വന്നു നിരന്നു. എന്നാൽ അതിന്റെയെല്ലാം മീതേ 'ക്ഷമിക്കപ്പെട്ടു' എന്ന വാക്കു രേഖപ്പെടുത്തിയിരുന്നു. "ഓ! ദൈവത്തിനു സ്തോത്രം," ഞാൻ ചിന്തിച്ചു:"എന്റെ പാപങ്ങളൊന്നും എനിക്കെതിരേ കണക്കിടപ്പെടുന്നില്ലല്ലോ."

എന്നാൽ എന്റെ ജീവിതരേഖകളിലേക്കു വീണ്ടും ഞാൻ നോക്കിയപ്പോൾ ഞാൻ ചിന്താകുലനായി. ആ രേഖകൾ എന്റെ ചിന്തകളെയും വികാരങ്ങളേയും പ്രവൃത്തികളെയുമെല്ലാം വ്യക്തമാക്കിക്കാണിച്ചു. ഐഹികജീവിതകാലത്തു ദൈവം എന്നെ ഭരമേൽപ്പിച്ചിരുന്ന സമയവും പണവും കഴിവു

**"അയ്യോ! പാഴാക്കിക്കളഞ്ഞ എന്റെ ജീവിതം എനിക്കു തിരിച്ചു കിട്ടിയെങ്കിൽ!" ഞാൻ ചിന്തിച്ചു:"എന്നാൽ ഇനിയിപ്പോൾ അതു സാധ്യമല്ലല്ലോ. ഭൂമിയിൽ എനിക്കു ലഭിച്ചിരുന്ന അവസരങ്ങളെല്ലാം ഇപ്പോൾ കൈവിട്ടുപോയിരിക്കുന്നു."**

**"ദൈവമേ, എന്റെ ജീവിതം പൂർണ്ണമായ അളവിൽ ക്രിസ്തുവിനുവേണ്ടി നയിക്കുവാൻ സാധിക്കുമെങ്കിൽ അതിനുവേണ്ടി എന്തുവിലയും കൊടുക്കുവാൻ ഞാൻ സന്നദ്ധനാണ്." ഞാൻ ചിന്തിച്ചു.**

കളും ഞാൻ എങ്ങനെ ചെലവഴിച്ചുവെന്ന് അതു വ്യക്തമാക്കി.

ഇപ്പോൾ ദൈവം ലോകത്തെ വീക്ഷിക്കുന്ന വിധത്തിൽത്തന്നെ അതിനെ വീക്ഷിക്കുവാൻ എനിക്കു കഴിഞ്ഞു. ദുർമ്മോഹം, വ്യഭിചാരം, വിദ്വേഷം, ആഭിചാരം, കലഹം, വ്യാജവാക്ക്, പരദൂഷണം, അത്യാഗ്രഹം, നിഗളം, കാപട്യം എന്നിവയെല്ലാം നിറഞ്ഞു പുകയുന്ന ഒരു സ്ഥലമായി ലോകം കാണപ്പെട്ടു. ലക്ഷക്കണക്കിനാളുകൾ പാപത്താൽ അന്ധരായി അലഞ്ഞുതിരിഞ്ഞു നരകകൂപത്തിൽ പതിക്കുന്ന കാഴ്ച ഇപ്പോൾ എനിക്കു കാണാൻ കഴിഞ്ഞു. അവർക്കുവേണ്ടി ചിന്തിക്കുന്നവരായ ആരെയും ഞാൻ കണ്ടില്ല. പാപത്തിന്റെ മായാവലയിൽ അകപ്പെട്ടു വലയുന്നവരുടെ നിലവിളി കേൾക്കുവാനും എനിക്കു സാധിച്ചു. എന്നാൽ അവരെ സഹായിക്കുന്ന കാര്യത്തിൽ തൽപരരായി ആരുമില്ലാത്തതുപോലെ എനിക്കു തോന്നി.

എന്റെ ഇഹലോകജീവിതകാലത്തു പലവിധ നേരമ്പോക്കുകളിൽ-മതപരമായ നേരമ്പോക്കുകളിൽപ്പോലും-മുഴുകി തിരക്കേറിയ ഒരു ജീവിതമാണു ഞാൻ നയിച്ചിരുന്നത്. ഇപ്പോൾ എന്നെയും എന്റെ ജീവിതത്തെയും ദൈവം വീക്ഷിച്ചതുപോലെ കാണുവാൻ കഴിഞ്ഞതിനാൽ സ്വാർത്ഥതൽപ്പരനായിട്ടാണ് ഞാൻ ജീവിച്ചതെന്ന് എനിക്കു ബോദ്ധ്യമായി. അതുമൂലം ഞാൻ അത്യന്തം പരവശനായിത്തീർന്നു.

"അയ്യോ! പാഴാക്കിക്കളഞ്ഞ എന്റെ ജീവിതം എനിക്കു തിരിച്ചു കിട്ടിയെങ്കിൽ!" ഞാൻ ചിന്തിച്ചു:"എന്നാൽ ഇനിയിപ്പോൾ അതു സാധ്യമല്ലല്ലോ. ഭൂമിയിൽ എനിക്കു ലഭിച്ചിരുന്ന അവസരങ്ങളെല്ലാം ഇപ്പോൾ കൈവിട്ടുപോയിരിക്കുന്നു."

"ദൈവമേ, എന്റെ ജീവിതം പൂർണ്ണമായ അളവിൽ ക്രിസ്തുവിനുവേണ്ടി നയിക്കുവാൻ സാധിക്കുമെങ്കിൽ അതിനുവേണ്ടി എന്തുവിലയും കൊടുക്കുവാൻ ഞാൻ സന്നദ്ധനാണ്." ഞാൻ ചിന്തിച്ചു.

പെട്ടെന്ന് അവിടെയുള്ള മഹത്വപൂർണ്ണനായ ഒരു വിശുദ്ധൻ എന്റെ അടുക്കൽ വന്നു. ഞാൻ ഭൂമിയിൽ നേടിയ വിജയങ്ങളെയും ക്രിസ്തുവിനായി നേടിയ ആത്മാക്കളെയും കുറിച്ചു കേൾക്കുവാനാണു താൻ വന്നതെന്നു അദ്ദേഹം പറഞ്ഞു. എന്താണു ഞാൻ അദ്ദേഹത്തോടു പറയുക? എനിക്ക് ഓർക്കുവാൻ കഴിയുന്ന ഏക കാര്യം ഉദാസീനതയോടെ സുഖിച്ചു കഴിഞ്ഞുകൂടിയ എന്റെ ജീവിതം മാത്രമായിരുന്നു. എന്റെ ജീവിതം മുഴുവൻ എന്നെത്തന്നെ പ്രസാദിപ്പിക്കുവാനാണു ഞാൻ ചെലവഴിച്ചത്. ഭൂമിയിലുള്ള തന്റെ മകനെപ്പറ്റി അദ്ദേഹം എന്നോടു ചോദിച്ചു. ദൈവത്തോടു വല്ലാതെ മറുതലിച്ചു ജീവിച്ചിരുന്ന ആ മകൻ എന്റെ വീടിനടുത്താണു താമസിച്ചിരുന്നത്. "നീ ക്രിസ്തുവിനെപ്പറ്റി അവനോടു സംസാരിച്ചോ? അവൻ





**"ദൈവമേ", ഞാൻ ചിന്തിച്ചു:"ഇതു സ്വർഗ്ഗമാണോ? എന്റെ കഴിഞ്ഞകാലജീവിതത്തിലെ സ്വാർത്ഥമയമായ സ്വഭാവം നിത്യത മുഴുവൻ എന്നെ പീഡിപ്പിക്കുമെന്നോ? കർത്താവേ, ഞാൻ വളരെ ദുഷ്ടനും അയോഗ്യനുമാണെന്ന് എനിക്കു ബോധ്യമായിരിക്കുന്നു. എനിക്ക് എന്റെ ജീവിതം ഒരിക്കൽകൂടി ലോകത്തിൽ ജീവിക്കുവാൻ സാധിക്കുമെങ്കിൽ!"**

**എനിക്ക് അതികഠിമായ ദുഃഖം തോന്നി. സ്വർഗ്ഗത്തിൽ എനിക്ക് എന്തെങ്കിലും ആശ്വാസം കണ്ടെത്താൻ കഴിയുമോ എന്നു ഞാൻ വ്യാകുലപ്പെട്ടു.**

രക്ഷിക്കപ്പെടുവാൻ സാധ്യതയുണ്ടോ?" അദ്ദേഹം എന്നോടു ചോദിച്ചു.

ഈ ചോദ്യം കേട്ടതോടെ എന്റെ ഹൃദയം വിഷാദപൂർണ്ണമായി. എനിക്ക് എന്തു മറുപടി നൽകാൻ കഴിയും? ആ കുട്ടിയെയും അവന്റെ പ്രശ്നങ്ങളെയും കുറിച്ച് എനിക്കറിയാമായിരുന്നു. എന്നാൽ അവന്റെ പ്രശ്നങ്ങളിൽ ഇടപെടുവാൻ ആഗ്രഹിക്കാഞ്ഞതിനാൽ ഞാൻ അവനെ അവഗണിക്കുകയാണു ചെയ്തത്.

ഞാൻ മൗനമായിരിക്കുന്നതു കണ്ടു വാസ്തവസ്ഥിതി കുട്ടിയുടെ പിതാവ് ഊഹിച്ചിരിക്കണം. തന്റെ കുട്ടിയുടെ കാര്യത്തിൽ വല്ലാത്തൊരു നിരാശതയോടും എന്നോടുള്ള സഹതാപത്തോടും കൂടി അദ്ദേഹം എന്റെ മുഖത്തേക്കു നോക്കി. അനന്തരം അദ്ദേഹം പതുക്കെ എന്നെ വിട്ടുപോയി.

പിന്നീടു ഞാൻ തേജസ്സുള്ള മറ്റൊരു വ്യക്തിയെ കണ്ടു. ഇതു ഭൂമിയിൽ വച്ചു വലിയ പ്രയാസങ്ങൾ സഹിച്ചു ജീവിച്ചവളും, എങ്കിലും തന്റെ ഏറ്റവും ഇളയമകളെ ഒഴിച്ചു മറ്റെല്ലാ മക്കളെയും ക്രിസ്തുവിങ്കലേക്കു നയിച്ചവളുമായ ഒരു വിധവയായിരുന്നു. തന്റെ ഏറ്റവും ഇളയ മകൾ ലോകത്തിന്റെ പൊള്ളയായ മേളാങ്കങ്ങളിൽപ്പെട്ടു വഴിതെറ്റിപ്പോയ കാര്യം അവർ എന്നോടു പറഞ്ഞു. "ആരെങ്കിലും ക്രിസ്തുവിന്റെ സ്നേഹം അവൾക്കു കാണിച്ചുകൊടുത്തിരുന്നെങ്കിൽ അവളുടെ കണ്ണു തുറന്നേനേ" അവർ പറഞ്ഞു. "നിങ്ങൾക്കവളെ അറിയാമായിരുന്നല്ലോ. അവളോടു സംസാരിക്കുവാൻ താങ്കൾ സമയം കണ്ടെത്തിയോ?"

വീണ്ടും ഞാൻ മൗനമവലംബിച്ചു. ഒരു മറുപടിക്കുവേണ്ടി അവർ ആകാംക്ഷയോടെ എന്റെ നേരെ നോക്കുന്നതുകണ്ടു ഞാൻ തലകുനിച്ചിരുന്നു.

ഞാൻ ചിന്തയിൽ മുഴുകി. അപ്പോൾ മറ്റൊരു രൂപം എന്റെ മുമ്പിൽ പ്രത്യക്ഷമായി. ഇതു ഭൂമിയിൽവച്ചു കറുത്തിരുണ്ട രൂപമുണ്ടായിരുന്ന ഒരു മനുഷ്യന്റെ തേജസ്സു പ്രാപിച്ച രൂപമായിരുന്നു. അദ്ദേഹം തന്നെത്തന്നെ എനിക്കു പരിചയപ്പെടുത്തിയശേഷം താൻ ഇടപെട്ടിരുന്ന ഒരു ക്രിസ്തീയഗ്രൂപ്പിനെപ്പറ്റിയും താൻ പിമ്പിൽ വിട്ടിട്ടുപോന്ന ക്രിസ്തീയ സ്നേഹിതന്മാരെപ്പറ്റിയും എന്നോടു ചോദിച്ചു. അവരിൽ പലരും എനിക്കു പരിചിതരായിരുന്നു. "അവരെ സഹായിക്കാൻ താങ്കൾ പരിശ്രമിച്ചോ?' അദ്ദേഹം ചോദിച്ചു:'താങ്കളുടെ ജീവിതം അവർക്കൊരു മാതൃകയായിരുന്നോ? ദയവായിപ്പറയൂ. അവരിൽ ചിലരെയെങ്കിലും രക്ഷയിലേക്കു കൊണ്ടുവരുവാൻ ഒരു ശ്രമം താങ്കൾ നടത്തിയോ?'

അദ്ദേഹത്തിന്റെ ഗ്രൂപ്പിനെപ്പറ്റി എനിക്കറിയാമായിരുന്നു. എന്നാൽ അവർക്ക് ഒരിക്കലെങ്കിലും എന്തെങ്കിലും പ്രോത്സാഹനമോ സഹായമോ ഞാൻ നൽകിയിരുന്നില്ല. അവർ എന്റെ ഗ്രൂപ്പിൽപ്പെട്ടവരല്ലല്ലോ എന്നു ഞാൻ ന്യായവാദം ചെയ്കയാണുണ്ടായത്. അവർക്ക് എന്റെ മാതിരിയുള്ള

വിശ്വാസങ്ങളും അഭിപ്രായങ്ങളുമല്ല ഉണ്ടായിരുന്നത്. പല കാര്യങ്ങളിലും അവർ എന്നിൽ നിന്നു വളരെ വ്യത്യസ്തരായിരുന്നു. എന്നാലിപ്പോൾ സ്വർഗ്ഗത്തിന്റെ വ്യക്തമായ വെളിച്ചത്തിൽ ഞാൻ ആത്മീയനിഗളം കൊണ്ടു നിറഞ്ഞവനായിരുന്നുവെന്ന പരമാർത്ഥം കാണുവാൻ എനിക്കു സാധിച്ചു.

"ദൈവമേ", ഞാൻ ചിന്തിച്ചു:"ഇതു സ്വർഗ്ഗമാണോ? എന്റെ കഴിഞ്ഞകാല ജീവിതത്തിലെ സ്വാർത്ഥമയമായ സ്വഭാവം നിതൃത മുഴുവൻ എന്നെ പീഡിപ്പിക്കുമെന്നോ? കർത്താവേ, ഞാൻ വളരെ ദുഷ്ടനും അയോഗ്യനുമാണെന്ന് എനിക്കു ബോധ്യമായിരിക്കുന്നു. എനിക്ക് എന്റെ ജീവിതം ഒരിക്കൽകൂടി ലോകത്തിൽ ജീവിക്കുവാൻ സാധിക്കുമെങ്കിൽ!"

എനിക്ക് അതികഠിമായ ദുഃഖം തോന്നി. സ്വർഗ്ഗത്തിൽ എനിക്ക് എന്തെങ്കിലും ആശ്വാസം കണ്ടെത്താൻ കഴിയുമോ എന്നു ഞാൻ വ്യാകുലപ്പെട്ടു. എന്റെ ജീവിതം ഞാൻ നിഷ്പ്രയോജനമായ ആഗ്രഹങ്ങൾക്കും നിസ്സാരമായ സുഖങ്ങൾക്കും വേണ്ടി ദുരുപയോഗപ്പെടുത്തി. എന്നാൽ സ്വർഗ്ഗീയഫലം നിത്യവും കൊയ്യുവാൻ കഴിയുമാറു സൽപ്രവൃത്തികളാകുന്ന വിത്തുകൾ വിതയ്ക്കുവാൻ എനിക്കു കഴിയുമായിരുന്നു.

ഈ സമയത്ത് ഒരത്ഭുതകരമായ പ്രകാശം ഞാൻ കണ്ടു. വിവിധ കാലങ്ങളിൽ ജീവിച്ചിരുന്ന ദൈവത്തിന്റെ വിശ്വസ്തദാസന്മാരിൽപ്പെട്ട ആയിരക്കണക്കിനാളുകൾ എന്റെ അടുക്കലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. അവരിൽ ഓരോരുത്തരും ദൈവത്തെപ്പോലെ തേജോമയരായിരുന്നു. അവർക്കു ലഭിച്ച സന്തോഷവും ദിവ്യമായ സൗന്ദര്യവും എനിക്കും സ്വന്തമായിത്തീരുവാനായി എന്തുവിലയും നൽകുവാൻ ഞാൻ സന്നദ്ധനായിരുന്നു. അപ്പോൾ ഞാൻ രാജാധിരാജാവായ യേശുവിനെത്തന്നെ കണ്ടു. അവിടുത്തെ വിശ്വസ്തരായ ആ ഭൃത്യന്മാരുടെ നേരെ സ്നേഹവും അഭിനന്ദനവും നിറഞ്ഞ ദൃഷ്ടിയോടെ അവിടുന്നു നോക്കി, 'നന്ന്'; നല്ലവരും വിശ്വസ്തരുമായ ദാസന്മാരേ' എന്നതാണ് ആ നോട്ടത്തിന്റെ അർത്ഥമെന്ന് എനിക്കു തോന്നി.

ഹാ! യേശുവിന്റെ സ്നേഹപൂർണ്ണായ ആ നോട്ടം! അതുപോലെ സ്നേഹപൂർണ്ണമായ ഒരു നോട്ടം ലഭിക്കുന്നതിനുവേണ്ടി ആയിരം മരണങ്ങൾ മരിച്ചാലും വേണ്ടില്ല എന്നെനിക്കു തോന്നി.

അപ്പോൾ അവിടുന്ന് എന്റെ നേരേ തിരിഞ്ഞു എന്നെ നോക്കി സഹതാപത്തോടെ അവിടുന്ന് ഇപ്രകാരം പറഞ്ഞു:"എന്നെ മഹത്വപ്പെടുത്തുവാൻവേണ്ടി ജീവൻ ബലിയർപ്പിച്ച ഈ ആളുകളോട് ഒത്തിണങ്ങിക്കഴിയുവാൻ വളരെക്കുറച്ചേ നിനക്കു കഴിയുകയുള്ളൂ."

'എന്റെ ദൈവമേ, എന്റെ ദൈവമേ' ഞാൻ നിലവിളിച്ചു. 'എന്റെ ലജ്ജയെ മറയ്ക്കണമേ. അങ്ങയെ സേവിക്കുവാൻ വേണ്ടി അങ്ങ് എനിക്കുതന്ന അവസരങ്ങളെ ഞാൻ വിലമതിച്ചിരുന്നെങ്കിൽ! ആ വിധത്തിൽ പൊള്ളയായ ആഗ്രഹങ്ങളെയും സുഖങ്ങളെയും ഞാൻ എന്തുകൊണ്ടു പിൻതുടർന്നു? കർത്താവേ, എന്നെ സഹായിക്കണമേ!'

ദൈവത്തിന്റെ ദയയെന്നു പറയട്ടെ, കണ്ടത് ഒരു ദർശനം മാത്രമായിരുന്നു. ഞാൻ ഉണർന്നു നോക്കിയപ്പോൾ അപ്പോഴും ഭൂമിയിൽത്തന്നെയാണെന്നു ഞാൻ മനസ്സിലാക്കി. എനിക്കായി സർവസ്വവും നൽകിയ കർത്താവിനുവേണ്ടിത്തന്നെ പൂർണ്ണമായും ജീവിക്കുവാൻ എനിക്ക് ഇപ്പോഴും അവസരമുണ്ടല്ലോ എന്നോർത്തു ഞാൻ സന്തോഷിച്ചു.



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

***വായിച്ചു തുടങ്ങുംമുൻപ്......***

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ.*

*ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി. അത് ഓഫീസിൽ ചില കോളിളക്കങ്ങൾ ഉണ്ടാക്കിയെങ്കിലും അദ്ദേഹം മുന്നോട്ടുതന്നെ പോയി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*എഴുത്തുകാരനായ ജാസ്പർ പ്രതിജ്ഞ എടുത്തവനായിരുന്നെങ്കിലും അത് ഗൗരവമായി എടുക്കാത്തവനായതിനാൽ റേച്ചൽ അവന്റെ വിവാഹവാഗ്ദാനം നിരസിക്കാൻ തീരുമാനിച്ചു. വെർജീനയുടെ സഹോദരൻ റോളിൻ മാനസാന്തരപ്പെട്ട് മുന്നോട്ടുവന്നു.*

*തുടർന്നുവായിക്കുക....*

## 16

***(ഷിക്കാഗോയിലെ നസറേത്ത് അവന്യൂ സഭയിലെ റവ.കാൽവിൻ ബ്രൂസ് ന്യൂയോർക്കിലെ റവ.ഫിലിപ്പ് എ.കാക്സ്റ്റണ് അയച്ച് കത്ത്.)***

പ്രിയ കാക്സ്റ്റൺ,

ഇന്നു ഞായറാഴ്ച രാത്രിയാണ്. രാത്രി വളരെ വൈകിയിരിക്കുന്നു. റെയ്മണ്ടിൽ കഴിഞ്ഞ ചില മാസങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെ ഇന്ന് അതിന്റെ ഉച്ചകോ

**രാത്രി നിശ്ചലമായിരുന്നു. പ്രഥമസഭയുടെ ക്ലോക്കിൽ 12.00 മണി അടിച്ചു. ഗ്രേയുടെ സന്ദേശം കേട്ട് മാനസാന്തരപ്പെട്ട ഒരു രാത്രി കാവൽക്കാരൻ നിശയുടെ നിശ്ശബ്ദതയിൽ ഇപ്രകാരം പാടി:**

*യേശു ഏകനായി ക്രൂശ്*
*വഹിക്കേണമോ*
*ലോകത്തിനു സ്വതന്ത്രമായ്*
*പോകാൻ?*
*ഇല്ല, ഓരോരുത്തർക്കും*
*ഓരോ ക്രൂശുണ്ട്*
*എനിക്കുമുണ്ടൊരു ക്രൂശ്.*

ടിയിൽ ഞാൻ കാണുകയും കേൾക്കുകയും ചെയ്തവ എന്റെ ഹൃദയത്തെയും ചിന്തകളെയും മഥിച്ചുകൊണ്ടിരിക്കുന്നതിനാൽ ഉറക്കം എന്നിൽ നിന്നകന്നു നിൽക്കുകയാണ്. ആയതിനാൽ എന്റെ ചിന്തയെ ഒരു വഴിത്തിരിവിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഇക്കാര്യങ്ങളെക്കുറിച്ച് താങ്കൾക്ക് എഴുതുന്നത് നന്നെന്ന് ഞാൻ വിചാരിച്ചു.

സെമിനാരിയിൽ നമ്മുടെ സഹപാഠിയായിരുന്ന ഹെൻട്രിമാക്സ്‌വെല്ലിനെ ഓർക്കുന്നുണ്ടല്ലോ. സെമിനാരി വിട്ട ശേഷം മാക്സ്‌വെല്ലിനെ കണ്ടിട്ടേയില്ല എന്നു കഴിഞ്ഞ തവണ നാം കണ്ടപ്പോഴും താങ്കൾ അനുസ്മരിച്ചിരുന്നു. സെമിനാരിയിൽ നിന്നും റെയ്മണ്ടിലെ പ്രഥമസഭയിലേക്കാണ് മാക്സ്‌വെൽ നേരെ പോന്നത്. പതിനൊന്നു വർഷം കഴിഞ്ഞു. തന്റെ പ്രസംഗപാടവം കൊണ്ട് അനേകരെ ആകർഷിക്കുവാൻ കഴിഞ്ഞു. റെയ്മണ്ടിലെ സമ്പന്നരുടെ സഭയാണ് പ്രഥമസഭ. മാക്സ്‌വെല്ലിന്റെ ശുശ്രൂഷയിൽ അവർ സന്തുഷ്ടരാണ്. നല്ല ഒരു ഗായകസംഘം സഭയ്ക്കുണ്ട്. അതിനെ നയിക്കുന്ന മിസ് വിൻസ്‌ലോ രാജ്യത്തെ തന്നെ ഏറ്റവും മികച്ച പാട്ടുകാരിൽ ഒരാളാണ്. തന്റെ ശുശ്രൂഷയ്ക്ക് ഉയർന്ന ഒരു പ്രതിഫലവും മാക്സ്‌വെല്ലിനു ലഭിക്കുന്നുണ്ട്. എല്ലാതരത്തിലും സുഖകരമായ ഒരിടം. സെമിനാരിയിൽ പഠിക്കുന്ന ഏതൊരു യുവാവും അഭിലഷിക്കുന്നതരത്തിലുള്ള ഒരു സഭയാണത്.

അങ്ങനെയിരിക്കെ ഒരു ദിവസം മാക്സ്‌വെൽ സഭയിൽ ഒരു പുതിയ വെല്ലുവിളി ഉയർന്നു: ഇന്നു മുതൽ ഒരു വർഷത്തേക്ക് എന്തു ചെയ്താലും 'യേശു ആയിരുന്നെങ്കിൽ എങ്ങനെ പെരുമാറുമായിരുന്നു?' എന്ന ചോദ്യത്തോടുള്ള പ്രതികരണത്തിൽ തീരുമാനമെടുക്കയും പ്രവർത്തിക്കയും ചെയ്യുക. അതിനോടു ചുറ്റുപാടുമുള്ളവരുടെ പ്രതികരണമോ ലാഭനഷ്ടങ്ങളോ ഒന്നും നോക്കാതെ തീരുമാനമെടുക്കുക. ഈ ആഹ്വാനം അനേകംഅംഗങ്ങൾ സ്വീകരിച്ചു. പ്രതിജ്ഞയെടുത്തു. അതൊരു തരംഗമായി മാറിയിരിക്കുന്നു. 'തരംഗം' എന്നു ഞാനതിനെ വിളിക്കുന്നതു അതു മറ്റു സഭകളിലേക്കും വ്യാപിക്കാൻ പോന്നതാണ് എന്നു കണ്ടു കൊണ്ടുതന്നെ. ക്രിസ്തീയശിഷ്യത്വത്തിന്റെ ഒരു പുതിയ നിർവ്വചനമായി മാറ്റത്തിന്റെ കാറ്റു വീശിക്കൊണ്ട്.

തന്റെ ആഹ്വാനത്തോടുള്ള പ്രതികരണം തന്നെ വിസ്മയിപ്പിച്ചതായി മാക്സ്‌വെൽ പറഞ്ഞു. പ്രമുഖരായ പലരും അത് അങ്ങനെ തന്നെ ഏറ്റെടുത്തു. പത്രലോകത്തെ പ്രമാണിയായിരുന്ന എഡ്‌വാർഡ് നോർമനും, വ്യാപാരരംഗത്തെ പ്രമുഖനായിരുന്ന മിൽട്ടൺ റൈറ്റും വ്യാവസായികനിയമം ലംഘിച്ചതിനു റെയിൽറോഡ് കടകളെ വെട്ടിലാക്കിയ അലക്സാണ്ടർ പവേഴ്സും ചേരിപ്രദേശങ്ങളുടേയും ഡെയ്‌ലി ന്യൂസിന്റെയും പരിഷ്കരണത്തിനു വേണ്ടി തന്റെ സ്വത്തിന്റെ നല്ല പങ്കും ഉഴിഞ്ഞുവച്ച പ്രമുഖ സ്വത്തുടമയായ മിസ് പേജും ചേരിപ്രദേശത്തെയും അവഗണിക്കപ്പെട്ടവരെയും ഉദ്ധരിക്കാൻ







**യേശുവിനോടു ചേർന്നു ജയകരമായി നടക്കുന്ന ശിഷ്യത്വത്തിന്റെ ഒരു പുതിയ പ്രഭാതം എന്നാണു പൊട്ടി വിടരുക? എന്നാണ് ക്രിസ്ത്യാനികൾ തങ്ങളുടെ നാഥന്റെ പാത പിന്തുടരുക?**

വേണ്ടി തന്റെ ശബ്ദമാധുര്യത്തിന്റെ സമ്പത്തു മുഴുവൻ അർപ്പിച്ച മിസ്. വിൻസ്‌ലോയും അങ്ങനെ മറ്റുപലരും അക്കൂട്ടത്തിൽപ്പെടുന്നു.

ഇതുകൂടാതെ കൂടുതൽ ആളുകളിലേക്കും ഇതു വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ പല സന്നദ്ധസംഘടനകളിൽപ്പെട്ട ഇതര സഭാംഗങ്ങളും ഈ തീരുമാനത്തിലേക്കു വന്നുകൊണ്ടിരിക്കുന്നു. ഈ സന്നദ്ധസംഘടനകളുടെ പ്രതിജ്ഞകൾ ഏറ്റെടുത്തിരിക്കുന്നവർ തന്നെ അതിൽ നിന്നുകൊണ്ട് യേശു എന്തു പറയുന്നുവോ അതു ചെയ്യും എന്നു തീരുമാനമെടുത്തിരിക്കുകയാണ്. ഇപ്രകാരമുള്ള സന്നദ്ധസംഘടനകളിൽ നിന്നും ശിഷ്യത്വത്തിലേക്കു വരുന്നവർ നിരവധിയാണ്.

ഇതു കേൾക്കുമ്പോൾ താങ്കൾ സ്വാഭാവികമായി ചോദിക്കുമായിരിക്കാം:"ഇതിന്റെ ഫലം എന്താണ്? ഇതു സഭയുടെയും സമൂഹത്തിന്റെയും ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു? എന്ന്".

ഇക്കാര്യത്തെക്കുറിച്ചു നമുക്കു ഒരു കേട്ടുകേഴ്‌വി ഉണ്ടെങ്കിലും ഇവിടെ വന്നു നേരിൽ കണ്ടെങ്കിലേ ഓരോ ജീവിതങ്ങളിലും യേശുവിന്റെ ശിഷ്യത്വം ഉണ്ടാക്കിയ മാറ്റങ്ങളും ആ ജീവിതങ്ങൾ സമൂഹത്തിലുണ്ടാക്കിയ ചലനങ്ങളും മനസ്സിലാക്കാൻ കഴിയൂ. അതൊക്കെ എഴുതണമെങ്കിൽ ഒരു നീണ്ട കഥ തന്നെ എഴുതണം. അതു ഇപ്പോൾ അസാദ്ധ്യമാണ്. എങ്കിലും എന്റെ ചില സ്നേഹിതരും മാക്സ്‌വെൽ തന്നെയും പറഞ്ഞ കാര്യങ്ങളിൽ നിന്ന് ആശയവിനിമയം നടത്താൻ ഞാൻ ശ്രമിക്കാം.

സഭയിൽ ഈ പ്രതിജ്ഞ എടുത്തതിനു രണ്ടു ഫലങ്ങൾ ഉണ്ടായി. ക്രിസ്തീയകൂട്ടായ്മയുടെ ഒരു ആത്മാവ് മുമ്പില്ലാതിരുന്ന വിധം സഭയിലേക്കു വന്നു. യഥാർത്ഥത്തിൽ അപ്പോസ്തലന്മാരുടെ സഭകളിൽ നിലനിന്നിരുന്ന കൂട്ടായ്മയുടെ ആത്മാവ് എന്തായിരുന്നെന്ന് ഇപ്പോഴാണ് ഗ്രഹി

ക്കാൻ കഴിഞ്ഞത്. തന്നെയുമല്ല സഭയിൽ രണ്ടുവിഭാഗങ്ങളുണ്ടായി. പ്രതിജ്ഞ എടുത്തവരും അതു തികച്ചും മൗഢ്യമാണെന്നു ചിന്തിക്കുന്നവരും. അതിൽ ചിലരൊക്കെ തങ്ങളുടെ അംഗത്വം തന്നെ പിൻവലിച്ചു മറ്റു സഭകളിലേക്കു പോയി. മറ്റു ചിലർ ആന്തരികസംഘർഷവും പേറി നടക്കുന്നു. എന്നു മാത്രമല്ല മാക്സ്‌വെല്ലിനെക്കൊണ്ടു രാജിവയ്പ്പിക്കാനുള്ള ഒരു ശ്രമത്തിനും ചിലർ മുതിരുന്നു എന്നു കേൾക്കുന്നു. എന്നാൽ സഭയിൽ ഇക്കൂട്ടർക്ക് എത്ര പ്രാബല്യമുണ്ടെന്ന് എനിക്കറിയില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ് ഇത്തരം പ്രതിലോമശക്തികളെ തടഞ്ഞുകൊണ്ട് പരിശുദ്ധാത്മാവ് കഴിഞ്ഞ ഒരു വർഷമായി പ്രമുഖരായ മിക്കപേരെയും പ്രതിജ്ഞയിലേക്കു കൊണ്ടുവന്നിരിക്കുന്നു.

മാക്സ്‌വെല്ലിൽ ഈ പ്രതിജ്ഞയുണ്ടാക്കിയ മാറ്റവും പ്രസ്താവ്യമാണ്. നാലുവർഷം മുമ്പ് നമ്മുടെ സംസ്ഥാനഅസ്സോസിയേഷനിൽ അദ്ദേഹം പ്രസംഗിക്കുന്നതു ഞാൻ കേട്ടിരുന്നതാണ്. അദ്ദേഹത്തിന്റെ പ്രസംഗചാതുരി എന്നെ വളരെ ആകർഷിച്ചിരുന്നു. അതൊരു പ്രബന്ധം പോലെ അടുക്കും ചിട്ടയുമുള്ളതായിരുന്നു. സമ്പന്നമായ വാക്കുകളും ശൈലികളും കൊണ്ട് ആകർഷകമായിരുന്നു. ഇന്നു കാലത്തും ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു. അതെക്കുറിച്ച് എനിക്കു പറയാൻ ഏറെ വാക്കുകളില്ല. ഇത് ആ പഴയ മനുഷ്യനല്ല. ശിഷ്യത്വത്തിന്റെ ക്രൂശും പേറി തകർന്നുടഞ്ഞുണ്ടായ ഒരു പുതിയ മനുഷ്യൻ. പഴയ കാഴ്ചപ്പാടും ശീലങ്ങളും ഒക്കെ മാറിപ്പോയിരിക്കുന്നു. മദ്യവ്യവസായത്തെക്കുറിച്ചും സഭയെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചും പ്രസംഗത്തെക്കുറിച്ചും എല്ലാമുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് അമ്പേ മാറിപ്പോയിരിക്കുന്നു. ഇന്നത്തെ ക്രിസ്തീയത സഹിഷ്ണുതയുടെ കാര്യത്തിൽ യേശുവിനെ കൂടുതൽ അക്ഷരികമായി അനുകരിക്കണമെന്നാണ് അദ്ദേഹം ചിന്തിക്കുന്നതെന്ന് എനിക്കു തോന്നുന്നു. ഞങ്ങൾ തമ്മിലുള്ള സംഭാഷണത്തിൽ പല പ്രാവശ്യം അദ്ദേഹം പത്രോസിന്റെ ഒന്നാം ലേഖനത്തിലെ ഒരു വാക്യം ഉദ്ധരിച്ചു:“അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു.” സഭകൾ യേശുവിന്റെ കഷ്ടങ്ങളിൽ സന്തോഷത്തോടെ അധികമധികം പങ്കാളിത്തമേറ്റെടുക്കണമെന്ന ചിന്തയാണു തന്നെ ഭരിക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളോടു മുഴുവനായും യോജിക്കുവാൻ എനിക്കു കഴിയുമോ എന്ന് എനിക്കറിയില്ല എങ്കിലും കാക്സ്റ്റൺ, ഞാൻ ഒരു കാര്യം വ്യക്തമാക്കട്ടെ ഈ ആശയങ്ങൾ ഈ സഭയിലും ഈ സമൂഹത്തിലും വരുത്തിയിരിക്കുന്ന വ്യതിയാനങ്ങളും സ്വാധീനങ്ങളും വിസ്മയകരമാണ്.

വ്യക്തിജീവിതങ്ങളിൽ ഈ പ്രതിജ്ഞ എങ്ങനെയുള്ള മാറ്റങ്ങൾ ഉണ്ടാക്കിയെന്ന ചോദ്യത്തിന് വ്യക്തമായ ഒരു മറുപടി തരിക പ്രയാസമാണ്. ഓരോ ജീവിതത്തിലും അതുണ്ടാക്കിയ മാറ്റവും അതിന്റെ പ്രത്യാഘാതങ്ങളും വ്യത്യസ്തമായിരുന്നു. ഒരു ഉദാഹരണമാണ് റെയിൽ റോഡ് കടകളുടെ സൂപ്രണ്ടായിരുന്ന അലക്സാണ്ടർ പവേഴ്സ്. തന്റെ സ്ഥാപനത്തിനെതിരെ തനിക്കു ലഭിച്ച തെളിവുകൾ അദ്ദേഹം ഉയർത്തിപ്പിടിച്ചപ്പോൾ അദ്ദേഹത്തിനു തന്റെ ഉദ്യോഗം നഷ്ടപ്പെട്ടു. അതോടെ അദ്ദേഹത്തിന്റെ കുടുംബജീവിതവും സമൂഹജീവിതവും എല്ലാം വ്യത്യസ്തമായി. സമൂഹത്തിൽ ആ





കുടുംബത്തിനുണ്ടായിരുന്ന പ്രാമുഖ്യം നഷ്ടപ്പെട്ടു. എനിക്കു ലഭിച്ച അറിവനുസരിച്ച് ആ കുടുംബം സമൂഹത്തിൽ നിന്നും തിരസ്കൃതമായിരിക്കുന്നു. അദ്ദേഹം ഇപ്പോൾ ഒരു ടെലഗ്രാഫ് ഓപ്പറേറ്ററുടെ ജോലി ചെയ്യുന്നു. അദ്ദേഹത്തെ ഇന്ന് സഭായോഗത്തിനു വന്നപ്പോൾ കണ്ടിരുന്നു. മാക്സ്‌വെല്ലിനെപ്പോലെ പ്രതിസന്ധികളിലൂടെ കടന്ന് തകർന്നുടഞ്ഞ ഒരു മനുഷ്യൻ. എനിക്ക് വലിയ ഉത്സാഹം തോന്നി. എല്ലാം പൊതുവെന്ന് എണ്ണിയ ഒന്നാം നൂറ്റാണ്ടിലെ സഭയിലൊരംഗമാകാൻ സർവ്വഥായോഗ്യനെന്ന് എനിക്കദ്ദേഹത്തെ കണ്ടപ്പോൾ തോന്നി.

അടുത്ത കഥാപാത്രം ഡെയ്‌ലി ന്യൂസിന്റെ എഡിറ്റർ നോർമനാണ്. യേശു ചെയ്യുമായിരുന്നു എന്നു തനിക്കു ബോദ്ധ്യപ്പെട്ടകാര്യങ്ങൾ ചെയ്തതിലൂടെ തന്റെ സമ്പത്തും സമ്പാദ്യവും മുഴുവൻ നഷ്ടമായ ഒരു വ്യക്തിയാണ് നോർമൻ. തന്റെ പത്രത്തെ യേശു ഇറക്കുന്ന ഒരു പത്രമെന്ന നിലയിൽ പൂർണ്ണമായി നവീകരിച്ചു. അതിന്റെ ഒരു പ്രതി ഞാൻ താങ്കൾക്കയച്ചിട്ടുണ്ട്. ശ്രദ്ധയോടെ വായിച്ചാലും. എന്റെ വിചാരത്തിൽ അമേരിക്കയിൽ ഇറങ്ങുന്ന പത്രങ്ങളുടെ കൂട്ടത്തിൽ എന്തുകൊണ്ടും ശ്രദ്ധേയമായ ഒരു പത്രം തന്നെയാണത്. സാധാരണ ഇത്തരം ഒരു യജ്ഞത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തി വിമർശനം ഒഴിവാക്കാനാണ് ആഗ്രഹിക്കുന്നതെങ്കിലും നോർമൻ വിമർശനത്തിനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. പൊതുവേ ഒരു പത്രത്തെക്കുറിച്ചു നമുക്കൊക്കെയുള്ള ധാരണകൾക്ക് എത്ര ഉപരിയാണ് ആ പത്രം എന്നത് എന്നെ വിസ്മയിപ്പിക്കുന്നു. നഗരത്തിലെ ക്രിസ്ത്യാനികൾ ഈ പത്രം വായിച്ചു തുടങ്ങിയിട്ടേയുള്ളു എന്നദ്ദേഹം പറയുകയുണ്ടായി. സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചുള്ള പത്രാധിപലേഖനവും മദ്യവ്യവസായം ഒരു പ്രശ്നമായി അവതരിപ്പിക്കുന്ന അടുത്ത തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ലേഖനവും വായിക്കുക. താൻ എഴുതുന്ന ഏതു ലേഖനവും ‘യേശു ആയിരുന്നെങ്കിൽ എങ്ങനെ’ എന്നു ചോദിക്കാതെ എഴുതാറില്ല എന്നാണദ്ദേഹം പറഞ്ഞത്. അന്തിമമായി ഈ പത്രം വിജയിക്കും എന്നദ്ദേഹം പ്രത്യാശിക്കുന്നു.

അടുത്തത് വ്യാപാരിയായ മിൽട്ടൺ റൈറ്റാണ്. അദ്ദേഹം തന്റെ വ്യാപാര സ്ഥാപനങ്ങളിലെ ബന്ധങ്ങളെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ജോലിക്കാർ വലിയ സ്നേഹവായ്പോടെയാണ് അദ്ദേഹത്തെ കാണുന്നത്. കഴിഞ്ഞ ശീതകാലത്ത് മാരകമായ രോഗം ബാധിച്ച് കിടപ്പിലായ അദ്ദേഹത്തെ പരിചരിച്ചതും വീടും സ്ഥാപനവും ഒക്കെ നോക്കി നടത്തിയതും ആ ജോലിക്കാർ തന്നെയാണ്. അവിടെ വലിപ്പച്ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാവരും സഹകരിച്ചു ജോലി ചെയ്യുന്നു. അതുകൊണ്ടു മറ്റു വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള ഒറ്റപ്പെടുത്തൽ അദ്ദേഹത്തിനനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എങ്കിലും ഇന്ന് കാര്യങ്ങളൊക്കെ മെച്ചപ്പെട്ടിരിക്കുന്നു.

അടുത്തത് മിസ്.വിൻസ്‌ലോയാണ്. അവൾ തന്റെ കഴിവുകൾ സാധുക്കളായവർക്കു നൽകാൻ തീരുമാനമെടുത്തിരിക്കുന്നു. ഒരു സംഗീതപരിശീലന കേന്ദ്രം തുടങ്ങാനും അവിടെ പാട്ടുകൾ പാടാനുള്ള പരിശീലനം നൽകാനും അവൾ പദ്ധതിയിട്ടിരിക്കുന്നു. അവളുടെ സ്നേഹിതയായ മിസ് പേജുമായി ചേർന്ന് ചത്വരത്തിലെ പെൺകുട്ടികളുടെ ജീവിതനിലവാരത്തെ ഗണ്യമായി ഉയർത്തിയേക്കാവുന്ന ഒരു പാഠ്യപദ്ധതിക്ക് അവൾ രൂപം നൽകിയിരിക്കുന്നു.

ഒരു ഉദാഹരണത്തിന് നിരത്തിയ ചില ദൃഷ്ടാന്തങ്ങളാണ് ഈ ജീവിതങ്ങൾ. ലിങ്കൺ കോളജിലെ പ്രസിഡന്റ്

മാർഷ് ഞാൻ ചൂണ്ടിക്കാട്ടാനാഗ്രഹിച്ചു വിട്ടുപോയ ഒരു മഹദ്വ്യക്തിയാണ്. എന്റെ കോളജിൽത്തന്നെ പഠിച്ചു എങ്കിലും ഞാൻ പുറത്തു പോയിരുന്ന വർഷമാണ് ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടത്. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ചുക്കാൻ പിടിച്ചത് അദ്ദേഹമാണ്. അടുത്ത തെരഞ്ഞെടുപ്പിലും ഏറ്റവും വലിയ സ്വാധീനശക്തി അദ്ദേഹം തന്നെ ആയിരിക്കുമെന്നറിയുന്നു. യഥാർത്ഥ ഭാരങ്ങൾ പേറുകയും യഥാർത്ഥ പ്രശ്നങ്ങൾക്കു നേരെ പോരാടുകയും ചെയ്യുന്ന മറ്റ് എല്ലാ ശിഷ്യരെയും പോലെ അദ്ദേഹവും എന്നിൽ മതിപ്പുളവാക്കി. ഈ പ്രശ്നങ്ങളും പോരാട്ടങ്ങളും ഉണ്ടാക്കുന്ന കഷ്ടങ്ങളും സഹനവും യഥാർത്ഥത്തിൽ സന്തോഷത്തെ എടുത്തുകളയുകയല്ല ചെയ്യുന്നത്;മറിച്ച് സന്തോഷത്തെ കൂടുതൽ ജീവസ്സുറ്റതാക്കിത്തീർക്കുന്നു. സന്തോഷത്തെ ത്വരിതപ്പെടുത്തുന്നു.

കത്തു നിർത്തും മുമ്പേ പ്രഥമസഭയുടെ ഇന്നത്തെ യോഗത്തെ സംബന്ധിച്ച ചില കാര്യങ്ങൾ കൂടി കുറിക്കട്ടെ. ചിലവർഷങ്ങൾക്കുശേഷമാണ് ഞാൻ മാക്സ്വെല്ലിനെ കേൾക്കുന്നതെന്നു പറഞ്ഞല്ലോ. ഏതോ ഒരു അന്യഗ്രഹത്തിൽ നിന്നും സംസാരിക്കുന്നതുപോലെ തോന്നുമെങ്കിലും കണ്ണീർ വരത്തക്കവണ്ണം ഹൃദയസ്പർശിയായിരുന്നു ആ സന്ദേശം. "അതിനു നിനക്കെന്ത്? നീ എന്നെ അനുഗമിക്ക" എന്നതായിരുന്നു കുറിവാക്യം. മറ്റാരെയും ശ്രദ്ധിക്കാതെ യേശുവിന്റെ ഉപദേശങ്ങളെ അനുസരിക്കയും യേശുവിന്റെ കാൽച്ചുവടു പിന്തുടരുകയും ചെയ്യുവാനുള്ള ആഹ്വാനമായിരുന്നു. യോഗം കഴിഞ്ഞ് മറ്റൊരു യോഗം കൂടി ഉണ്ടായിരുന്നു. അതും ഇവിടെ പതിവുള്ളതത്രേ. യേശുവിനെ അനുഗമിക്കാൻ പ്രതിജ്ഞയെടുത്തവർ തമ്മിൽ കൂട്ടായ്മയ്ക്കും ചില പ്രത്യേക പ്രശ്നങ്ങളിൽ 'യേശു ആയിരുന്നെങ്കിൽ എങ്ങനെ?' എന്ന ചോദ്യോത്തരവേളയും സാക്ഷ്യങ്ങളും ഒക്കെയുള്ള അവസരമാണത്. പരിശുദ്ധാത്മാവിന്റെ വ്യക്തമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രാർത്ഥനയും ഈ യോഗത്തിലുണ്ടാകും.

ഈ യോഗത്തിലേക്ക് മാക്സ്വെൽ എന്നേയും പ്രത്യേകമായി ക്ഷണിച്ചു. എന്റെ ജീവിതത്തിലിന്നോളം ഇത്തരം ഒരു യോഗത്തിൽ ഞാൻ പങ്കെടുത്തിട്ടില്ല. പരിശുദ്ധാത്മാവിന്റെ ഇത്രശക്തമായ സാന്നിദ്ധ്യം ഞാൻ അനുഭവിച്ചിട്ടില്ല. ഒന്നാം നൂറ്റാണ്ടിലെ കൂടിവരവുകളുടെ ഓർമ്മ നൽകുന്നതായിരുന്നു ആ യോഗം. ലാളിത്യത്തിലും ക്രിസ്താനുകരണത്തിലുമെല്ലാം ഒരു അപ്പോസ്തലികസ്പർശമുണ്ടായിരുന്നു.

ഞാനും ചോദ്യങ്ങൾ ചോദിച്ചു. പ്രത്യേകിച്ചും സ്വകാര്യസ്വത്തുക്കൾ ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച്. ഇതുവരെയും ഒരു വ്യക്തി തന്റെ വസ്തുവകകൾ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന തരത്തിൽ ആരും യേശുവിന്റെ വചനത്തെ വ്യാഖ്യാനിച്ചിട്ടില്ല. മുഴുവൻ ധനവും ഉപേക്ഷിക്കുവാനായി യേശുവിന്റെ ആത്മാവ് ആരെയും പ്രേരിപ്പിച്ചിട്ടില്ല. അസ്സീസ്സിയിലെ വിശുദ്ധഫ്രാൻസിസിനെപ്പോലെയുള്ള ഒരു അനുകരണത്തിലേക്ക് ആരെയും നടത്തിയിട്ടില്ല. ഇനി ആർക്കെങ്കിലും യേശുവിന്റെ ആത്മാവ് അത്തരത്തിൽ തന്റെ സ്വത്തിനെക്കുറിച്ച് ഒരു പ്രേരണ നൽകുകയാണെങ്കിൽ പിന്നെ മറിച്ചൊരു തീരുമാനം അക്കാര്യത്തിൽ ഉണ്ടാവുകയുമില്ല. എന്നാൽ ഒരു കാര്യം മാക്സ്വെൽ സമ്മതിച്ചു: കുടുംബജീവിതത്തെ സംബന്ധിച്ചും പണം സൂക്ഷിക്കുന്നതിനെ സംബന്ധിച്ചും ചില ആഡംബരവസ്തുക്കൾ ഉപയോഗിക്കുന്നതു സംബന്ധിച്ചും യേശു എന്തു ചെയ്യുമായിരുന്നു എന്ന കാര്യത്തിൽ





തനിയ്ക്ക് അവ്യക്തതയുണ്ട് എന്ന വസ്തുത. എന്തായിരുന്നാലും ശിഷ്യത്വം സ്വീകരിച്ച ഇവരൊക്കെ തങ്ങളുടെ നഷ്ടത്തിന്റെ കണക്കു നോക്കാതെ ത്യാഗത്തിന്റെ അങ്ങേയറ്റംവരെ യേശുവിനെ അനുസരിച്ചവരാണ്. ആനുരൂപ്യത്തിന്റെയോ ധൈര്യത്തിന്റെയോ കാര്യത്തിൽ ഒരു കുറവും സംഭവിച്ചിട്ടില്ല.

ബിസിനസ്സുകാരായ ചിലർക്ക് പ്രതിജ്ഞ എടുത്തതു മുതൽ ഭീമമായ തുകകൾ നഷ്ടപ്പെടാൻ ഇടയായി. അലക്സാണ്ടർ പവേഴ്സിനെപ്പോലെയുള്ളവർക്ക് ചെയ്തു വന്നിരുന്ന കാര്യങ്ങൾ തുടരാനാകാത്തതിനാൽ ജോലി നഷ്ടപ്പെട്ടു. ഇപ്രകാരം നഷ്ടം വന്നവരെ നഷ്ടം വരാത്തവർ സഹായിച്ചു എന്ന സന്തോഷകരമായ വസ്തുതയും പ്രസ്താവ്യമാണ്. ഇങ്ങനെ നോക്കുമ്പോൾ സകലവും പൊതുവക എന്നെണ്ണുന്നവർ തന്നെയാണീ ശിഷ്യരെന്നു ബോദ്ധ്യമാകും. എന്തായിരുന്നാലും ഇത്തരം ക്രിസ്തീയത ഈ കാലഘട്ടത്തിലും നിലനിൽക്കുന്നുണ്ടെന്നു ഞാൻ സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല. എനിക്കെല്ലാം അവിശ്വസനീയമാണ്. ഇത് അമേരിക്കയാണോ? പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാണോ?

സ്നേഹിതാ, ഈ കത്തെഴുതാനുണ്ടായ യഥാർത്ഥ കാരണത്തിലേക്കു ഞാൻ പ്രവേശിക്കട്ടെ. ഇന്നത്തെ യോഗത്തിൽ ഹെൻറി മാക്സ്വെൽ ഇപ്പോൾ റെയ്മണ്ടിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഈ തരംഗം അമേരിക്ക മുഴുവൻ വ്യാപിപ്പിക്കുന്നതിനെക്കുറിച്ചൊരു പദ്ധതി അവതരിപ്പിക്കുകയായിരുന്നു. സഭയായിട്ട് തന്നെ ഇത്തരം പ്രതിജ്ഞയെടുക്കുകയും നടപ്പാക്കുകയും ചെയ്താൽ എത്ര വലിയ മാറ്റമായിരിക്കും ഈ രാജ്യത്തുണ്ടാവുക! ഏതൊരു ശിഷ്യനും ഈ പ്രതിജ്ഞയല്ലേ എടുക്കേണ്ടത്? അതില്ലാതെ ഒരു ക്രിസ്തീയത ഉണ്ടോ? അമേരിക്കയിലെ സഭകളിൽ മുഴുവൻ ഈ തരംഗം വ്യാപകമാക്കാൻ ആവശ്യമായ പദ്ധതി ഇന്നു വ്യക്തമാക്കി മാക്സ്വെൽ. ഓരോ സഭയിലും പ്രതിജ്ഞയെടുക്കുവാൻ താത്പര്യമുള്ളവരെ കണ്ടെത്തി അവരെ ഒരു സമ്മേളനത്തിനു ക്ഷണിക്കുക. അങ്ങനെ ഈ തരംഗം രാജ്യം മുഴുവൻ വ്യാപിക്കുവാൻ ഇടയാകും. ഇപ്രകാരം പ്രതിജ്ഞ ചെയ്തവർക്കും മദ്യവ്യവസായത്തിനെതിരെ രാജ്യം മുഴുവൻ പ്രതിരോധം ഉണ്ടാക്കാൻ കഴിയും. അടുത്ത തെരഞ്ഞെടുപ്പോടെ മദ്യവ്യവസായം റെയ്മണ്ടിൽ നിന്നും ഉച്ചാടനം ചെയ്യാൻ കഴിയുമെന്ന വിശ്വാസത്തിലാണ് മാക്സ്വെൽ. ഒരു കാര്യം തീർച്ചയാണ് റെയ്മണ്ടിലെ പ്രഥമസഭയ്ക്ക് ഇത്രയും മാറ്റങ്ങൾ സമൂഹത്തിൽ വരുത്താൻ കഴിഞ്ഞാൽ രാജ്യവ്യാപകമായ കൂട്ടായ്മയിലൂടെ സഭകൾക്ക് രാജ്യത്തെ മുഴുവനായും ഉന്നതമായ മൂല്യബോധത്തിലേക്കും ക്രിസ്തീയജീവിതത്തിലേക്കും കൊണ്ടുവരാൻ കഴിയും.

പ്രിയ കാക്സ്റ്റൺ, ഇതു വളരെ നല്ല ആശയമാണ്. പക്ഷേ റെയ്മണ്ടിൽ സംഭവിച്ചതുപോലെ ഏതൊരു ശിഷ്യനും സംഭവിക്കും. എന്റെ സഭയിൽ ഇത്തരം ഒരാഹ്വാനം നടത്തിയാൽ അതിനു വേണ്ടുന്ന വില കൊടുത്ത് പ്രതിജ്ഞയെടുക്കാൻ എത്രപേരുണ്ടാകും? താങ്കളുടെ സഭയിൽ എന്തായിരിക്കും പ്രതികരണം? 'വരിക കഷ്ടം സഹിക്കുക' എന്ന ആഹ്വാനത്തിന് സഭകൾ പ്രതികരിക്കുമോ? നാം എന്തു തീരുമാനമാണ് എടുക്കേണ്ടത്? റെയ്മണ്ടിലെ സഭ പരിശുദ്ധാത്മാവിനാൽ ശക്തമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അതു ഞാൻ കണ്ടതാണ്. എന്നാൽ എനിക്ക് സ്വയമായി ഈ പ്രതിജ്ഞ എടുക്കാൻ കഴിയുമോ? ഈ ചോദ്യം ഞാൻ എന്നോടു തന്നെ ചോദിച്ചു. സത്യസന്ധമായ

ഉത്തരം കണ്ടെത്താൻ ഞാൻ തന്നെ ഭയപ്പെടുന്നു. നിരവധി വർഷങ്ങളായി ഞാൻ എന്നെത്തന്നെ ഒരു ക്രിസ്ത്യാനി എന്നു വിളിക്കുന്നുണ്ടെങ്കിലും യഥാർത്ഥശിഷ്യത്വത്തിന് ഞാൻ അമ്പേ മാറേണ്ടിയിരിക്കുന്നു. കഴിഞ്ഞ പത്തുവർഷമായി സഹിഷ്ണുത എന്തെന്ന് അറിഞ്ഞുകൂടാത്ത ഒരു ജീവിതത്തിന്നുടമയാണു ഞാൻ. ഇല്ലായ്മയിലും പ്രശ്നങ്ങളിലും ജീവിക്കുന്നവരിൽ നിന്നും എത്രയോ അകലെയാണു ഞാൻ. എന്റെ സഭ ധനികരുടേതാണ്. കഷ്ടത്തിനും നഷ്ടത്തിനും വേണ്ടിയുള്ള ആഹ്വാനത്തോടു പ്രതികരിക്കാതിരിക്കുന്നതല്ല ശിഷ്യത്വം.

പ്രിയ കാക്സ്റ്റൺ, അടുത്ത ഞായറാഴ്ച ഞാൻ എന്റെ സഭയിലേക്കു മടങ്ങിച്ചെന്ന് യേശുവിന്റെ കാൽച്ചുവടു പിന്തുടരുവാനുള്ള ആഹ്വാനം നൽകട്ടെ? അതിനു നൽകേണ്ട വില എന്തായാലും നൽകി പിന്തുടരാനുള്ള ആഹ്വാനം നൽകട്ടെ? യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നു സ്വയം ചോദിച്ച് ഉത്തരം കണ്ടെത്താതെ ഒരു കാര്യവും ചെയ്കയില്ല എന്നു പ്രതിജ്ഞയെടുക്കുവാൻ ആഹ്വാനം നൽകട്ടെ? ഞാൻ തന്നെ ഒരു മാതൃകയായി അവർക്കു മുമ്പേ പോകേണ്ടതല്ലേ? നാം യേശുവിന്റെ ശിഷ്യന്മാരല്ലേ? യേശുവിന്റെ അനുഗാമികൾ അല്ലേ? അവിടുത്തെ കാൽച്ചുവടു പിന്തുടരുക എന്നാൽ എന്താണ്? യേശുവിനെ അനുകരിക്കുക എന്നാൽ എന്താണ്? റവ. കാൽവിൻ ബ്രൂസ് തന്റെ പേന മേശപ്പുറത്തേക്കിട്ടു. അന്തഃക്ഷോഭം വളരെയായിരുന്നു. മുറിക്കുള്ളിൽ ശ്വാസംമുട്ടുന്നതുപോലെ. അദ്ദേഹം എണീറ്റു ചെന്നു ജനാല തുറന്നു. ആകാശവും നക്ഷത്രങ്ങളും പുറത്തെ ശുദ്ധവായുവും താൻ ആഗ്രഹിച്ചു.

രാത്രി നിശ്ചലമായിരുന്നു. പ്രഥമസഭയുടെ ക്ലോക്കിൽ 12.00 മണി അടിച്ചു. ഗ്രേയുടെ സന്ദേശം കേട്ട് മാനസാന്തരപ്പെട്ട ഒരു രാത്രി കാവൽക്കാരൻ നിശയുടെ നിശ്ശബ്ദതയിൽ ഇപ്രകാരം പാടി:

യേശു ഏകനായി ക്രൂശ്
വഹിക്കേണമോ
ലോകത്തിനു സ്വതന്ത്രമായ്
പോകാൻ?
ഇല്ല, ഓരോരുത്തർക്കും
ഓരോ ക്രൂശുണ്ട്
എനിക്കുമുണ്ടൊരു ക്രൂശ്.

റവ. കാൽവിൻ ബ്രൂസ് ജനാലയ്ക്കൽ നിന്നും തിരികെ വന്ന് മുട്ടുകുത്തി. 'യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?' അതായിരുന്നു പ്രാർത്ഥനയുടെ ഭാരം. ആത്മാവിന്റെ പരിശോധനയ്ക്ക് ഇതിനുമുമ്പൊരിക്കലും അദ്ദേഹം ഇപ്രകാരം സമർപ്പിച്ചിട്ടില്ലായിരുന്നു. വളരെ സമയം മുഴങ്കാലിൽത്തന്നെ നിന്നു. അതിനുശേഷം ഉറങ്ങാൻ പോയി. ഉറക്കം സുഖകരമായിരുന്നില്ല. പലതവണ ഞെട്ടിയുണർന്നു. പ്രഭാതമാകും മുമ്പെ എഴുന്നേൽക്കുകയും ജനാല തുറക്കുകയും ചെയ്തു. പ്രഭാതം പൊട്ടിവിടരുമ്പോൾ 'യേശു എന്തു ചെയ്യുമായിരുന്നു' എന്ന ചോദ്യം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലയടിച്ചു. യേശുവിനോടു ചേർന്നു ജയകരമായി നടക്കുന്ന ശിഷ്യത്വത്തിന്റെ ഒരു പുതിയ പ്രഭാതം എന്നാണു പൊട്ടി വിടരുക? എന്നാണ് ക്രിസ്ത്യാനികൾ തങ്ങളുടെ നാഥന്റെ പാത പിന്തുടരുക?

ഈ ചോദ്യങ്ങൾ ഹൃദയത്തിൽ അലയടിക്കുമ്പോൾത്തന്നെ റവ. കാൽവിൻ ബ്രൂസ് ഷിക്കാഗോയിലേക്കു മടങ്ങുവാൻ തീരുമാനമെടുത്തു. തന്റെ ക്രിസ്തീയജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധി പൊടുന്നനവെ തന്റെ മേൽ വന്നുപതിച്ചിരിക്കുന്നു. പ്രതിരോധിക്കാൻ കഴിയാത്തവണ്ണം. (തുടരും)





## ആണവശേഷി:യിസ്രായേലിനെ അമേരിക്ക ന്യായീകരിക്കുന്നു

മനാമ: യിസ്രായേലിന്റെ ആണവശേഷിയെ ന്യായീകരിക്കാൻ അമേരിക്ക രംഗത്ത്. യിസ്രായേലിന്റെ ആണവശേഷി അയൽരാജ്യങ്ങൾക്കു ഭീഷണിയല്ലെന്നു യു.എസ്. പ്രതിരോധ സെക്രട്ടറി റോബർട്ട് ഗേറ്റ്സ് പ്രസ്താവിച്ചു. അണ്വായുധങ്ങൾ ഉപയോഗിച്ച് അയൽരാഷ്ട്രങ്ങളെ നശിപ്പിക്കാനോ ഇറാനെപ്പോലെ ഭീകരതയെ പ്രോത്സാഹിപ്പിക്കാനോ യിസ്രായേൽ ശ്രമിക്കുന്നില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ഗേറ്റ്സ് യിസ്രായേലിനു വേണ്ടി വാദിച്ചത്. ആണവകാര്യത്തിൽ ഇറാനെ എതിർക്കുന്ന അമേരിക്ക യിസ്രായേലിനെ അനുകൂലിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും ഗേറ്റ്സ് പറഞ്ഞു. അയൽരാജ്യങ്ങളെ നശിപ്പിക്കാൻ ഉദ്ദേശിച്ച് ഇറാൻ ചെയ്യുന്നതുപോലെ യിസ്രായേൽ ഭീകരരെ പരിശീലിപ്പിക്കുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പശ്ചിമേഷ്യയിൽ ആണവശേഷിയുള്ള ഏകരാഷ്ട്രം യിസ്രായേലാണെന്നു കരുതപ്പെടുന്നു. പക്ഷേ അവർ ഇക്കാര്യം ഇതുവരെ പരസ്യമാക്കിയിട്ടില്ല. ആണവശേഷിക്കെതിരെ എപ്പോഴും മുന്നറിയിപ്പുനൽകാറുള്ള അമേരിക്കയാകട്ടെ, ഇതിനുവേണ്ടി യിസ്രായേലിന്റെ മേൽ ഇതുവരെ സമ്മർദ്ദം ചെലുത്തിയിട്ടുമില്ല.

## മരണസംഖ്യ: ബിൻലാദനു സന്തോഷം

ഗ്വാണ്ടനാമോബേ (ക്യൂബ): അമേരിക്കയിൽ 2001 സെപ്റ്റംബർ 11 ന് നടത്തിയ ആക്രമണത്തിൽ 1500 പേർ കൊല്ലപ്പെടുമെന്നാണു ഉസാമബിൻലാദൻ കണക്കാക്കിയിരുന്നതെന്നും അതിനുവളരെ മുകളിലാണു മരണസംഖ്യ എന്നറിഞ്ഞപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചുവെന്നും ബിൻലാദന്റെ ഡ്രൈവറായിരുന്ന യമൻകാരൻ വെളിപ്പെടുത്തിയതായി അമേരിക്കൻ സ്പെഷ്യൽ ഏജന്റ് മൊഴി നൽകി. സലിം അഹമ്മദ് ഹംദാൻ എന്ന ഈ ഡ്രൈവർ ഇപ്പോൾ ഗ്വാണ്ടനാമോബേയിൽ തടവുകാരനാണ്. സെപ്റ്റംബർ 11 നുശേഷം ബിൻലാദനെയും മകൻ ഒത്മാനെയും ഒളിസങ്കേതത്തിലേക്കുകൊണ്ടുപോകുമ്പോഴാണ് മരണസംഖ്യ പ്രതീക്ഷയിൽ കവിഞ്ഞതിൽ ലാദൻ സന്തുഷ്ടിപ്രകടിപ്പിച്ചതെന്ന് ഡ്രൈവർ വെളിപ്പെടുത്തിയതായി സ്പെഷ്യൽ ഏജന്റ് ജോർജ് ക്രൗച്ച് മൊഴി നൽകി.

## Just a minute



*And Jesus said:"The foxes have holes, and the birds of the air have nests, but the son of man has nowhere to lay His head".* (Luke.9:58)

***Pheba P. Cleetus,***
Kochi

# ആത്മപരിശോധനയ്ക്ക്

(ഇരുന്നൂറിൽപ്പരം വർഷങ്ങൾക്കുമുമ്പ് ജോൺ വെസ്ലിയുടെ ഹോളി ക്ലബ്ബിൽ (John Wesley's Holy Club) അംഗങ്ങളായിരുന്നവർ സ്വകാര്യപ്രാർത്ഥനായവേളയിൽ തങ്ങളോടു തന്നെ ദിനംതോറും ചോദിച്ചിരുന്ന 22 ചോദ്യങ്ങൾ)

1. വാസ്തവത്തിൽ ആയിരിക്കുന്നതിനേക്കാൾ ഉയർന്നതാണ് എന്റെ നിലയെന്ന് ബോധപൂർവ്വമോ അബോധപൂർവ്വമോ മറ്റുള്ളവർക്ക് ഞാൻ ഒരു ധാരണ നൽകുന്നുണ്ടോ? അഥവാ ഞാൻ ഒരു കപടനാട്യക്കാരനാണോ?
2. വാക്കുകളിലും പ്രവൃത്തികളിലും ഞാൻ സത്യസന്ധനാണോ? അതോ ഞാൻ എല്ലാം പെരുപ്പിച്ചുകാട്ടുന്നവനാണോ?
3. എന്നോട് ഒരാൾ സ്വകാര്യമായി പറഞ്ഞ കാര്യം ഞാൻ സ്വകാര്യമായി മറ്റൊരാളോട് പറയാറുണ്ടോ?
4. എന്നെ വിശ്വസിക്കാൻ കൊള്ളാമോ?
5. വസ്ത്രം, സ്നേഹിതർ, ജോലി, ശീലങ്ങൾ എന്നിവയുടെ ഒരടിമയാണോ ഞാൻ?
6. സ്വയന്യായീകരണം, സ്വയസഹതാപം, സ്വയബോധം എന്നിവ എന്നിലുണ്ടോ?
7. ബൈബിൾ ഇന്ന് എന്നിൽ ജീവിക്കുന്നുവോ?
8. ബൈബിൾ എന്നോടു ദിനംതോറും സംസാരിക്കാൻ ഞാൻ അവസരം കൊടുക്കാറുണ്ടോ?
9. പ്രാർത്ഥന ഞാൻ ആസ്വദിക്കുന്നുണ്ടോ?
10. വിശ്വാസത്തെക്കുറിച്ച് ആരോടെങ്കിലും ഞാൻ അവസാനമായി പറഞ്ഞതെന്നാണ്?
11. ഞാൻ ചെലവഴിക്കുന്ന പണത്തെക്കുറിച്ച് ഞാൻ പ്രാർത്ഥിക്കാറുണ്ടോ?
12. ഞാൻ യഥാസമയം ഉറങ്ങുകയും ഉണരുകയും ചെയ്യാറുണ്ടോ?
13. ഏതെങ്കിലും കാര്യത്തിൽ ഞാൻ ദൈവത്തെ അനുസരിക്കാതിരിക്കുന്നുണ്ടോ?
14. മനഃസാക്ഷി അസ്വസ്ഥമായിട്ടും ഞാൻ ചെയ്യുമെന്നു നിർബ്ബന്ധം പിടിക്കുന്ന വല്ല കാര്യങ്ങളും ഉണ്ടോ?
15. ജീവിതത്തിന്റെ ഏതെങ്കിലും വശത്ത് ഞാൻ പരാജയപ്പെട്ടവനായിരിക്കുന്നുവോ?
16. അസൂയ, മലിനത, വിമർശനം, ഈർഷ്യ, എളുപ്പം മുറിപ്പെടുന്ന മനോഭാവം, അവിശ്വസ്തത എന്നിവ എന്നിലുണ്ടോ?
17. ഞാൻ എങ്ങനെയാണ് എന്റെ ഒഴിവുസമയം ചെലവഴിക്കുന്നത്?
18. എന്നിൽ ഇപ്പോൾ നിഗളമുണ്ടോ?
19. ചുങ്കക്കാരനെ നിന്ദിച്ച പരീശനെപ്പോലെ 'ഞാൻ മറ്റുള്ളവരെപ്പോലെ അല്ലാത്തതിനാൽ നിന്നെ വാഴ്ത്തുന്നു' എന്നു പറയാറുണ്ടോ?
20. ഞാൻ ഭയപ്പെടുകയോ, ഇഷ്ടപ്പെടാതിരിക്കുകയോ, നിരാകരിക്കുകയോ, വിമർശിക്കുകയോ, ഉള്ളിൽ നീരസമോ അവഗണനയോ സൂക്ഷിക്കുകയോ ചെയ്യുന്ന ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഞാൻ എന്താണു ചെയ്യാൻ പോകുന്നത്?
21. ഞാൻ നിരന്തരം പരാതിപ്പെടുകയും പിറുപിറുക്കുകയും ചെയ്യാറുണ്ടോ?
22. ക്രിസ്തു എന്നെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമായിരിക്കുന്നുവോ?